
KNANAYADEEPAM

# ക്നാനായദീപം

SINCE 1989

Vol: 32 / Issue: 5 May 2021 ₹ :15/-



## ഒന്നാം ചരമവാർഷികം

19-05-2021



Advt -O

# വാഴുവേലിൽ കുഞ്ഞൂഞ്ഞ് (വി.സി. ചാക്കോ)

## ഇരവിപേരൂർ

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

# ക്നാനായ ദീപം

SINCE 1989

2021 മെയ് പുസ്തകം 32 ലക്കം 5

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

നന്മയും തിന്മയും ആധുനിക ലോകത്ത് 08
സുനിൽ ഡി. കുരുവിള

ഇടവിടാതെ പ്രാർത്ഥിക്കുവിൻ 10
ഓമന സഖറിയ പുതിയമഠം

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജയിംസ് തോടത്തിൽ

പുരയ്ക്കൽ പി. ജെ. തോമസ് കോർ എപ്പിസ്ക്കോപ്പാ-അനുസ്മരണം 17
പി. റ്റി. പുന്നൂസ് പുരയ്ക്കൽ

ഏവൻഗേലിയോൻ ദീപം 19
ഫാ. ക്രിസ്റ്റോ സി. കുര്യൻ ചക്കിട്ടപറമ്പിൽ

കർത്താവായ യേശുക്രിസ്തുവിന്റെ 2-ാം വരവ് 21
ലീലാമ്മ ഏബ്രഹാം, പാലക്കുടി

മല്പാനോടു ചോദിക്കാം 23

അഹിംസ ചൊല്ലിത്തന്നു; - കവിത 24
കെ. എം. മാനുവൽ കളപ്പുരയ്ക്കൽ

കാൽപ്പാടുകൾ – എബി 25

26 മലർവാടിക്കൂട്ടം
ബാലദീപം ക്വിസ്

39 നിത്യതയ്ക്കുവേണ്ടി ഒരുങ്ങുന്നവർ
ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

40 കുടുംബം ഒരു വ്യക്തിത്വ വികസന കളരി
റ്റി. സി. തോമസ് തോപ്പിൽ

41 മോചനം - കവിത
ബിജു ഇ. പി. ഇളംപള്ളിൽ

42 എട്ടു വയസ്സുകാരന്റെ ദൈവ സങ്കല്പം
സി. ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

43 പ്രാർത്ഥനയുടെ ശക്തി
ഡോ. ഐബി ജോസ്, കിഴക്കേടത്ത്

46 മാട്രിമോണിയൽ

49 കർത്താവിന്റെ ക്നാനായക്കാരനായ ശിഷ്യൻ...
തോമസുകുട്ടി പുറത്തയിൽ

50 നിങ്ങളെ വെട്ടിയെടുത്ത പാറ ഏതാണ്?
സണ്ണി കുറിയാക്കോസ്, ഇളംപുരയിടത്തിൽ


ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

**Visit www.knanayadeepam.in**


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
**kna.deepam@gmail.com**


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

**വൃക്ഷത്തെ ഫലം കൊണ്ടു തിരിച്ചറിയാം ആകയാൽ ആകാത്ത വേലക്കാരെ സൂക്ഷിക്കുവാൻ ഉള്ള ഉത്തര വാദിത്വം എല്ലാ വിശ്വാസികൾക്കും ഉള്ളതാണല്ലോ. ദൈവജനത്തെ ഭിന്നിപ്പിക്കുന്നവർ, കക്ഷിപിടിക്കുന്ന വർ, കേസുകൾ നടത്തുന്നവർ, ദൈവത്തെക്കാൾ കൂടുതലായി വിശുദ്ധന്മാർക്കും മാതാവിനും സ്ഥാനം നൽകുന്നവർ, തേജോമയനായ യേശുവിനെ മനുഷ്യരുടെ രൂപത്തിൽ സൃഷ്ടിച്ച് ആരാധിക്കുന്നവർ, വ്യഭിചാരികൾ, അത്യാഗ്രഹികൾ, വീടുകളിൽ കയറി സ്ത്രീകളുമായി ചങ്ങാത്തം ഉണ്ടാകുന്നവർ ഇങ്ങനെ യുള്ളവരെ അകറ്റി നിർത്തണം.**



# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

ദൈവം തന്റെ ശുശ്രൂഷയ്ക്കായി കാലാകാലങ്ങളിൽ അനേകരെ വിളിച്ചു വേർതിരിക്കുന്നതിനെക്കുറിച്ച് വിശുദ്ധ ബൈബിളിൽ കാണുവാൻ കഴിയുന്നുണ്ട്. പഴയനിയമ കാലത്തും ദൈവം വ്യക്തികളെ ശുശ്രൂഷകന്മാരായി വിളിച്ച വിധങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു. നീ ഗർഭ പാത്രത്തിൽ നിന്നും പുറത്തു വരുന്നതിനു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു ജാതികൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു. (യിര.1:5). യഹോവ അരുളി ചെയ്തതാണ്.

പുതിയ നിയമത്തിൽ വി. പൗലോസ് പറയുകയാണ്. (ഗലാ.1:15-16). "എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം, തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന് അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ."

ദൈവത്താൽ വിളിക്കപ്പെട്ടവരെ ദൈവം തന്റെ ശുശ്രൂഷയ്ക്കായി അയക്കുന്നവനും നിയമിക്കുന്നവനുമാണ്. ഞാൻ നിന്നെ അയക്കുന്ന ഏവരുടെയും അടുക്കൽ നീ പോകയും ഞാൻ നിന്നോടു കല്പിക്കുന്നതൊക്കെയും സംസാരിക്കുകയും വേണം" (യിര.1:7) എന്ന് യഹോവ യിരമ്യാവിനോട് അരുളി ചെയ്തു.


എങ്കിലും എഴുന്നേറ്റു നിവർന്നു നില്ക്ക, നീ എന്നെ കണ്ടതിനും ഇനി ഞാൻ നിനക്കു പ്രത്യക്ഷൻ ആവാനിരിക്കുന്നതിനും നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി– നിയമിപ്പാൻ ഞാൻ നിനക്കു പ്രത്യക്ഷനായി ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു എന്ന് കല്പിച്ചു. (അപ്പോ. പ്ര.26:16-18) നമ്മുടെ കർത്താവ് അരുളിചെയ്തു.

ഉദാഹരണമായി രണ്ടു സാക്ഷികളുടെ കാര്യങ്ങൾ ചൂണ്ടി കാണിച്ചു എന്നു മാത്രം. ദൈവത്തിന്റെ വേല ചെയ്യുവാൻ പരിശുദ്ധാത്മ നിറവും പരിശുദ്ധാത്മാവിന്റെ ശക്തിയുമാണ് ആവശ്യമായിരിക്കുന്നത്. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യേരുശലേമിലും യെഹൂദയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു. (അ.പ്ര.1:8) എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി. പത്രോസ് പ്രസംഗിച്ചപ്പോൾ 3000 ത്തോളം പേർ മാനസാന്തരപ്പെട്ടു പരിശുദ്ധാത്മാവ് നിറഞ്ഞവരായി, ആദിമ സഭയിലെ പോലെ ദൈവത്തിന്റെ സഭ; ശുശൂഷകന്മാർ, മൂപ്പന്മാർ, കൂട്ടു മൂപ്പന്മാർ, സുവിശേഷ വേലക്കാർ ഈ അനുഭവത്തിലേക്കു തിരിച്ചുവരേണ്ടതാണ് ഇന്നത്തെ ആവശ്യം.

പരിശുദ്ധാത്മാ നിറവിലും ശക്തിയിലും ആത്മ ഭാരത്തോടെ വചനം പ്രസംഗിക്കുന്നവർ വായ് തുറക്കുമ്പോൾ വചനം നൽകപ്പെടുന്നു. ദൈവം ഞങ്ങൾക്ക് വചനത്തിന്റെ വാതിൽ തുറന്നു തരികയും സംസാരിക്കേണ്ടവണ്ണം അതിനെ വെളിപ്പെടുത്തുകയും ചെയ്യുന്നു. (എഫേ. 6:19-20, കൊലോ 4:3) അവർ ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ മോഹിച്ചില്ല (അപ്പോ.20:23). ഒരിക്കലും ദ്രവ്യാഗ്രഹത്തിന്റെ ഉപായമോ പ്രയോഗിച്ചിട്ടില്ല. ഞങ്ങൾ മനുഷ്യരെയല്ല ഞങ്ങളുടെ ഹൃദയം ശോധന ചെയ്യുന്ന ദൈവത്തെ അത്രേ പ്രസാദിപ്പിച്ചുകൊണ്ട് സംസാരിക്കുന്നത്. (2 കോരി. 12:14, 1 തെസ്സ. 2:1-4). ക്രിസ്തുവിന്റെ വേലക്കാരുടെ ചില സ്വഭാവങ്ങളാണ് ഇവയെല്ലാം. വൃക്ഷത്തെ ഫലം കൊണ്ടു തിരിച്ചറിയാം ആകയാൽ ആകാത്ത വേലക്കാരെ സൂക്ഷിക്കുവാൻ ഉള്ള ഉത്തരവാദിത്വം എല്ലാ വിശ്വാസികൾക്കും ഉള്ളതാണല്ലോ. ദൈവജനത്തെ ഭിന്നിപ്പിക്കുന്നവർ, കക്ഷിപിടിക്കുന്നവർ, കേസുകൾ നടത്തുന്നവർ, ദൈവത്തെക്കാൾ കൂടുതലായി വിശുദ്ധന്മാർക്കും മാതാവിനും സ്ഥാനം നൽകുന്നവർ, തേജോമയനായ യേശുവിനെ മനുഷ്യരുടെ രൂപത്തിൽ സൃഷ്ടിച്ച് ആരാധിക്കുന്നവർ, വ്യഭിചാരികൾ, അത്യാഗ്രഹികൾ, വീടുകളിൽ കയറി സ്ത്രീകളുമായി ചങ്ങാത്തം ഉണ്ടാകുന്നവർ 2.തീമോ. 3:1-7 വരെ ഉള്ളവർ. ഇങ്ങനെയുള്ളവരെ അകറ്റി നിർത്തണം. ഇന്നത്തെ ആവശ്യം കർത്താവിനാൽ നിയമിക്കുന്ന ശുശ്രൂഷകന്മാരെയാണ്, സ്വർഗീയ ദർശനം പ്രാപിച്ചവരെയാണ്.

യഹോവയായ ദൈവം ഇറങ്ങി വസിക്കേണ്ടതിനായി ഒരു ആലയം പണിയുവാൻ യഹോവ കൽപ്പിച്ചു. യഹോവ കാണിച്ച മാതൃക പ്രകാരം ആലയത്തിന്റെ പണി തീർത്തു. ദൈവിക തേജസ്സ് ആലയത്തെ നിറച്ചു. ജനം ഭയത്തോടും വിറയലോടും കൂടെ യാഗങ്ങൾ കഴിച്ചു ദൈവത്തെ ആരാധിച്ചു വന്നു. എന്നാൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്ന് അപ്പത്തെയും വീഞ്ഞിനെയും ദൈവത്തിന്റെ ശരീരവും രക്തവുമാക്കേണ്ടതിന് ഇറങ്ങി പൊരുന്ന ആവസിക്കുന്നത് കാണേണ്ട ജനം കാണുവാൻ തക്കവണ്ണം വിശുദ്ധരുടെയും മാതാവിന്റെയും സാങ്കല്പിക ചിത്രങ്ങൾ വിശുദ്ധ സ്ഥലത്തു കണ്ടിട്ടും തർജ്ജനം ചെയ്യാതെ മൗനമായി അവരുടെ കച്ചവട മനോഭാവത്തെ അംഗീകരിക്കുന്ന കൂട്ടു മൂപ്പന്മാരാണ് ഇന്നുള്ളത്. കർത്താവായ യേശുക്രിസ്തു കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി, കച്ചവട മനോഭാവമുള്ളവരെ ഒരു ഭയവും കൂടാതെ പുറത്താക്കി എന്ന് നാം വായിക്കുന്നു. (യോഹ. 2:13-16).

*(ശേഷം പേജ് 10-ൽ)*



വരി. സഭ പരിശുദ്ധാത്മാവിനുവേണ്ടിയുള്ള കാത്തിരിപ്പിന്റെ ദിനങ്ങളിലൂടെ കടന്നു പോകുന്നു. അനേകം പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ലോകത്തിനും സഭയ്ക്കും കുടുംബങ്ങൾക്കുമെല്ലാം വളരെ നിർണ്ണായകമായ ദിനങ്ങളാണ് കാത്തിരിപ്പിന്റെ ദിവസ ങ്ങൾ. ഈ ദിവസങ്ങളിൽ ആത്മാവിന്റെ നിറവ് ലഭിക്കാൻ കൂടുതൽ ജ്വലിക്കപ്പെട്ട ക്രൈസ്തവ ആത്മീയ ജീവിതം നയിക്കാൻ പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് അനിവാര്യമാണ്. ആരാണ് പരിശുദ്ധാത്മാവ്? ആത്മാവിന്റെ പ്രവർത്തനം നമ്മിൽ നട ക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്? ഈ കാര്യങ്ങളെക്കുറിച്ച് നാം അറിവുള്ളവ രായിരിക്കണം.

പിതാവിനെയും പുത്രനെയും പോലെ തന്നെ ദൈവമാണ് പരിശുദ്ധാത്മാവ്. പിതാവും, പുത്രനും പരിശുദ്ധാത്മാവും ചേർന്ന ഏക ദൈവത്തിലാണ് അപ്പോ സ്തോലിക സഭാ വിശ്വാസികളായ നമ്മൾ വിശ്വസിക്കുന്നത്.

പഴയ നിയമത്തിൽ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട അനേകം വ്യക്തി കളെ കാണാൻ നമുക്ക് സാധിക്കും. ദാവീദ് ആത്മാവിനാൽ പ്രശോഭിത നായിരുന്നുവെന്ന് യേശു പറഞ്ഞു (മത്താ. 22:43). ദാനിയേൽ പരിശുദ്ധാ ത്മാവ് നിറഞ്ഞവനായിരുന്നു. മോശയുടെ ആഗ്രഹം എല്ലാവരും ആത്മാ വിനാൽ നിറയണമെന്നായിരുന്നു (സംഖ്യ 11:29-30). ഇങ്ങനെ പ. ആത്മാവി നാൽ നയിക്കപ്പെട്ട വ്യക്തികളെക്കുറിച്ച് തിരുവചനത്തിലൂടെ നമ്മൾ കണ്ടു.

പുതിയ നിയമത്തിൽ യേശുതമ്പുരാൻ തന്നെ പ. ആത്മാവിന്റെ പ്രാധാന്യം നിരവധി തവണ വ്യക്തമാക്കുന്നു. "മക്കൾക്ക് നല്ല ദാനങ്ങൾ കൊടുക്കാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്ര അധികമായി, പരിശുദ്ധാത്മാവിനെ നല്കും" (ലൂക്കോസ് 11:13). യേശു തന്റെ ശിഷ്യന്മാർക്ക് പ. ആത്മാവിനെ വാഗ്ദാനം ചെയ്തു. "ഞാൻ പിതാവിനോട് ചോദിക്കുകയും നിത്യവും നിങ്ങളോടു കൂടിയായിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്കു തരുകയും ചെയ്യും" (യോഹ.14:16).

യേശു ശിഷ്യന്മാരെ ഓർമ്മപ്പെടുത്തി ഉന്നതത്തിൽ നിന്നുള്ള ശക്തി ലഭിക്കുംവരെ ജറുശലേം വിട്ട് പോകരുത്, പ.ആത്മാവ് വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും (ലൂക്കോ.24:49, അപ്പൊ.1:8).

പഴയ നിയമത്തിൽ പ്രവാചകന്മാരിലൂടെയും പുതിയ നിയമത്തിൽ യേശു തമ്പുരാൻ തന്നെയും പ. ആത്മാവ് ആകുന്ന ദൈവത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി വ്യക്തമാക്കുന്നു. ഈ കാലഘട്ടത്തിൽ നമുക്കേറെ ആവശ്യം പരിശുദ്ധാത്മനിറവുള്ള ഒരു ക്രിസ്തീയ ജീവിതമാണ്. പരിശുദ്ധാത്മാവിനെ ആഗ്രഹിക്കുന്ന ഏവർക്കും അതിനെ നല്കുവാൻ സ്വർഗ്ഗം ആഗ്രഹിക്കുന്നു. വി. പത്രോസ്ശ്ലീഹാ ഇപ്രകാരം പറഞ്ഞു. പരിശുദ്ധാത്മാവ് എല്ലാവർക്കും അവകാശപ്പെട്ടതാണ്. "ഈ വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ സന്താനങ്ങൾക്കും നമ്മുടെ ദൈവമായ കർത്താവ് തന്റെ അടുക്കലേക്ക് വിളിക്കുന്ന എല്ലാവർക്കുമുള്ളതാണ്" (അപ്പ. 2:39).

ഇന്ധനമില്ലാതെ വാഹനങ്ങൾ ഓടില്ലായെന്ന് നമുക്കറിയാം. തന്മൂലം യാത്ര ആരംഭിക്കുന്ന തിനു മുമ്പ് ആവശ്യത്തിന് ഇന്ധനമുണ്ടോ എന്ന് നാം ഉറപ്പു വരുത്തും. കുറവുണ്ടെങ്കിൽ ആവശ്യ ത്തിന് ഇന്ധനം നാം നിറയ്ക്കും. ഇതുപോലെ നമ്മുടെ ആത്മീയ യാത്രയിലും മുന്നോട്ടു പോകു മ്പോൾ ആത്മീയ ഇന്ധനമാകുന്ന പ.ആത്മാവിന്റെ സാന്നിദ്ധ്യം നമുക്കാവശ്യമാണ്. ആത്മീയ ശക്തി യില്ലെങ്കിൽ എത്ര മഹത്തരങ്ങളായ ജീവിതങ്ങളും ചലനമറ്റതാകും. ഇതുകൊണ്ടാണ് ആത്മീയ ഊർജ്ജം നഷ്ടപ്പെട്ട് നിരാശയിലും ഭയത്തിലും മന്ദതയിലും അകപ്പെട്ടുപോയ തന്റെ ശിഷ്യരോട് യേശുതമ്പുരാൻ ഇപ്രകാരം പറഞ്ഞത് "ഉന്നതത്തിൽ നിന്നുമുള്ള ശക്തി ധരിക്കുന്നതുവരെ നിങ്ങൾ നഗരത്തിൽ തന്നെ വസിക്കുവീൻ" (ലൂക്കോ. 24:49).

ഈ സ്വർഗ്ഗീയ ഊർജ്ജം ലഭിച്ചു കഴിഞ്ഞതിനെ തുടർന്നാണ് അപ്പോസ്തോലന്മാരുടേയും ആദിമ ക്രൈസ്തവരുടെയും ഭയവും, നിരാശയും, ഉൽക്കണ്ഠയും ഒക്കെ വിട്ടുമാറി അവർ ശക്ത രായി മാറിയത്. ഈ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു ജീവിതം സ്വന്തമാക്കുവാൻ നമുക്ക് സാധിക്കട്ടെ. അത് സാധ്യമാവുന്നത് നിരന്തരമായ പ്രാർത്ഥനാ ജീവിതത്തിലൂടെയാണ്. യേശുത മ്പുരാൻ ആവശ്യപ്പെട്ടതുപോലെ അപ്പോസ്തോലന്മാർ നിരന്തരം ദൈവത്തെ സ്തുതിച്ചു പുക ഴ്ത്തിയും ദൈവാലയത്തിൽ പ്രാർത്ഥനാ നിരതരായിരുന്ന് പ. ആത്മാവിനുവേണ്ടി കാത്തിരുന്നു (ലൂക്കോ.24:53). എളിമപ്പെട്ടും, അനുതപിച്ചും, ദാഹത്തോടെ പ്രാർത്ഥിച്ചും പരിശുദ്ധാത്മാവി നായി നമുക്കു കാത്തിരിക്കാം. കോവിഡ്- 19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ ലോകംമുഴുവനും കടന്നുപോകുന്ന ഈ ദുർഘട സമയത്ത് ആത്മധൈര്യവും സമാധാനവും സ്നേഹവും നമ്മിൽ നിക്ഷേപിക്കുന്ന ദൈവം തന്നെയായ പരി. ആത്മാവാകുന്ന സ്വർഗ്ഗീയ ശക്തിയെ നമുക്ക് സഹായ ത്തിനായി വിളിക്കാം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**സമുദായ മെത്രാപ്പോലീത്താ**

## സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

**ഇന്ധനമില്ലാതെ വാഹനങ്ങൾ ഓടില്ലായെന്ന് നമുക്കറിയാം. തന്മൂലം യാത്ര ആരംഭിക്കുന്നതിനു മുമ്പ് ആവശ്യത്തിന് ഇന്ധനമുണ്ടോ എന്ന് നാം ഉറപ്പു വരുത്തും. കുറവുണ്ടെങ്കിൽ ആവശ്യത്തിന് ഇന്ധനം നാം നിറയ്ക്കും. ഇതുപോലെ നമ്മുടെ ആത്മീയ യാത്രയിലും മുന്നോട്ടു പോകുമ്പോൾ ആത്മീയ ഇന്ധനമാകുന്ന പ. ആത്മാവിന്റെ സാന്നിദ്ധ്യം നമുക്കാവശ്യമാണ്.**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

കോവിഡ് മഹാമാരിയുടെ രണ്ടാം വരവ് നമ്മുടെ രാജ്യത്ത് (ഇന്ത്യയിൽ) അതിഭീകരമായ രീതിയിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഭരണാധികാരികളും ഭരണചക്രവും ഈ മഹാമാരിയുടെ മരണം വിതച്ചുള്ള സംഹാര താണ്ഡവത്തിൽ സ്തംഭിച്ചു നിൽക്കുകയാണ്. മരുഭൂമിയിൽ മോശയെക്കൊണ്ട് പിത്തള സർപ്പത്തെ ഉയർത്തി തന്റെ ജനത്തിന്റെ നയന വിചാര വികാരങ്ങൾ ദൈവത്തിലേയ്ക്ക് അടുപ്പിച്ചു രക്ഷിച്ച നമ്മുടെ ദൈവത്തിനല്ലാതെ നമ്മെ ഇതിൽ നിന്നും രക്ഷിപ്പാൻ ആവില്ല. ഈ മഹാവ്യാധിയിൽ നിന്നും രക്ഷനേടണമെങ്കിൽ ദൈവത്തിന്റെ അദൃശ്യമായ പ്രവർത്തനം നമ്മളിൽ ഓരോരുത്തരിലും ഉണ്ടാകണം. ദൈവത്തിന്റെ കരുണയ്ക്കായി നമ്മളെല്ലാവരും നമ്മെ തന്നെ ദൈവ മുമ്പാകെ സമർപ്പിച്ചു മുട്ടിപ്പായി പ്രാർത്ഥിക്കണം.

കോവിഡിന്റെ ആദ്യവ്യാപനത്തിൽ നിന്നും രാജ്യം കുറെശ്ശെ കരകയറിക്കൊണ്ടിരിക്കുകയായിരുന്നു. ദൈവാലയങ്ങളിലെ ആരാധനകളിലും മറ്റും ജനങ്ങളുടെ പങ്കാളിത്തവും സമുദായത്തിന്റെ വികസനപ്രവർത്തനങ്ങളും പടിപടിയായി കോവിഡിനുമുമ്പുള്ള അവസ്ഥയിലേയ്ക്ക് തിരിച്ചുവന്നുകൊണ്ടിരിക്കുമ്പോൾ ആണ് അപ്രതീക്ഷിതമായി രണ്ടാം വ്യാപനം ശക്തിപ്പെട്ട് ഈ അവസ്ഥയിൽ എത്തി നിൽക്കുന്നത്.

കോവിഡിന്റെ അതിരൂക്ഷമായ പ്രതിസന്ധിയും നിയന്ത്രണങ്ങളും ഉള്ളതിനാൽ പുതുതായി സമുദായം വാങ്ങിയ പത്തേക്കർ സ്ഥലത്ത് പ്രോജക്ടുകൾ തുടങ്ങുന്നതിനും സാധിച്ചിട്ടില്ലയെങ്കിൽതന്നെയും ഈ മഹാമാരി ശമിക്കുമ്പോൾ തന്നെ സമുദായം പുരോഗമന പാതയിൽ വീണ്ടും ഗമിക്കണം എന്ന് ദൈവത്തിൽ ശരണപ്പെടുന്നു.

നമ്മുടെ കൊടുങ്ങല്ലൂർ പൈതൃക സ്മാരകം ഈ മെയ് മാസം കൂദാശ ചെയ്യത്തക്ക രീതിയിൽ പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഉദ്ഘാടന ചടങ്ങുകൾ നടത്തുവാൻ ഗവൺമെന്റ് അനുവാദം ലഭിക്കുമോ എന്നുള്ള ആശങ്കയുമുണ്ട്. ഗോത്ര പൈതൃകത്തെ നെഞ്ചിൽ ഏറ്റി മലങ്കരയിൽ കുടിയേറിയ ക്നാനായക്കാർക്ക് നമ്മുടെ ഗോത്ര ആചാരങ്ങൾപോലെ തന്നെ ക്നാനായ സമുദായത്തിന്റെ ചരിത്രമുറങ്ങുന്ന കൊടുങ്ങല്ലൂരും ക്നായി തോമാ സ്മാരകവും ഓരോ ക്നാനായക്കാരന്റെയും ഹൃദയ സ്പന്ദനം ആണ്.

ഈ ചരിത്ര സ്മാരകത്തിൽ വി.ക്നായിതോമായേയും ഉറഹാ മോർ യൗസേഫിനെയും അനുസ്മരിച്ചുകൊണ്ടു ദിവ്യബലി അർപ്പിക്കത്തക്ക രീതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. അതുപോലെ അവിടെ എത്തുന്ന തീർത്ഥാടകരായ നമ്മുടെ സമുദായ അംഗങ്ങൾക്ക് ആവശ്യമായ വിശ്രമസ്ഥലവും ശുചിമുറികളും ഒക്കെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

കൂടാതെ നമ്മുടെ ക്നാനായ സമുദായത്തിന്റെ ഒരു ലഘുചരിത്രം ലോകാവസാനം വരെ നിലനിൽക്കത്തക്ക രീതിയിൽ പല പല ഗ്രാനൈറ്റ് സ്റ്റോണുകളിലായി കൊത്തിയെടുത്തു വരുംതലമുറകൾക്ക് കൈമാറുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ്. ആയതിനുവേണ്ടി മാസങ്ങളായി പല തുറകളിലുള്ള ചരിത്രകാരന്മാരും, ചരിത്ര പുസ്തകങ്ങളും, ചരിത്ര അന്വേഷികളുമായി സമുദായ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പല മീറ്റിംഗുകളും ഞങ്ങൾ നടത്തി. ആയതിന്റെ അവസാനഘട്ടത്തിൽ എത്തിയിട്ടുണ്ട്.

പഴയ നിയമത്തിലെ ആദ്യ പാത്രിയർക്കീസ് ആയ അബ്രഹാമിന്റെ വംശാവലിയിലെ യാക്കോബിന്റെ മക്കളായ 12 ഗോത്ര പിതാക്കന്മാരിൽ ലേവി ഗോത്രത്തിന്റെ പിന്തുടർച്ചക്കാർ ആയ ഏലിയാസാറിന്റെ മകൻ ഫിനഹാസിന്റെ തീക്ഷ്ണതയിൽ പ്രസന്നനായ ദൈവം നിത്യ പൗരോഹിത്യം അവന്റെ സന്തതി പരമ്പരയ്ക്ക് നൽകിയതുമുതൽ ആ ലേവി ഗോത്രത്തിലെ യേശു ക്രിസ്തുവിന്റെ ശിഷ്യനായ തീക്ഷ്ണവാൻ എന്നു വിളിക്കുന്ന ശെമയോൻ ക്നാനോയോയുടെ പിൻതുടർച്ചക്കാരനായ ക്നാനായക്കാർ തുടങ്ങി B.C. 322 ൽ മഹാനായ അലക്സാണ്ടർ യരുശലേം കീഴടക്കിയതും B.C.164 ൽ മക്കാബിയർ ജറുശലേം തിരിച്ചുപിടിച്ചതും B.C. 47 ൽ മക്കാബിയരേ നീക്കി റോമൻ അധിനിവേശ പ്രവിശ്യയായി ഹേരോദാവ് യഹൂദരുടെ രാജാവായി ഗലീലിയിൽ യഹൂദാ ക്നാനായക്കാരെ വേട്ടയാടിയതും B.C. 11 മുതൽ യഹൂദർ മ്ശിഹായുടെ വരവിനുവേണ്ടി പ്രാർത്ഥിച്ചതും, മ്ശിഹായുടെ വരവിനുശേഷം യഹൂദാ ക്നാനായക്കാരനായ ശെമയോനെ (തീക്ഷ്ണവാൻ) യേശു ശിഷ്യൻ ആക്കിയതും പിന്നീട് കർത്താവായ യേശുവിനെ റോമാക്കാർ ക്രൂശിച്ചതും, A.D 66 ൽ യഹൂദ നസ്രാണികളുടെ ആദ്യത്തെ മഹാപുരോഹിതനായ യേശുവിന്റെ സഹോദരൻ യാക്കോബിനെ യഹൂദന്മാർ വധിച്ചതും ഇതിന്റെ ദൈവകോപമായി യേശു പറഞ്ഞതുപോലെ കല്ലിന്മേൽ കല്ല്



ശേഷിക്കാതെ A.D 70 ൽ റോമൻ പട്ടാളം യെറുശലേം ദേവാലയം തീയിട്ടു നശിപ്പിച്ചതും A.D. 132-135 ൽ യഹൂദന്മാർ യഹൂദ നസ്രാണികൾക്ക് മുടക്ക് കല്പിച്ചു യെരുശലേമിന്റെ കിഴക്കുള്ള എഡേസാപ്രദേശങ്ങളിലേക്ക് യഹൂദ നസ്രാണികൾ പലായനം ചെയ്തു. എഡേസായിൽ യഹൂദ നസ്രാണികൾ അവരുടെ സ്വന്തമായി ദൈവാലയങ്ങൾ സ്ഥാപിച്ചു. A.D. 325 ന് ശേഷം ക്രിസ്തുമതം സ്വീകരിച്ച റോമാക്കാരുടെയും പേർഷ്യയിൽ ഉണ്ടായിരുന്ന യഹൂദന്മാരുടെയും നസ്രാണി വ്യക്തിത്വത്തെ ചൊല്ലിയുള്ള തർക്കത്തെ തുടർന്ന് ക്നാനായ നസ്രാണികൾ എഡേസായിൽ നിന്നും പേർഷ്യയിലേക്കും അവിടെ നിന്നും മലങ്കരയിലേക്കും പ്രേഷിത കുടിയേറ്റം നടത്തിയതും മലങ്കരയിൽ വി. തോമാശ്ലീഹായാൽ നസ്രാണികൾ ആയവരെ പുനരുദ്ധരിക്കുന്നതിനുവേണ്ടി A.D. 345 ൽ വണിക് ശ്രേഷ്ഠനായ ക്നായിതോമായുടെ നേതൃത്വത്തിൽ ബാഗി, ബെൽക്കൂത്ത്, ഹഡായ്, കുജാലിഗ്, കോജാ, മുഗ് മുത്ത്, തെഗ് മത്ത് എന്നി 7 ഇല്ലം 72 കുടുംബങ്ങളിൽ നിന്നായി 400 ൽ പരം യഹൂദാ നസ്രാണികളും ഉറഹായിലെ യൗസേപ്പ് മെത്രാൻ, പുരോഹിതർ, ശെമ്മാശൻമാർ ഉൾപ്പെടെ അന്ത്യോഖ്യൻ പാത്രിയർക്കീസ് മോർ ഒസ്താത്തിയോസിന്റെ അനുഗ്രഹത്താൽ കിഴക്കിന്റെ കാതോലിക്കോസ് ആയ ശിമയോനിൽ നിന്നും കല്പനയും വേദപുസ്തകവും വാങ്ങി ആരാധന ക്രമങ്ങളും വംശശുദ്ധി നിലനിർത്തുന്നതിന്റെ പ്രാധാന്യവും മറ്റും പറഞ്ഞു മനസ്സിലാക്കിക്കൊടുത്ത് അനുഗ്രഹിച്ച് യാത്രയാക്കി. മലങ്കരയിൽ (കേരളം, കൊടുങ്ങല്ലൂർ) കുടിയേറിപ്പാർത്ത യഹൂദ വംശജരായ സുറിയാനി നസ്രാണികളുടെ പിൻഗാമികളാണ് ക്നാനായക്കാർ.

കൊടുങ്ങല്ലൂരിൽ ക്നായിത്തൊമ്മനേയും ജനങ്ങളെയും സ്വീകരിക്കുവാൻ ചക്രവർത്തിയായിരുന്ന ചേരമാൻ പെരുമാൾ സഹോദരൻ രാമവർമ്മയെയും മന്ത്രി വെട്ടത്തു മന്നനെയും അയച്ചു സ്വീകരിച്ചു. മുസരിസ് പട്ടണത്തിലെ തുറമുഖത്തിൽ കച്ചവടം ചെയ്യുവാനുള്ള അധികാരവും കൊടുങ്ങല്ലൂരിൽ താമസിക്കുന്നതിനുള്ള അനുമതിയും നൽകി. ക്നായിത്തോമാ ശ്രീലങ്കയിൽ നിന്നു 17 പരീശരെ കൊണ്ടു വന്നു പട്ടണത്തിൽ താമസിപ്പിച്ചതും A.D. 345 മാർച്ച് (കുംഭം 29) ശനിയാഴ്ച കൊടുത്ത ക്നായിത്തൊമ്മൻ ചെപ്പേടിൽ ചേരമാൻ പെരുമാൾ 17 പരീശരുടെ മുകളിൽ ഉള്ള അധികാരം ഉൾപ്പെടെ 72 പദവികൾ ചെപ്പേടായി കൊടുത്തു ക്നാനായ സമൂഹത്തെ ആദരിച്ചു ബഹുമാനിച്ചതും കൊടുങ്ങല്ലൂരിൽ 72 വീടുകളും ഒരു പള്ളിയും ഉൾപ്പെടെ ക്നാനായക്കാർക്ക് ആയി മാത്രം മഹാദേവർ പട്ടണത്തിൽ കൊടുത്തു. കൊടുങ്ങല്ലൂരിന്റെ തെക്കുഭാഗത്ത് താമസിച്ചിരുന്നതുകൊണ്ട് ക്നാനായക്കാരെ തെക്കുംഭാഗർ എന്നു അറിയപ്പെട്ടതും യഹൂദാ പാരമ്പര്യം അനുസരിച്ചു സ്വവംശവിവാഹം മാത്രമേ നടത്തിയിരുന്നുള്ളു എന്നതും 4-ാം നൂറ്റാണ്ടിൽ ചേരമാൻപെരുമാൾ ചേരരാജ്യം നാലായി വിഭജിച്ച് അനന്തരവർക്ക് വീതിച്ചുകൊടുത്തു. മഹാദേവർ പട്ടണം കൊച്ചീരാജാവിന്റെ അധീനതയിൽ വന്നു. 9-ാം നൂറ്റാണ്ടിൽ സാമൂതിരി മഹാദേവൻ പട്ടണത്തെ കീഴടക്കിയതോടു കൂടി ക്നാനായക്കാരുടെ കച്ചവടത്തെ ഇത് ബാധിച്ചു കൊച്ചിരാജാവ് ഉദയംപേരൂരിൽ ആസ്ഥാനം കൊടുത്തു അവിടെ പള്ളിയും സ്ഥാപിച്ചതും 16-ാം നൂറ്റാണ്ടു മദ്ധ്യേ സാമൂതിരിയുടെ ആക്രമണത്തിൽ കൊടുങ്ങല്ലൂർ കത്തിച്ചപ്പോൾ ക്നാനായക്കാർ കൊച്ചിരാജ്യത്തിന്റെ തെക്കൻ പ്രദേശങ്ങളായ കോട്ടയം, കല്ലിശ്ശേരി, കടുത്തുരുത്തി, തൊടുപുഴ ദേശങ്ങളിൽ കുടിയേറി പള്ളികൾ സ്ഥാപിച്ചു. കല്ലിശ്ശേരി, തൊടുപുഴ പള്ളികളിലെ വികാരിയായ ക്നാനായ പുരോഹിതൻ ഇട്ടിത്തൊമ്മൻ കത്തനാരുടെ നേതൃത്വത്തിൽ അന്ത്യോഖ്യായിലെ അഹത്തുള്ള ബാവായുടെ അധികാര പത്രത്തോടുകൂടി മതപരിവർത്തനത്തിന് എതിരായി 1653 ൽ 25,000 ത്തിലധികം സുറിയാനി നസ്രാണികൾ മട്ടാഞ്ചേരിയിൽ കുരിശിൽ ആലാത്ത് കെട്ടി പോർച്ചുഗീസുകാരുടെ സുറിയാനി സഭ സത്യവിശ്വാസത്തിനും പാരമ്പര്യത്തിനും എതിരായിട്ടുള്ള നടപടികൾക്കെതിരെ കൂനൻ കുരിശുസത്യം നടത്തി. ഇതേത്തുടർന്ന് ക്നാനായക്കാർ രണ്ട് വിഭാഗമായി ക്നാനായ കത്തോലിക്കാ എന്നും ക്നാനായ സുറിയാനിക്കാർ എന്നും തിരിഞ്ഞു. എങ്കിലും രണ്ടു വിഭാഗക്കാരും പരസ്പരം വിവാഹബന്ധത്തിൽ ഏർപ്പെടുകയും വംശശുദ്ധി ഒരുപോലെ നിലനിർത്തിപ്പോരുകയും ചെയ്യുന്നതും പിന്നീട് ക്നാനായ യാക്കോബായ വിഭാഗം റാന്നി, നീലംപേരൂർ, രാമമംഗലം, തുരുത്തിക്കാട്, വാകത്താനം, ചിങ്ങവനം തുടങ്ങിയ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചതും 1882 ജനുവരി 31 ന് (മകരം 8) വെളിയനാട് മാർ സ്തേഫാനോസ് പള്ളിയിൽ ആദ്യമായി മലങ്കര സിറിയൻ ക്നാനായ കമ്മിറ്റിയ്ക്ക് രൂപം കൊടുത്തു. ആദ്യത്തെ സമുദായ സെക്രട്ടറിയായി ഇടവഴിക്കൽ ശ്രീ. ഇ. എം.ഫിലിപ്പ് (നസ്രാണി സിംഹം) സ്ഥാനമേറ്റു.

1909 അബ്ദേദാലോഹോ രണ്ടാമൻ പാത്രിയർക്കീസ് ബാവാ ക്നാനായ ഭദ്രാസനം കല്പിച്ചു തന്നതും 1910 ഓഗസ്റ്റ് 31 ക്നാനായ സമുദായത്തിന്റെ ആദ്യത്തെ ബിഷപ്പായി ഗീവർഗീസ് മോർ സേവേറിയോസ് ഇടവഴിക്കൽ വാഴിക്കപ്പെട്ടു. 1911 ൽ മലങ്കര യാക്കോബായ സുറിയാനി ക്നാനായ അസ്സോസിയേഷൻ രൂപം പ്രാപിച്ചു. 1922 സമുദായ ആസ്ഥാനമായ സെമ്മിനാരിക്ക് തറക്കല്ലിട്ടു. 1926 ഏപ്രിൽ 20 ന് കൂടിയ ക്നാനായ അസ്സോസിയേഷൻ ഒറ്റത്തൈയ്ക്കൽ അച്ചനെ മെത്രാനാക്കുന്നതിനു തീരുമാനിച്ചു. മോർ ദിയസ്കൊറോസ് എന്ന പേരിൽ സഹായമെത്രാനായി വാഴിക്കപ്പെട്ടു. നാലാം നൂറ്റാണ്ടിൽ യഹൂദമതത്തിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച് ശീമയിൽ പ്രത്യേകം താമസിച്ചിരുന്ന ക്നാനായക്കാരിൽ നിന്നുമുള്ള പരിശുദ്ധനായ മോർ അപ്രേമിന്റെ നാമധേയ സ്മാരകമായ ചിങ്ങവനം സെമ്മിനാരിയെ മോർ അപ്രേം സെമ്മിനാരി എന്നു നാമകരണം ചെയ്തു. 1927 ൽ മോർ സേവേറിയോസ് കാലം ചെയ്ത ശേഷം മോർ ദിയസ്കോറോസ് ഭദ്രാസന മെത്രാപ്പോലീത്തായായി ചുമതലയേറ്റു. 1939 ൽ മോർ ദിയസ്കോറോസ് സഭാപരിവർത്തനം ചെയ്തതിനെത്തുടർന്ന് താമരപ്പള്ളി ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായും പിന്നീട് 1947 ൽ പുരക്കൽ പി. ജെ. തോമസ് കോർ എപ്പിസ്ക്കോപ്പായും അഡ്മിനിസ്ട്രേറ്റർമാരായി നിയമിക്കപ്പെട്ടതും, 1951 ൽ വയല ഏബ്രഹാം കശ്ശീശാ മോർ ക്ലീമ്മീസ് എന്ന നാമധേയത്തിൽ സമുദായ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. 1990 മാർച്ച് 6 ന് ക്നായിത്തോമായെ വിശുദ്ധനായി സഖാപ്രഥമൻ പാത്രിയർക്കീസ് ബാവ പ്രഖ്യാപിച്ചു. 2002 ൽ കിഴക്കിന്റെ വലിയമെത്രാപ്പോലീത്തായായ ഏബ്രഹാം മോർ ക്ലീമ്മീസ് കാലം ചെയ്തതിനെ തുടർന്ന് അതേ വർഷം ആഞ്ഞിലിമൂട്ടിൽ എ.പി. ജോസഫ് കോർ എപ്പിസ്ക്കോപ്പാ അഡ്മിനിസ്ട്രേറ്ററായി നിയമിക്കപ്പെട്ടു.

2004 ജനുവരി 15 ന് ഇടവഴിക്കൽ കുറിയാക്കോസ് കശ്ശീശായെ മോർ സേവേറിയോസ് എന്ന നാമധേയത്തിൽ പരി. സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ സമുദായ മെത്രാപ്പോലീത്തായായി വാഴിച്ചു. മോർ സേവേറിയോസിന്റെ മെത്രാഭിഷേക തീയതിയായ ജനുവരി 15 ക്നാനായ ദിനമായി 2004-ൽ പരിശുദ്ധ സഖാ പ്രഥമൻ പാത്രിയർക്കീസ്

*(ശേഷം പേജ് 9-ൽ)*

# നന്മയും തിന്മയും ആധുനിക ലോകത്ത്



സുനിൽ ഡി. കുരുവിള

ഈ മാസത്തെ ലേഖനം എന്തെഴുതണം എന്ന് ചിന്തിക്കുമ്പോൾ രണ്ടു സംഭവങ്ങളാണ് മനസ്സിലേക്ക് ഓടിയെത്തിയത്.

സ്വന്തം മകളെ കൊന്നു കായലിൽ എറിഞ്ഞ ഒരു പിതാവ്... അഭയം നൽകേണ്ടവൻ തന്നെ ക്രൂരനും ഘാതകനും ആയി മാറുന്നു. എത്ര നീചം.. ഭീകരം!

മറ്റൊരിടത്ത് തന്റെ ജീവൻ പോലും വകവെക്കാതെ പാഞ്ഞു വരുന്ന ട്രെയിനിന് മുമ്പിൽ നിന്ന് ഒരു കുഞ്ഞു ജീവനെ കോരിയെടുത്തു രക്ഷിച്ച ഒരു റെയിൽവെ ജീവനക്കാരൻ.

പ്രവചിക്കാൻ കഴിയാത്ത രീതിയിൽ മനുഷ്യൻ മാറുകയാണ്. കുടുംബങ്ങൾ മാറുകയാണ്.

ക്രൂരവും പൈശാചികവുമായ പ്രവർത്തികൾ അനുദിനം വർദ്ധിക്കുന്നു. ക്രൈം റിപ്പോർട്ട് ചെയ്യാൻ മാത്രം പ്രത്യേക വാർത്തകൾ ചാനലുകൾ! പരസ്പരം കരുതൽ കുറയുന്നു. നന്മയുടെ എണ്ണം കുറയുന്നു! വല്ലപ്പോഴും ഒരു ആശ്വാസത്തിന് എന്തെങ്കിലും കിട്ടിയാൽ ആയി.

"We may encounter many defeats but we must not be defeated." Maya Angelou

മതിയോ? ഒരു സമൂഹം എന്ന നിലയിൽ ഇതാണോ നമ്മൾ നേടിയ പുരോഗതി? ഇതാണോ നമ്മൾ സ്വപ്നം കണ്ട വികസനം? എന്താവും നമ്മുടെ കുഞ്ഞുങ്ങൾ inherit ചെയ്യാൻ പോകുന്ന ലോകം? ചില അടിസ്ഥാന വിശ്വാസങ്ങളും പ്രമാണങ്ങളും മൂല്യങ്ങളുമാണ് ഒരു സമൂഹത്തെ കൂട്ടി നിർത്തുന്ന പശിമ.

അത് തകർക്കപ്പെട്ടാൽ പിന്നെ ഒരു കൂട്ടത്തകർച്ചയായിരിക്കും ഫലം.

Each tragic incident makes deep scars in the societal fabric. It confuses young people. It hampers their confidence, no doubt.

പൊരുത്തപ്പെടുക എന്നുള്ളത് ഒരു കീഴടങ്ങൽ ആണ്. സന്തോഷം സമാധാനം ഒക്കെയാണ് എന്നും മനുഷ്യന്റെ അത്യന്തിക ലക്ഷ്യം. ഇന്ന് ഭയന്ന് ജീവിക്കുന്ന മനുഷ്യന്റെ എണ്ണം കൂടുന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു. മാനസിക രോഗം, drug addiction violence ഒക്കെ കൂടുന്നതുമായി പൊരുത്തപ്പെടാനല്ല പോരാടാനാണ് നേതൃഗുണം ഉയരേണ്ടത്. പഴയതിലേക്കു ഒരു പക്ഷെ പോകാൻ പറ്റില്ല. പുതിയത് മെച്ചപ്പെടുത്താൻ സാധിക്കും.

True leaders never conform, they keep on try to transform situation. In fact, efforts are more important than results.

തിന്മ കൂടി വരുന്ന ലോകത്തു അതിനെ പുനർ സംസ്കരിക്കാനുള്ള ഒരു കടമ നമുക്കില്ലേ?

ഞാൻ ഒരാൾ വിചാരിച്ചാൽ നന്മ ഉണ്ടാകുമോ?

വെറുതെ ഒഴുക്കിനെതിരെ നീന്തി കഷ്ടപെടണോ?

തിന്മയുടെ കൂടെ നിൽക്കുന്നവർക്കല്ലേ ജീവിത വിജയം?

ആധുനിക ലോകത്തു കേൾക്കുന്ന ചില സ്ഥിരം ചോദ്യങ്ങൾ ആണ്.

സത്യം എന്താണ്? ഓരോരുത്തരും അങ്ങനെ ചിന്തിച്ചു തുടങ്ങുന്നിടത്താണ് അല്ലെങ്കിൽ 'പ്രാക്ടിക്കൽ' ആകുന്നിടത്താണ് അപകടവും ആരംഭിക്കുന്നത്. അവിടെയാണ് 'ഭയം' നിന്നെ കീഴ്പെടുത്തുന്നത്. ഞാൻ നന്മ ചെയ്യാതെ വരുമ്പോൾ മറ്റുള്ളവരിൽ നിന്ന് അത് പ്രതീക്ഷിക്കാനുള്ള വിശ്വാസവും നഷ്ടപ്പെടുന്നു!

ഒരിക്കൽ ഒരു ഉയർന്ന സർക്കാരുദ്യോഗസ്ഥൻ വിമാനത്തിൽ വിദേശത്തേക്ക് യാത്ര ചെയ്യുകയാണ്. ഏകദേശം 15 മണിക്കൂറോളം യാത്രയുണ്ട്. വിമാനത്തിൽ എല്ലാവരും ഭക്ഷണം ഒക്കെ കഴിച്ച് ഉറങ്ങാൻ തുടങ്ങി. അദ്ദേഹത്തിന് ഉറങ്ങാൻ കഴിയുന്നില്ല. അസ്വസ്ഥനാണ്. എയർഹോസ്റ്റസ്സ് അദ്ദേഹത്തോട് എന്തെങ്കിലും സഹായം വേണോ എന്ന് ആരാഞ്ഞു. "സർ, ഉറക്കം വരുന്നില്ലേ". "ഉറങ്ങാൻ പറ്റുന്നില്ല"! "ഈ പൈലറ്റ് ഉറങ്ങിപ്പോയാലോ?" ഭയം-സംശയം -ആകുലത.

"Be the change you wish to see in the world." Gandhiji.

"വിശ്വസ്തതയോടെ പ്രവർത്തിക്കുന്നവർക്കേ മറ്റുള്ളവരെയും വിശ്വസിക്കാൻ കഴിയുകയുള്ളു!"

പരസ്യം പറയുംപോലെ, "വിശ്വാസം അതെല്ലേ എല്ലാം"! കൊടുക്കാതെ വാങ്ങാൻ കിട്ടില്ല എന്ന് മാത്രം. നീ അളന്നു കൊടുക്കുന്ന നാഴിയിൽ നിനക്കും അളന്നു കിട്ടുന്നു. ദൈവം ഓർമ്മിപ്പിക്കുന്നു, "നിന്റെ വിശ്വാസം നിന്നെ രക്ഷിക്കട്ടെ."

നല്ലതു ചെയ്യുന്നതിലൂടെ - കടമകൾ നിറവേറ്റുന്നതിലൂടെ - ഉത്തരവാദിത്തങ്ങൾ വിശ്വസ്തതയോടെ നിർവഹിക്കുന്നതിലൂടെ നാം ഓരോരുത്തരും സമൂഹത്തിൽ വിശ്വസ്തതയുടെ നങ്കുരം ഉറപ്പിക്കുന്നുണ്ട്!

കുഴപ്പക്കാരെ അകറ്റി നിർത്തുകതന്നെ വേണം. തിരുത്തേണ്ടത് തിരുത്തപ്പെടണം. രൂപാന്തരപെടുത്തേണ്ടത് അതിനു വിധേയമാക്കണം.

നല്ല പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക. നല്ല മനുഷ്യർ അംഗീകരിക്കപ്പെടട്ടെ. ചൂഷണത്തിന്റെയും ഭീഷണിയുടെയും അഴിമതിയുടെയും ഒക്കെ ഇടങ്ങളിൽ കൂടുതൽ വെളിച്ചവും 'തിരിച്ചറിവും' നല്കാം! അസംഘടിതരായവരെ കരുതാം.. ആരുമില്ലാത്തവന് കൈത്താങ്ങാകാം. ശബ്ദമില്ലാത്തവന് ശബ്ദം നൽകുന്നത് ശുശ്രൂഷയാണ്.

നീതി ലഭിക്കാത്തവർക്കു നീതി ലഭ്യമാക്കുന്നതാണ് ഇന്നിന്റെ ആരാധന. ചൂഷണം ചെയ്യുന്നവരുടെ ഇടയിലേക്കാണ് സുവിശേഷം കടന്നു ചെല്ലേണ്ടത്. മതിലുകെട്ടി മറയ്ക്കാൻ അല്ല മതിലു പൊളിച്ചു ചേർത്ത് പിടിക്കാൻ കഴിയണം... അതിനുള്ള പാലമാകണം ആത്മീയത!

"എനിക്കിഷ്ടമുള്ളതു ഞാൻ ചെയ്യും"

ഓർക്കുക നമ്മൾ ആരും ഈ ലോകത്തു ഒറ്റയ്ക്കല്ല (No one is an island).

Interdependence ആണ് ജീവന്റെ - പ്രവർത്തനത്തിന്റെ സത്യം!

കോവിഡ് നമ്മളെ പഠിപ്പിക്കുന്ന ഒരു സത്യം, "എന്റെ അയൽക്കാരൻ സേഫ് അല്ലെങ്കിൽ ഞാനും സേഫ് അല്ല" എന്നുള്ളതാണ്. പരസ്പര്യത്തെ അംഗീകരിച്ചും ബഹുമാനിച്ചും ജീവിക്കുന്നതാണ് ജ്ഞാനം! പ്രകൃതിയുടെ പാഠവും അത് തന്നെ. ബഷീറിന്റെ ഭൂമികളുടെ അവകാശികൾ സൂചിപ്പിക്കുന്നതും ഈ പാരസ്പര്യത്തിന്റെ തത്വമാണ്.

There is a saying in English, " Takers eat well, Givers sleep well."

നല്ല ജീവിതത്തിലൂടെ പ്രവർത്തനത്തിലൂടെ ഈ പ്രപഞ്ചത്തിനു നാം വലിയ സംഭാവനയാണ് നൽകുന്നത്. വലിയ വിശ്വാസവും പ്രതീക്ഷയുമാണ് നൽകുന്നത്! ഓരോ തിന്മയും നഷ്ടപ്പെടുത്തുന്നതും ഈ പ്രതീക്ഷയാണ് - പ്രത്യാശയാണ്!

ജ്ഞാനിയായ ഒരു ജീവിയ്ക്കു എടുക്കേണ്ടതിന്റെയും കൊടുക്കേണ്ടതിന്റെയും കൃത്യമായ തിരിച്ചറിവുണ്ടാകും. അവിടെയാണ് ആത്മാഭിമാനവും 'സമൃദ്ധിയായ' ജീവിതവും ഒക്കെ ഒരുവനിൽ അടയാളപ്പെടുത്തുന്നത്. പത്രപ്രവർത്തകനായ ജോർജ് ലോറിമർ പറഞ്ഞതുപോലെ 'മികച്ച എല്ലാ ജീവിതങ്ങളുടെയും പുറകിൽ അതിനെ മനോഹരമാക്കിയ ചില തത്വങ്ങളും മൂല്യങ്ങളിലും ഉണ്ട്.'

ഇറ്റിറ്റു വീഴുന്ന നന്മകൾക്ക് നന്ദി... ആർത്തു പെയ്യട്ടെ എന്ന് ആശംസിക്കാം!

കുഞ്ഞുങ്ങളിൽ നിന്ന് - യുവതിയിൽ നിന്ന് പുനരാരംഭിക്കാം.

മൂല്യങ്ങളുടെയും തത്വങ്ങളുടെയും നിലപാടുകളുടെയും ഒക്കെ വില മറ്റെന്തിനേക്കാളും വലുതാണെന്ന് അവർ തിരിച്ചറിഞ്ഞു വളരട്ടെ. വെറും ജീവിതമല്ല സമൃദ്ധിയായി ജീവിതം!

(ലേഖകൻ ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും പ്രമുഖ കൗൺസിലറും പരിശീലകനുമാണ്.)

---

## ***സമുദായ വാർത്ത*** *(പേജ് 7 തുടർച്ച)*

ബാവാ കല്പനയിൽ കൂടി പ്രഖ്യാപിച്ചു. 2007-ൽ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസിനു വലിയമെത്രാപ്പോലീത്താ, ആർച്ച് ബിഷപ്പ് എന്നീ രണ്ടുപദവികൾ പരി. സഖാപ്രഥമൻ പാത്രിയർക്കീസ് ബാവാ കല്പിച്ചു നൽകിയതും 2007 ഫെബ്രുവരിയിൽ സഹായ മെത്രാനായി കുറിയാക്കോസ് മോർ ഗ്രീഗോറിയോസ്, 2008 ജൂണിൽ കുറിയാക്കോസ് മോർ ഈവാനിയോസ്, അയൂബ് മോർ സിൽവാനോസ് എന്നിവർകൂടി സഹായമെത്രാന്മാരായി പരി.സഖാപ്രഥമൻ വാഴിച്ചതും, വി. ക്നായിതോമായുടേയും ഉറഹാ മോർ യൗസേപ്പിന്റെയും തിരുശേഷിപ്പുകൾ സമീപത്തുള്ള ഹോളി ഫാമിലി ദൈവാലയത്തിൽ സ്ഥാപിച്ചിട്ടുള്ളതായി കാണുന്നതും, 2018 ഏപ്രിൽ 4 -ാം തീയതി കൊടുങ്ങല്ലൂരിൽ ക്നാനായ സമുദായം സ്വന്തമായി സ്ഥലം വാങ്ങിയതും ക്നാനായ സമുദായത്തിന്റെ ഈ സുപ്രധാനമായ ചരിത്ര സംഭവങ്ങൾ ഗ്രാനൈറ്റ് ഫലകത്തിൽ കൊത്തിയെടുത്തു വരും തലമുറകൾക്ക് വേണ്ടി ചരിത്രം എഴുതി സമർപ്പിക്കുകയാണ്.

ക്നാനായ കമ്മിറ്റിയുടെ ഈ പരിശ്രമങ്ങൾക്കു വേണ്ടി എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. മഹാമാരി ഇനിയും വർദ്ധിക്കാതെ ഇരുന്നാൽ 2021 മെയ് അവസാനം കൊടുങ്ങല്ലൂർ പൈതൃക ചരിത്രസ്മാരകം വിശുദ്ധ കുർബ്ബാനയോടുകൂടി കൂദാശ ചെയ്യുവാൻ സാധിക്കുമെന്ന് ദൈവത്തിൽ ശരണപ്പെടുന്നു. കഴിവതും സമുദായ അംഗങ്ങളുടെ സാന്നിധ്യവും പ്രതീക്ഷിക്കുന്നു. ക്നാനായ സമുദായത്തിലെ വർത്തമാന കാലസംഭവങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ ഇടവകകളിലെയും വികാരിമാരുടെ സഹായത്തോടെ അതാത് ഇടവകകളിൽ അവിവാഹിതരായ 18 വയസ്സിന് മുകളിലുള്ള യുവതികളുടെയും 21 വയസ്സിനു മുകളിലുള്ള യുവാക്കളുടെയും ഒരു ലിസ്റ്റ് തയ്യാറാക്കി കേന്ദ്ര ഓഫീസിൽ എത്തിക്കുന്നതിനും അവിടെ ഇക്കാര്യത്തിന് മാത്രമായി ഒരു ഓഫീസ് തുറക്കുന്നതിനേയും കുറിച്ച് ആലോചിക്കുന്നതിനും അടുത്ത ക്നാനായ കമ്മിറ്റിയിൽ ഈ വിഷയം ചർച്ച ചെയ്തു തുടർ നടപടിക്ക് സമുദായ മെത്രാപ്പോലീത്തായെ അറിയിക്കുന്നതാണ്. കഴിഞ്ഞ മാസം ഇഹലോകവാസം വെടിഞ്ഞു കർത്തൃസന്നിധിയിലേയ്ക്ക് ചേർക്കപ്പെട്ട ക്നാനായ സമുദായ വനിതാസമാജം കേന്ദ്ര സെക്രട്ടറി റാന്നി കൈപ്പുഴ കുഞ്ഞുമോൾ സ്റ്റീഫന്റെ നിര്യാണത്തിൽ ക്നാനായ സമുദായത്തിന്റെയും ക്നാനായ കമ്മറ്റിയുടെയും അനുശോചനം രേഖപ്പെടുത്തുന്നു. അബ്രഹാമിന്റെ മടികളിൽ ദൈവം തമ്പുരാൻ തന്റെ ദാസിയുടെ ആത്മാവിനെ ആശ്വസിപ്പിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

വൈദിക യോഗ തീരുമാനപ്രകാരം വികാരി ജനറാളിന്റെയും വൈദികയോഗ സെക്രട്ടറിയുടെയും സാന്നിദ്ധ്യത്തിൽ സമുദായ മെത്രാപ്പോലീത്തായും രണ്ടു സഹായമെത്രാച്ചൻമാരും കൂടി 21-04-2021 ൽ ഒരു അനുരഞ്ജന ചർച്ച നടക്കുകയുണ്ടായി. ആ ചർച്ചയിൽ ക്നാനായ അസ്സോസിയേഷനും കോടതി അംഗീകരിച്ച 2003 ഭരണഘടനയ്ക്കും കോടതി വിധികൾക്കും അനുസൃതമായി പരി. പാത്രിയർക്കീസ് ബാവായുടെ കല്പനയിലുള്ള 15 നിർദ്ദേശങ്ങൾ നടപ്പാക്കണമെന്ന് വികാരി ജനറാൾ അഭിപ്രായപ്പെട്ടു എന്ന് അറിയുവാൻ കഴിഞ്ഞു. എന്നാൽ പരി. ബാവായുടെ 15 നിർദ്ദേശങ്ങൾ അതേപടി അംഗീകരിക്കുകയും 2013 ഭരണഘടനയ്ക്ക് അനുസൃതമായി തീരുമാനങ്ങൾ എടുക്കുകയും വേണം എന്നാണ് സഹായമെത്രാച്ചൻമാർ അഭിപ്രായപ്പെട്ടത് എന്നു മനസ്സിലാക്കുന്നു. മീറ്റിംഗിൽ യാതൊരു തീരുമാനവും എടുക്കുക ഉണ്ടായില്ല എന്ന് അറിയുന്നു.

നമ്മുടെ പൂർവ്വപിതാക്കന്മാർ നമുക്ക് കൈമാറി തന്ന പാരമ്പര്യവും പൈതൃകവും വംശശുദ്ധിയും ഭരണഘടനയും പരി. അന്ത്യോഖ്യാ സിംഹാസനത്തോട് ഉള്ള നമ്മുടെ ബന്ധവും നിലനിർത്തിക്കൊണ്ടു ഒരു സമാധാനം സമുദായത്തിൽ ഉണ്ടാകുവാൻ നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

# ഇടവിടാതെ പ്രാർത്ഥിക്കുവിൻ

**ഓമന സഖറിയ പുതിയമഠം, യു. എസ്. എ.**



ലോകം ഇന്ന് അനീതിയുടെയും അധർമ്മത്തിന്റെയും അഗാധഗർത്തത്തിൽ അധ:പതിച്ചിരിക്കുന്ന ഒരു കാലഘട്ടത്തിൽ കൂടിയാണ് കടന്നുപോകുന്നത്. മൂല്യച്യുതി ലോകത്തെ പിടിച്ചടക്കിയിരിക്കുന്നു. സമൂഹത്തിന്റെ ഏതു കോണിൽ നോക്കിയാലും നന്മ നഷ്ടപ്പെട്ട് മനുഷ്യൻ മനുഷ്യനിൽ നിന്നും ദൈവത്തിൽ നിന്നും അകന്ന് അന്ധകാരത്തിൽ അമർന്നിരിക്കുന്ന ഒരു കാലഘട്ടം. പാപാധിക്യം നിമിത്തം ദൈവശിക്ഷയെ വിളിച്ചു വരുത്തുന്ന ലോകത്തിനു ധാരാളം പ്രാർത്ഥന ആവശ്യമാണ്.

ദൈവ വിശ്വാസികളായ നാം ഓരോരുത്തരും നമുക്കുവേണ്ടി ക്രൂശിൽ മരിച്ച് ഉയർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്ന യേശുവിനെ ഓർക്കണം. ആ പാവനമായ ഓർമ്മകളും, പ്രാർത്ഥനയും ശക്തിപകർന്ന് നമ്മെ മുമ്പോട്ട് നയിക്കണം. ദുഃഖത്തിന്റെ നിമിഷങ്ങളിൽ പ്രാർത്ഥന ആശ്വാസമാണെങ്കിൽ സന്തോഷത്തിന്റെ നിമിഷങ്ങളിൽ അത് സംഗീതമാണ്.

നമ്മുടെ പ്രാർത്ഥന നമുക്കും മറ്റുള്ളവർക്കും അനുഗ്രഹങ്ങളുടെ കലവറ തുറക്കുന്ന നിമിഷങ്ങളാണ്. ലോകത്തിന്റെ ഏതു ഭാഗത്തുള്ള വ്യക്തികളുമായി പ്രാർത്ഥനയിലൂടെ നമുക്ക് ഐക്യമത്യപ്പെടാൻ സാധിക്കും. നമ്മുടെ ജീവിതത്തെ പ്രാർത്ഥനയിലൂടെ ധന്യമാക്കാൻ കഴിയണം. പ്രാർത്ഥിച്ചതൊക്കെയും സൗജന്യമായി നൽകി ദൈവം നമ്മെ അനുഗ്രഹിച്ചു. ഇത് എങ്ങനെ സംഭവിക്കും എന്ന ചോദ്യം മനസ്സിൽ ഉയരുമ്പോഴും ദൈവത്തിനു ഒന്നും അസാദ്ധ്യമല്ല എന്ന് ഹൃദയത്തിൽ വിശ്വസിക്കണം. പ്രാർത്ഥനയിലൂടെ വിശ്വാസത്തിന്റെ ആഴം വർദ്ധിക്കും. സർവ്വശക്തനായ ദൈവം മനുഷ്യന്റെ കൊച്ചു കൊച്ചു മർമ്മരങ്ങൾ പോലും ശ്രദ്ധവച്ചു കേൾക്കുന്നുണ്ട്. പരമാർത്ഥത നിറഞ്ഞ പ്രാർത്ഥനകൾ നമ്മിൽ നിന്ന് ഉയരുമ്പോൾ നാം ദൈവസന്നിധിയിൽ വിലയം പ്രാപിക്കുകയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് സദാ നമ്മിൽ വസിച്ച് നമ്മെ വഴിനടത്തുവാൻ അതു മുഖാന്തരമൊരുക്കുകയും ചെയ്യുന്നു. ലോകത്തിന്റെ മോഹങ്ങളിലേക്കോ, പാപത്തിന്റെ പെരുവഴികളിലേക്കോ ശ്രദ്ധതിരിക്കുവാൻ ഇടയാകാതെ, ദൈവസന്നിധിയിൽ ഉയരുവാനും, വളരുവാനും, ഇടവിടാതെയുള്ള പ്രാർത്ഥനകൾ നമ്മെ സഹായിക്കുന്നു. ദൈവസന്നിധിയിൽ ഇടവിടാതെ മനസ്സുപകരുന്ന അതിവിശുദ്ധമായ അവസ്ഥയാണത്. അതുകൊണ്ട് ഒരു ദൈവവിശ്വാസിക്ക് ഏതു സമയത്തും ഏതു സാഹചര്യത്തിലും ഏതവസ്ഥയിലും ഇടവിടാതെ പ്രാർത്ഥിക്കാൻ കഴിയണം. "എപ്പോഴും സന്തോഷിക്കുവിൻ ഇടവിടാതെ പ്രാർത്ഥിക്കുവിൻ, എല്ലാറ്റിനും സ്തോത്രം ചെയ്യുവിൻ ഇതല്ലോ നിങ്ങളെക്കുറിച്ചുള്ള ക്രിസ്തുയേശുവിൽ ദൈവേഷ്ടം" (1 തെസ്സലോ. 5:16–17).

---

***എഡിറ്റോറിയൽ***

*(പേജ് 4 തുടർച്ച)*

ഈ കാലങ്ങളിലായി പുതിയ നിയമ യിസ്രായേലാകുന്ന വിശുദ്ധന്മാരുടെ മദ്ധ്യത്തിലും കച്ചവട മനോഭാവം കയറിയിരിക്കുന്നു എന്നുള്ളത് ദുഃഖത്തോടെ പറയട്ടെ. സുവിശേഷ രംഗത്ത് അനേകം ബിസിനസ്സുകാർ വന്നുകൂടി അല്പംപോലും വിയർക്കാതെ കഷ്ടപ്പെടാതെ ധനം സമ്പാദിച്ചുകൊണ്ടിരിക്കുന്നു. ഒരു രാഷ്ട്രീയക്കാരന് ധനം വർദ്ധിച്ചാൽ ജനങ്ങൾ ചോദ്യം ചെയ്യുന്നു. എന്നാൽ സുവിശേഷ വേലയിൽ കച്ചവടവുമായി കടന്നുവന്നിരിക്കുന്നവരെ ഗവൺമെന്റ് ആകട്ടെ ജനങ്ങൾ ആകട്ടെ, ആരും ചോദ്യം ചെയ്യുന്നില്ല എന്നുള്ളതിനാൽ പണം ഉണ്ടാക്കാൻ ഏറ്റവും എളുപ്പ മാർഗ്ഗം സുവിശേഷ വയലാണ്. ഇങ്ങനെ ഉള്ളവർ ദൈവസഭയെ അശുദ്ധമാക്കി ദേശത്ത് സാക്ഷ്യം നഷ്ടപ്പെടുത്തി തങ്ങളുടെ വയറു വീർപ്പിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ എത്ര ശോചനീയമാണ്. കാൽവറിയിൽ മുഴുരക്തവും ചീന്തി തനിക്കുവേണ്ടി വിലക്കു വാങ്ങിയ സഭയെ ക്രൂരൻമാരായ ഈ കച്ചവടക്കാർ വിറ്റു പണം ആക്കി സ്വരൂപിക്കയാണ്. ദൈവജനത്തെ ഇറക്കിവിട്ടും സമ്പത്തുള്ള പള്ളികൾ പിടിച്ചെടുത്തും, ദൈവ കല്പനയെ നിരസിച്ചും കുപ്പായത്തിന്റെ മറവിൽ വ്യഭിചാരം നടത്തിയും നടക്കുന്ന ഈ കൂട്ടരെ ദൈവത്തിന്റെ ആത്മാവ് ക്രൂരമായി ശിക്ഷിച്ച് പുറത്താക്കുവാൻ പോകുന്നു എന്നോർക്കുമ്പോൾ ആശ്വാസം ഉണ്ട്. ദേശത്തു സൗരഭ്യം വീശേണ്ട സഭ വാണിഭശാലയാക്കിരിക്കുന്നത് ഖേദകരമാണ്. പലവിധത്തിലുള്ള മുഖംമൂടികൾ ധരിച്ച ഇവരുടെ മുഖം മൂടികൾ മാറ്റി നോക്കിയാൽ ക്രിസ്തുവുമായി യാതൊരു ബന്ധമില്ലാതെ അശുദ്ധിയിൽ ജീവിക്കുന്നവരാണെന്നും സഭയെ വിൽക്കുന്നവരാണെന്നും മനസ്സിലാകും. ഈ നീചന്മാരായ വ്യാപാരികളെ സഭാമണ്ഡലങ്ങളിൽ നിന്ന് ഇറക്കാത്തിടത്തോളം കാലം സുറിയാനി സഭയിൽ മഹത്വം മടങ്ങി വരികയില്ല. ഈ സമയത്ത് ദൈവജനം പേടിച്ച് മറഞ്ഞിരിക്കയല്ല വേണ്ടത്. എഴുന്നേറ്റ് മുഖം നോക്കാതെ ദൈവത്തിനുവേണ്ടി വചനമാകുന്ന വാൾ എടുത്തു പരിശുദ്ധാത്മ നിറവിൽ പള്ളിക്കുള്ളിൽ വെട്ടു തുടങ്ങട്ടെ. അപ്പോൾ ശുദ്ധീകരണം ആരംഭിക്കും. അതിനായി നമുക്ക് ഒരുങ്ങാം. ദൈവം അനുഗ്രഹിക്കട്ടെ,

എന്ന്


**സ്വന്തം റോയി അച്ചൻ**

# വിവാഹിതരായി



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ കൈതാരം വീട്ടിൽ രാജു കെ. ജോസിന്റെയും ലില്ലിക്കുട്ടി രാജുവിന്റെയും മകൻ **സുബിൻ കെ. രാജുവും** കുറിച്ചി മോർ ഇഗ്നാത്തിയോസ് ക്നാനായ ഇടവകയിൽ തച്ചോറ വീട്ടിൽ സൈമൺ റ്റി.കെ. യുടെയും രമണി സൈമണിന്റെയും മകൾ **നോവ സൈമണും** തമ്മിലുള്ള വിവാഹം 11-02-2021-ൽ ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ **അഭിവന്ദ്യ കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പൊലീത്താ**യുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു

Advt -O



# 35-ാം വിവാഹവാർഷികം

19-05-2021

## തമ്പി പി. തോമസ്
## &
## ജയ തമ്പി

**പുന്നുശ്ശേരിൽ**
**സെന്റ് തോമസ് കുരിശുപള്ളി ഇടക്കുളം**
**പുതുശ്ശേരിമല, റാന്നി**

**"ഇത്രത്തോളം ദൈവം നടത്തി തുടർന്നും ദൈവത്തിൽ ശരണപ്പെടുന്നു"**

ആശംസകളോടെ

| മക്കൾ | മരുമക്കൾ | കൊച്ചുമക്കൾ |
|---|---|---|
| നിമി റോണി | റോണി രാജു<br>നെടുങ്ങാട്ടേത്ത്<br>മഴുക്കീർ | മിഖേൽ റോണി |
| നീതു രജു | രജു തോമസ്<br>ജോനകപറമ്പിൽ<br>കുറിച്ചി | |

എല്ലാവരും യു.കെ.

Advt - S

## 50-ാം വിവാഹവാർഷികം

10-05-2021



**Thomas Mammen**
**&**
**Aleykutty Thomas (Valsa)**

Puthenpurackal, Thottamon, Ranni

Best Compliments
Dr. Jeny Yesudas, Dr. Judy Jays & Jacob Thomas (Jery)

Advt -S



## 40-ാം വിവാഹവാർഷികം

03-05-2021



**ലില്ലി ജോയി & ജോയി റ്റി.കെ.**

തട്ടാംകുന്നേൽ, രാമമംഗലം

"ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി"

ആശംസകളോടെ

| മക്കൾ | മരുമക്കൾ | കൊച്ചുമക്കൾ |
|---|---|---|
| ജോബിൻ | ജിംലി | ഇവാനമോൾ |
| ജിബിൻ | ലിറ്റു | ഡോവിനാമോൾ |
| ജിൻസി | ഷിജു | ഇസ്സമോൾ, ഇഷാൻ |

Advt -O



## 80-ാം ജന്മദിനം

16-05-2021



**സി.പി. ജോസഫ്**

ചെറുതറയിൽ, നാലാഞ്ചിറ, തിരുവനന്തപുരം

ആശംസകളോടെ-Family Members

Advt -O


## കൽക്കുരിശ് കൂദാശ



ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളിയിൽ പുതുതായി സ്ഥാപിച്ച കൽക്കുരിശിന്റെ കൂദാശ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിക്കുന്നു. വികാരി ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, ഫാ. ജേക്കബ് കല്ലുകുളം എന്നിവർ സമീപം

# 40th Wedding Anniversary
## 03-05-2021



## E.M. Joseph & Sally Joseph
Elanjickal House, Kuttoor

Advt - R

Prayerful Greetings from
Anu Sara & Sajith
Sunu & Maju
Boney & Grand Children



# 40th Wedding Anniversary
## 24-05-2021



Advt -S

# THOMAS T.K. & AMMINI THOMAS

**Punnavelil Thundiyil, Aythala, Ranny**

**Wishes From**
**Tina-Sony, Tiny-Tony, Tijo, Joann, Joanna, Hannah, Helga, Hanokh**

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫലപ്രദമായ പേരന്റിംഗിന് ആവശ്യമായ സവിശേഷതകൾ**

മക്കളുടെ വ്യക്തിത്വ വികസനത്തിനും വളർച്ചയ്ക്കും മാതാപിതാക്കൾ നൽകേണ്ട ഏറ്റവും നല്ല സംഭാവനകൾ:

1. സുരക്ഷിതത്വ ബോധം (Security feeling)
2. വ്യക്തിത്വ ബോധം (Strong Personality)
3. സാമൂഹികാവബോധം (Social Awarenes )
4. ഉറച്ച തീരുമാനം (Determination) എന്നിവയാണ്.

**1. സുരക്ഷിതത്വ ബോധം:** കുട്ടികൾക്ക് വീട് അഭയകേന്ദ്രമാണ്. മാതാപിതാക്കൾ അവരുടെ ആശ്രയമാണ്. കുട്ടികൾ സ്വന്തംവീട്ടിൽ സുരക്ഷിതരാകുന്നുവെന്ന ബോധ്യം അവർക്കു പ്രദാനം ചെയ്യണം. മാതാപിതാക്കളുടെ സാന്നിധ്യം അവർക്ക് സുരക്ഷിതത്വം നൽകണം. തള്ളക്കോഴിയുടെ മുന്നറിയിപ്പു കേൾക്കുമ്പോൾ ചിറകിൻ കീഴിൽ കുഞ്ഞുങ്ങൾ അഭയം തേടുന്നതുപോലെ മക്കൾ മാതാപിതാക്കളുടെ സാമീപ്യത്തിൽ അഭയം കണ്ടെത്തണം. വീടിന്റെ വെളിയിലുണ്ടാകുന്ന അപകടങ്ങളിൽ നിന്നു വീടിന്റെ സുരക്ഷിതത്വത്തിൽ ഓടിയെത്തുവാനുള്ള വെമ്പൽ കുട്ടികളിലുണ്ടാകണം. അതിനുള്ള വഴി മാതാപിതാക്കൾ സൃഷ്ടിച്ചെടുക്കണം.

പിതാവിന്റെ കൈയ്യിലിരിക്കുന്ന കുഞ്ഞിന് കുരച്ചുചാടുന്ന നായയെപ്പോലും ഭയമില്ല. ഏത് തിരക്കേറിയ നഗരത്തിലും പിതാവിന്റേയോ മാതാവിന്റേയോ കൈയ്യുടെ സുരക്ഷിതത്വത്തിൽ കുഞ്ഞു ധൈര്യവാനായിരിക്കും. ഭയത്തിലും ദുഃഖത്തിലും പരാജയത്തിലും വിഷമിക്കുന്ന കുഞ്ഞിനെ മാതാപിതാക്കൾ ചേർത്ത് പിടിക്കുന്നതും ആലിംഗനം ചെയ്യുന്നതും ധൈര്യപ്പെടുത്തുന്നതും അവനിൽ സുരക്ഷിതത്വ ബോധം വളരുവാൻ സഹായിക്കും. ആരെല്ലാം അവിശ്വസിച്ചാലും തള്ളിക്കളഞ്ഞാലും മാതാപിതാക്കൾ ഉണ്ടെന്ന വിശ്വാസം സുരക്ഷിതത്വത്തിന്റെ സംഭാവനയാണ്.

മാതാപിതാക്കൾ മക്കളുടെ നല്ല ശ്രോതാക്കളായിരിക്കണം. അവരുടെ പ്രശ്നങ്ങൾ കേൾക്കണം. അവരെ വിശ്വസിക്കുന്നുവെന്ന് അവർക്കു ബോധ്യപ്പെടണം. ദൈവവിശ്വാസത്തിൽ വളരുന്ന കുട്ടികൾ വിശ്വാസമുള്ളവരും സുരക്ഷിതത്വ ബോധമുള്ളവരുമായിരിക്കും. ആയതിനാൽ ദൈവവിശ്വാസികളായി കുഞ്ഞുങ്ങളെ വളർത്തണം.

**2. ഉറച്ച വ്യക്തിത്വ ബോധം:** താൻ ആരെന്ന ബോധ്യവും സ്വയം ബഹുമാനവും (Self- respect)) തന്നിലുള്ള കഴിവിനെക്കുറിച്ചുള്ള ആത്മവിശ്വാസവും കുട്ടികളിൽ വളർത്തിയെ



ടുക്കണം. വ്യക്തിത്വബോധത്തോടെ വളരുവാൻ കുട്ടികളെ സഹായിക്കണം. അവരുടെ പരിധികളും പരിമിതികളും അവരെ മനസ്സിലാക്കിക്കൊടുക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. പ്രലോഭനങ്ങളിലും പ്രശംസകളിലും വീണുപോകാതിരിപ്പാൻ വ്യക്തിത്വബോധം ഉള്ളവരായി കുട്ടികൾ വളരണം.

ഇപ്രകാരം എടുക്കുന്ന തീരുമാനങ്ങളിൽ ഉറച്ചു നിൽക്കുവാനുള്ള തന്റേടം കുട്ടികളിലുണ്ടാക്കുന്നത് മാതാപിതാക്കളാണ്. തന്റെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും അതിർ നിശ്ചയിക്കുവാൻ ആരെയും അനുവദിച്ചുകൂടാ. സ്വന്തപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് താൻ എടുത്തിരിക്കുന്ന ഉത്തരവാദിത്വങ്ങളെ 100% ആത്മാർത്ഥതയോടെ നിറവേറ്റുവാൻ ഉറച്ചവ്യക്തിബോധമുള്ളവർക്കു സാധിക്കും. തന്നെ നിരുത്സാഹപ്പെടുത്തുവാനും പിൻമാറ്റുവാനും ശ്രമിക്കുന്നവരുടെ മുൻപിൽ നിശ്ചയദാർഢ്യത്തോടെ അക്ഷോഭ്യനായി നിൽക്കുവാൻ ഒരുവനെ ശക്തനാക്കുന്നത് അവന്റെ വ്യക്തിത്വബോധമാണ്. ദിശാബോധത്തോടും ലക്ഷ്യബോധത്തോടും മുന്നോട്ട് ഗമിക്കുവാൻ ഇങ്ങനെയുള്ളവർക്കെ സാധിക്കൂ. ഇവർ സഹകരണ മനോഭാവവും സഹിഷ്ണുതയുള്ളവരും അപരന്റെ വ്യക്തിത്വത്തെ മാനിക്കുന്നവരുമാകും.

**3. സാമൂഹികാവബോധം:** സാമൂഹിക പ്രതിബദ്ധതയുള്ള തലമുറയെ വാർത്തെടുക്കുക എന്നത് ഉത്തരവാദിത്വമുള്ള മാതാപിതാക്കളുടെ ധർമ്മമാണ്. നന്നെ ചെറുപ്പത്തിൽ തന്നെ താൻ സമൂഹത്തിന്റെ ഭാഗമാണെന്ന ബോധ്യം ഓരോ കുട്ടിയിലും വളർത്തിയെടുക്കണം. സാമൂഹിക പ്രശ്നങ്ങളെ അവഗണിച്ച് സ്വാർത്ഥരായി ജീവിക്കുന്ന മനുഷ്യരുടെ നടുവിൽ സാമൂഹികബോധമുള്ള തലമുറയെ വാർത്തെടുക്കണം. സാമൂഹിക പ്രശ്നങ്ങളെ സ്വന്തപ്രശ്നങ്ങളായി കാണണം.

അമേരിക്കൻ പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കൺ തന്റെ അമ്മയായ നാൻസി ലിങ്കണെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ചെറുപ്പത്തിൽ തന്നെ സമൂഹത്തിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് അവർ ഏബ്രഹാം ലിങ്കണുമായി സംസാരിക്കുകയും അവയ്ക്കുള്ള പരിഹാരത്തെക്കുറിച്ച് അഭിപ്രായം പറയുകയും ചെയ്യുമായിരുന്നുവെന്നാണ്. അങ്ങനെ ചെറിയ പ്രായത്തിൽ തന്നെ ഏബ്രഹാം ലിങ്കൺ സാമൂഹിക വിഷയങ്ങളിൽ തൽപരനായിരുന്നു.


കൂട്ടായ്മബോധത്തിൽ കുട്ടികൾ വളർന്നാൽ മാത്രമേ അവരിൽ സഹകരണ മനോഭാവം ഉണ്ടാകുകയുള്ളൂ. സാമൂഹികവബോധമില്ലാത്തവർ ഒറ്റയാനായിരിക്കും. അവർ സമൂഹത്തിൽ ഒറ്റപ്പെടും. അവർക്ക് കൂട്ടുകാരെ കണ്ടെത്താൻ വിഷമമുണ്ടാകും. അവർ ദുർവാശിക്കാരും അനാവശ്യമായി മറ്റുള്ളവരോട് ശണ്ഠ കൂടുന്നവരുമാകും. കളിക്കുമ്പോൾ Sportsman spirit ഇല്ലാത്തവർ സഹകളിക്കാരുമായി വഴക്കു കൂടിയേക്കാം. ആയതിനാൽ കുട്ടികളെ സാമൂഹികാവബോധം ഉള്ളവരായി വളർത്തണം. കുടുംബ സദസ്സുകളിൽ സാമൂഹികവിഷയങ്ങൾ ചർച്ചാവിഷയമാകാം.

**4. നിശ്ചയ ദാർഢ്യം** ( Determination)

എടുക്കുന്ന തീരുമാനങ്ങളെക്കുറിച്ച് ദൃഢമായ ബോധ്യം ഉള്ളവരാകണം. ചഞ്ചലചിത്തരാകാതിരിക്കുന്നതിന്, ഉറച്ച തീരുമാനമെടുക്കുന്നതിന് നാം അവരെ സഹായിക്കണം.

**ഫലപ്രദമായ പേരന്റിംഗിന് ചില ഉദാഹരണങ്ങൾ**

അനേക ഉന്നത വ്യക്തിത്വങ്ങൾ മാതാപിതാക്കളുടെ ശരിയായ പേരന്റിംഗിന്റെ ഫലങ്ങളായി കാണുവാൻ കഴിയും. അവരിൽ ചിലരെ പരിചയപ്പെടാം.




**1. സ്വാമി വിവേകാനന്ദൻ**

നരേന്ദ്രൻ എന്ന ബാലനെ ഭാരതത്തിന്റെ ആദ്ധ്യാത്മിക നവോത്ഥാനത്തിന്റെ ശക്തനായ പ്രതിപുരുഷനാക്കി മാറ്റിയതിന്റെ പിന്നിൽ മാതാവ് ഭുവനേശ്വരി ദേവി നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്.

**2. ഇന്ദിരാഗാന്ധി**

ഇന്ദിരാ ഗാന്ധിയുടെ വളർച്ചയിൽ പിതാവ് ജവഹർലാൽ നെഹ്റുവിന്റെ പങ്ക് വളരെ വലിയതാണ്.

**3. ഏബ്രഹാം ലിങ്കൺ**

ഏബ്രഹാം ലിങ്കണിന്റെ മാതാവ് നാൻസി ലിങ്കൺ അടിമകളുടെ വിമോചനം എന്ന സ്വപ്നം ഏബ്രഹാം ലിങ്കണിന്റെ മനസ്സിൽ ചെറുപ്പത്തിലെ വരച്ചിട്ടതാണ്. അമേരിക്കയുടെ പ്രസിഡന്റായി കഴിഞ്ഞപ്പോൾ ഈ വിഷയം പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ അമ്മയുടെ പ്രചോദനം ലിങ്കണിനെ സഹായിച്ചു. (ഒരു ലക്ഷ്യത്തിലേയ്ക്ക് എപ്പോഴും പ്രവർത്തനം കേന്ദ്രീകരിച്ചാൽ ആ ലക്ഷ്യം നിന്റെ മുൻപിൽ കീഴടങ്ങും – നാൻസി ലിങ്കൺ).

**4. കിരൺ ബേദി:** ഉരുക്കു വനിത അഥവാ Iron Woman എന്നും അറിയപ്പെട്ടിരുന്നു. പിതാവ് പ്രകാശ് ലാൽ പെഷ്വാരി, മാതാവ് പ്രേമലത എന്നിവർ കിരൺ ബേദിയുടെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചിരുന്നു. ട്രാഫിക്കിൽ പ്രവർത്തിച്ചിരുന്നപ്പോൾ കിരൺബേദി എന്ന ഐ.പി.എസ്. ഓഫീസർ "No Parking Area" ൽ പാർക്ക് ചെയ്തിരുന്ന ഇന്ദിരാഗാന്ധിയുടെ കാർ Crain ഉപയോഗിച്ച് അവിടെ നിന്നും വലിച്ചുമാറ്റി. ഈ ധീരവനിത ക്രെയിൻ ബേദി എന്നു അറിയപ്പെട്ടതിന്റെ പിന്നിലെ ചരിത്രം ഇതാണ്.

**5. മഹാത്മാഗാന്ധി:** ആദ്ധ്യാത്മികതയിൽ വളരുവാൻ അമ്മയും സത്യസന്ധതയിൽ വളരുവാൻ അച്ചനും വലിയ പ്രചോദനമായിരുന്നു മഹാത്മാഗാന്ധിക്ക്.

**4. സച്ചിൻ തെണ്ടുൽക്കർ:** പിതാവ് രമേഷ് തെണ്ടുൽക്കറുടെ പ്രചോദനം സച്ചിൻ പലപ്പോഴും സ്മരിച്ചിരുന്നു.

ഉത്തമരായ മാതാപിതാക്കൾ മക്കളുടെ ഉന്നതിയെ ലക്ഷ്യമിട്ട് ജീവിക്കും. നാം അവർക്ക് ഇപ്പോൾ സന്തോഷം നൽകിയാൽ പിന്നീട് അവർ നമുക്കു സന്തോഷം നൽകും. മക്കളെ മാതാപിതാക്കളുടെ ആശയം അടിച്ചേൽപ്പിക്കയല്ല; അവരുടെ വഴികളിലെ വെളിച്ചമാകുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടതെന്ന് മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തികളുടെ ജീവിതം കണ്ട് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

(തുടരും)


# പുരയ്ക്കൽ പി.ജെ. തോമസ് കോർ എപ്പിസ്ക്കോപ്പാ - ഒരു അനുസ്മരണം

പി. റ്റി. പുന്നൂസ്, പുരയ്ക്കൽ, റാന്നി

നാല് വൈദിക ശ്രേഷ്ഠരും ഒരു ശെമ്മാശനും ഉൾപ്പെട്ട കുടുംബമാണ് പുരയ്ക്കൽ കുടുംബം. ഈ കുടുംബത്തിലെ മൂന്നാമത്തെ വൈദികനായിരുന്ന ബഹു.പി.ജെ ജോസഫ് കോർ എപ്പിസ്ക്കോപ്പായുടെയും പാറാനിക്കൽ മറിയാമ്മയുടെയും ഏക മകനായി 1901 ആഗസ്റ്റ് മാസം 21 ന് അദ്ദേഹം ജനിച്ചു. പ്രശസ്തനായ മേപ്രത്ത് ആശാന്റെ (ഇട്ടിയവിര) കീഴിൽ പ്രാഥമിക വിദ്യാഭ്യാസം ആരംഭിക്കുകയും റാന്നി ഈട്ടിച്ചുവട് എം. റ്റി എൽ.പി.സ്കൂൾ, പഴവങ്ങാടിക്കര ഗവ. യു.പി.സ്കൂൾ, കോഴഞ്ചേരി സെന്റ് തോമസ് സ്കൂൾ എന്നിവിടങ്ങളിൽ പഠിച്ച് മിഡിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി.

മിഡിൽ സ്കൂൾ വിദ്യാർത്ഥി ആയിരിക്കുമ്പോൾ 1916 ഫെബ്രുവരി 13 ന് ക്നാനായ ഇടവകയുടെ അഭി.നി.വ.ദി.ശ്രീ. മാർ സേവേറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. പ്രസ്തുതവർഷം കല്ലിശ്ശേരി പടിഞ്ഞാറെപുരയ്ക്കൽ എം.എൽ.സി. ശ്രീ. കൊച്ചുപാപ്പിയുടെയും വെളിയനാട് വാഴയിൽ മറിയാമ്മയുടെയും മകൾ അന്നാമ്മയെ വിവാഹം കഴിച്ചു.

ഹൈസ്ക്കൂൾ വിദ്യാഭ്യാസം കോട്ടയം എം.ഡി. സെമിനാരിയിലായിരുന്നു. ഇംഗ്ലീഷും ചരിത്രവും ആയിരുന്നു ഇഷ്ടവിഷയങ്ങൾ. അവിടെനിന്നും ഇ.എസ്.എസ്.എൽ.സി. പാസ്സായി. അദ്ദേഹത്തിൽ പ്രകടമായിരുന്ന സാഹിത്യവാസനയും കായികവിനോദ തല്പരതയും സ്വഭാവമഹിമയും കോഴഞ്ചേരിയിലെയും കോട്ടയത്തെയും പ്രധാനാദ്ധ്യാപകരുടെ പ്രോത്സാഹന ഫലമായി വളരെയധികം വികസിക്കയുണ്ടായി. എം.ഡി. ബോർഡിംഗിൽ താമസിച്ചിരുന്ന സമയത്ത് മോഴച്ചേരി ശെമ്മാശൻ, കേളച്ചന്ദ്ര ശെമ്മാശൻ, കോലത്തു ശെമ്മാശൻ എന്നിവരും പള്ളത്ര ശ്രീ.പി.പി. ചെറിയാനും ചേർന്ന് ക്നാനായ സിനഡ് എന്ന ഒരു സംഘടന രൂപീകരിക്കുകയും അതിന്റെ സെക്രട്ടറിയായി പുരയ്ക്കൽ ശെമ്മാശനെ തെരഞ്ഞെടുക്കുകയും ചെയ്തു. ഇവരുടെ ശ്രമഫലമായി അഭി. സേവേറിയോസ് തിരുമേനിയുടെ അനുമതിയോടെ കല്ലിശ്ശേരിയിൽ വച്ച് ഒരു യോഗം കൂടുകയും, മുടങ്ങിക്കിടന്ന ക്നാനായ യുവജന സമാജം പുനരുദ്ധരിക്കുകയും ചെയ്തു.



സർവ്വകലാശാല വിദ്യാഭ്യാസത്തിന്റെ തുടക്കം സി.എം.എസ്.കോളേജിലായിരുന്നു. തുടർന്ന് ആലുവ യു. സി കോളേജിൽ നിന്നും ബി.എ. ബിരുദം കരസ്ഥമാക്കി. പലരുടെയും ആഗ്രഹ പ്രകാരം റാന്നി വലിയപള്ളിയിൽ ഇംഗ്ലീഷിൽ വി. കുർബ്ബാന അനുഷ്ഠിച്ചു. യാക്കോബായസഭയുടെ വി. കുർബ്ബാന തക്സ ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയത് ആ കാലയളവിൽ കേരളം സന്ദർശിച്ച ഡോ. മെഡോ (അമേരിക്ക)യ്ക്കു നൽകി. പിന്നീട് മദ്രാസ് ക്രിസ്ത്യൻ കോളേജിൽ പഠിച്ച് അവിടെ നിന്നും എം.എ. ബിരുദം നേടി. അങ്ങനെ റാന്നിയിലെ ആദ്യത്തെ എം. എ. ബിരുദധാരിയായി. തിരുവനന്തപുരം ട്രെയിനിംഗ് സ്കൂളിൽ പഠിച്ച് അവിടെനിന്നും എൽ. റ്റി. പാസ്സായി. പഠിത്തത്തിൽ മാത്രമല്ല കായിക വിനോദങ്ങളിലും മികച്ച പ്രകടനം കാഴ്ചവച്ചു. തിരുവനന്തപുരത്തു പഠിക്കുമ്പോൾ ബാഡ്മിന്റനിലെ മികവിന് പുരസ്കാരമായി അന്നത്തെ മഹാരാജാവ് ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ ഒരു ബാറ്റും അദ്ദേഹത്തിന്റെ ഒരു ഫോട്ടോയും സമ്മാനമായി കൊടുത്തു.

കറ്റോട്ടുവച്ച് യുവജന സമാജത്തിന്റെ വാർഷികയോഗം നടന്നുകൊണ്ടിരുന്നപ്പോൾ ആണ് എം. എ. യുടെ പരീക്ഷാഫലം അറിഞ്ഞത്. ഉടൻ ശ്രീ ഇടവഴിക്കൽ ഈ.പി മാത്യു അനുമോദനപ്രമേയം അവതരിപ്പിക്കുകയും മാലിത്ര കോർ എപ്പിസ്ക്കോപ്പ അച്ചൻ, പുത്തൻപറമ്പിൽ കുഞ്ഞ് എന്നിവർ അനുമോദന പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. ആ വർഷം യുവജന സമാജത്തിൽ സമുദായസേവനം എന്ന വിഷയം ആസ്പദമാക്കി ചെയ്ത പ്രസംഗം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അന്ന് ക്നാനായ യുവജനസമാജം പ്രസിഡന്റായി ഐക്യകണ്ഠേന തെരഞ്ഞെടുക്കപ്പെടുകയും 12 വർഷത്തോളം തുടരുകയും ചെയ്തു. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. വി. എ. ഏബ്രഹാമും ആയി സമുദായത്തിലെ മിക്ക പള്ളികളിലും പ്രധാന വീടുകളിലും പോയി ഒരു വർഷംകൊണ്ട് സമാജത്തിന് ഒരു ശാശ്വതനിധി പിരിച്ചെടുത്തു. ഇടശ്ശേരിൽ ഐ. എം. ഏബ്രഹാം നടത്തിക്കൊണ്ടിരുന്ന സഭാമിത്രത്തെയും ഇടവഴിക്കൽ അച്ചൻ പ്രസിദ്ധീകരിച്ച മലയാള വിനോദിനി

നെയും പ്രോത്സാഹിപ്പിച്ച് പല ലേഖനങ്ങളും എഴുതിയിട്ടുണ്ട്.

യുവജന സമാജത്തോടനുബന്ധിച്ച് പടിഞ്ഞാറ്റോതറയിൽ വച്ച് വനിതാസമാജവും റാന്നിയിൽ വച്ച് വിദ്യാർത്ഥി സമ്മേളനവും, ബാഡ്മിന്റൻ, ഫുട്ബോൾ തുടങ്ങിയ മത്സരക്കളികളും സംഗീതമത്സരങ്ങളും മറ്റും നടത്തിയത് ബഹു. അച്ചന്റെ ഉത്സാഹത്താലായിരുന്നു. ഞായറാഴ്ച ദിവസങ്ങളിൽ പള്ളികളിൽ പ്രസംഗിക്കുകയും കോട്ടയം, കുമരകം, ചെങ്ങളം, ചിങ്ങവനം പ്രദേശങ്ങളിൽ ഭവനസന്ദർശനം നടത്തുകയും ചെയ്തിട്ടുണ്ട്.

അഭി. ചൂളപറമ്പിൽ തിരുമേനിയുടെ മഠങ്ങളിലും കടുത്തുരുത്തി, പുന്നത്തറ, കുറവിലങ്ങാട്, കൈപ്പുഴ, കിടങ്ങൂർ, പേരൂർ മുതലായ സ്ഥലങ്ങളിലും പോയി പ്രസംഗിച്ചിട്ടുണ്ട്. ഇൻഡ്യാ വൈസ്രോയി ആയിരുന്ന ഇർവിൻപ്രഭു കോട്ടയം വലിയപള്ളി സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ സമുദായ കാര്യങ്ങൾ ഗ്രഹിപ്പിച്ചിട്ടുണ്ട്.

1948 മുതൽ അഭി. ക്ലീമ്മീസ് മെത്രാപ്പോലീത്ത സ്ഥാനം ഏല്ക്കുന്നതുവരെയും തിരുമേനിയുടെ വിദേശ പര്യടനവേളകളിലും ക്നാനായ അഡ്മിനിസ്ട്രേറ്ററായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1958 ൽ അഭി. മാർ ക്ലീമ്മീസ് മെത്രാപ്പേലീത്തയാൽ കോർ എപ്പിസ്ക്കോപ്പാ ആയി ഉയർത്തപ്പെട്ടു.

എം. എ. ബിരുദം നേടിയതിന്റെ പിറ്റേ മാസത്തിൽ കോട്ടയം തിരുഹൃദയകുന്ന് ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. ആ വർഷങ്ങളിൽ ഇംഗ്ലീഷ് രണ്ടാം പേപ്പറിനും, ഇൻഡ്യാ ചരിത്രത്തിനും സ്കൂൾ ഫൈനൽ പരീക്ഷയിൽ ആ സ്കൂളിൽ നിന്ന് മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ ശതമാനം വിദ്യാർത്ഥികളെ വിജയിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടുവർഷം അവിടെ ജോലി ചെയ്തതിനു ശേഷം ഉന്നതമായ പല പദവിയിലുമുള്ള ഉദ്യോഗങ്ങളുടെ വാഗ്ദാനം നിരസിച്ച് തന്റെ വന്ദ്യപിതാവിന്റെ ആവശ്യപ്രകാരം എം.എസ്. ഹൈസ്കൂൾ ഉദ്ഘാടനം ചെയ്തപ്പോൾ തന്റെ സ്വന്തനിലയിൽ പണികഴിപ്പിച്ച സ്വർണ്ണത്താക്കോൽ ഉപയോഗിച്ചാണ് ആ കർമ്മം നിർവ്വഹിച്ചത്. തന്റെ എല്ലാ വിദ്യാർത്ഥികളോടും പ്രത്യേക സ്നേഹവും കരുതലും ഉണ്ടായിരുന്നു. എല്ലാ വർഷാവസാനത്തിലും എസ്.എസ്.എൽ.സി. യ്ക്കു പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും ക്ഷണിച്ച് തന്റെ ഭവനത്തിൽ വിഭവസമൃദ്ധമായ ഒരു ചായസൽക്കാരം നടത്തുന്ന പതിവ് ഉണ്ടായിരുന്നു. അഭി. ക്ലീമ്മീസ് തിരുമേനി ഉൾപ്പെടെ പല പ്രശസ്ത വ്യക്തികളും അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു. 1962 മാർച്ച് 1 ന് വിരമിച്ചു.

റാന്നിയുടെ നാനമുഖമായ വളർച്ചയ്ക്ക് നിസ്തുലമായ സേവനം അദ്ദേഹം നൽകിയിട്ടുണ്ട്. നാടിന്റെ പുരോഗതിയെപ്പറ്റി ആലോചിക്കാൻ 1930-ൽ നാടിന്റെ എല്ലാഭാഗങ്ങളിലുമുള്ള നാനാജാതി മതസ്ഥരായ ആയിരക്കണക്കിന് ആളുകൾ ഒരുമിച്ചുകൂടിയ ഒരുയോഗത്തിൽ വച്ച് ദേശാധിവർദ്ധിനി എന്നൊരു സംഘടന രൂപീകരിക്കപ്പെട്ടു. അതിന്റെ പ്രസിഡന്റായി ബഹു. അച്ചനെ തെരഞ്ഞെടുത്തു. വിവിധ റോഡുകൾ, ഗവ. ആശുപത്രി, രജിസ്റ്റർ കച്ചേരി, പോലീസ് സ്റ്റേഷൻ, ചന്തകൾ, മുൻസിഫ് കോടതി തുടങ്ങി അനേകം പ്രാദേശിക ആവശ്യങ്ങൾ പലതിനും വേണ്ടി നിവേദനങ്ങൾ നൽകി. അന്നു രാജകീയ ഭരണമായിരുന്നു. രാജാവിന്റെ ദിവാൻ സുബ്രഹ്മണ്യൻ, ഓസ്റ്റിൻ, ഹബീബുള്ള, ഹൈക്കോടതി ജഡ്ജിമാർ, വകുപ്പദ്ധ്യക്ഷന്മാർ തുടങ്ങി ഔദ്യോഗികവൃന്ദങ്ങളുമായി നേരിട്ട് ഇടപെട്ടിട്ടുണ്ട്. സർക്കാർ ആശുപത്രിയും രജിസ്ട്രാർ കച്ചേരിയും പോലീസ് സ്റ്റേഷനും സ്ഥിരമായി സ്ഥാപിതമായത് ബഹു. അച്ചൻ ആ സംഘടനയുടെ പ്രസിഡന്റ് ആയിരിക്കുമ്പോഴാണ് 1938 വരെ റാന്നിയിൽ പോസ്റ്റോഫീസ് ഉണ്ടായിരുന്നില്ല. അച്ചന്റെ സ്വന്തപരിശ്രമം കൊണ്ടാണ് പോസ്റ്റോഫീസ് അനുവദിച്ചത്. എം. എസ്. ഹൈസ്ക്കൂളിലായിരുന്നു ആദ്യം പോസ്റ്റോഫീസ് പ്രവർത്തനം ആരംഭിച്ചത്. ആദ്യത്തെ പോസ്റ്റ്മാൻ ആയി എം.എസ് സ്കൂളിലെ ഒരു അദ്ധ്യാപകനെ നിയമിക്കുകയും ചെയ്തു.

ക്നാനായ അഡ്മിനിസ്ട്രേറ്റർ, ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റ്, വികാരി ജനറൽ, വിമൻസ് അസ്സോസിയേഷൻ പ്രസിഡന്റ്, ഓതറ നസ്രേത്ത് ആശ്രമം പ്രസിഡന്റ്, റാന്നി എം.എസ്. ആൻഡ് ട്രെയിനിംഗ് സ്കൂൾ മാനേജർ, റാന്നി സെന്റ് തോമസ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പൽ, മേനാതോട്ടം ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1971 മെയ് മാസം 27 ന് ദിവംഗതനായി. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ റാന്നി നിവാസികൾക്കുള്ള അനുശോചനം രേഖപ്പെടുത്താൻ 27-06-1971 ൽ അങ്ങാടി പഞ്ചായത്തു മൈതാനിയിൽ നി.വ.ദി.ശ്രീ.ഡോ.യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിലും റവന്യൂ വകുപ്പ് മന്ത്രി ശ്രീ.ബേബി ജോണിന്റെ സാന്നിദ്ധ്യത്തിലും കൂടിയ പൗരമഹായോഗത്തിലെ തീരുമാനപ്രകാരം പണിതിരിക്കുന്ന ഹാളാണ് റാന്നി പി.ജെ. റ്റി. ഹാൾ. ഒന്നാംകിട പബ്ലിക് ലൈബ്രറിയും ടൗൺ ഹാളും ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ●


## ക്നാനായദീപം വരിസംഖ്യ

| | |
|---|---|
| ഒരുവർഷം | Rs. 150/- |
| പത്തുവർഷം | Rs. 1500/ |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | Rs. 3000/ |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | Rs. 350/ |
| പേര് മാത്രം | Rs. 200/ |
| മാട്രിമോണിയൽ | Rs. 600/ |
| **ബ്ലായ്ക്ക് & വൈറ്റ്** | |
| ചരമം (ചെറിയ കോളം) | Rs. 850/ |
| കാൽപേജ് | Rs. 1700/ |
| അരപേജ് | Rs. 3500/ |
| ഫുൾപേജ് | Rs. 5000/ |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | Rs. 4000/ |
| അരപേജ് | Rs. 6500/ |
| ഫുൾപേജ് | Rs. 10000/ |
| കവർ ഇൻസൈഡ് | Rs. 12500/ |
| ബായ്ക്ക് കവർ | Rs. 15000/ |

**മാനേജിംഗ് എഡിറ്റർ**




**ഫാ. ക്രിസ്റ്റോ സി.കുര്യൻ, ചക്കിട്ടപറമ്പിൽ**

## പുതു ഞായറിനുശേഷം അഞ്ചാം ഞായർ
## വി. യോഹ. 6:35 – 46 (16-05-2021)

"ഞാൻ ആകുന്നു ജീവന്റെ അപ്പം. എന്റെ അടുക്കൽ വരുന്നവനു വിശക്കുകയില്ല"

ഈ ഏവൻഗേലിയോൻ ക്രിസ്തു ആരാകുന്നു എന്ന് നമ്മോട് വെളിപ്പെടുത്തുകയാണ്. മരണം എന്നത് മനുഷ്യനെ ഭയപ്പെടുത്തുന്ന ഒന്നാണ്. ആയതുകൊണ്ടു തന്നെ മരിക്കാതെ അമരത്വം പ്രാപിക്കുവാൻ ഉള്ള മനുഷ്യന്റെ ആഗ്രഹം മനുഷ്യന്റെ ഉല്പത്തിയോളം തന്നെ പഴക്കം ഉണ്ട് എന്നു വേണം നാം ചിന്തിക്കാൻ. പാപം ചെയ്ത ദൈവ തേജസ്സ് നഷ്ടപ്പെടുത്തി കളഞ്ഞ മനുഷ്യന് ആത്മീയമായ മരണവും ശാരീരിക മരണവും അവനെ പിടിച്ചുലച്ചു. ഈ രണ്ടു മരണങ്ങളിൽ നിന്നും രക്ഷയാർജ്ജിക്കുവാൻ മനുഷ്യൻ തന്നെക്കൊണ്ടു കഴിയുന്ന വിധത്തിൽ വ്യത്യസ്തമായ ആചാരാനുഷ്ഠാനങ്ങളും ജീവിത ചര്യകളും അനുഷ്ഠിച്ചു. ഇതിലൊന്നും മനുഷ്യന് യാതൊരുവിധ പ്രയോജനവും സിദ്ധിക്കാതെ വന്നപ്പോൾ, പിതാവായ ദൈവം തന്റെ സൃഷ്ടിയെ വീണ്ടെടുക്കാൻ വേണ്ടി തന്റെ സ്വന്തപുത്രനെ ഈ ലോകത്തിലേയ്ക്ക് അയച്ചു. ആ പുത്രൻ നമ്മുടെ പാവങ്ങളെ ഏറ്റ് എടുത്ത് ക്രൂശിൽ യാഗമായിത്തീർന്നു. തന്റെ ക്രൂശുമരണം, മൂന്നാം ദിവസം ഉള്ള ഉയർപ്പ് എന്നിവയിലൂടെ മനുഷ്യകുലത്തിന് നിത്യമായ രക്ഷയും, വീണ്ടെടുപ്പും, പ്രത്യാശയും പ്രധാനം ചെയ്തു. ഇവിടെയാണ് ക്രിസ്തുവിന്റെ വാക്കുകളുടെ പൂർത്തീകരണം, ഞാൻ ജീവന്റെ അപ്പം ആകുന്നു എന്ന് തന്റെ പരസ്യ ശുശ്രൂഷയിൽ പറഞ്ഞ കർത്താവ്, തന്റെ അവസാന പെസഹാ അനുഷ്ഠിക്കുമ്പോൾ താൻ അപ്പവീഞ്ഞുകൾ പങ്കുവെയ്ക്കുന്നതിലൂടെ ലോകത്തിനു നിത്യജീവന്റെ വഴി ആഹാരമായ അപ്പമായും പാപങ്ങളുടെ മോചനത്തിനുള്ള ശുദ്ധീകരണ രക്തമായും തീർന്നു. ഈ വിശുദ്ധ ശരീരരക്തങ്ങളുടെ അനുഭവത്തിലൂടെ നാം നിത്യജീവന് അവകാശിയായിത്തീരും.

അതോടൊപ്പം ക്രിസ്തുവിലൂടെ മാത്രമേ ഒരുവന് പിതാവിന്റെ അടുക്കൽ എത്തുവാൻ സാധിക്കുകയുള്ളൂ. പിതാവിന്റെ ആഗ്രഹം ക്രിസ്തുവിലൂടെ ഉള്ള സമസ്ത ലോകത്തിന്റെയും രക്ഷയാണ്. പിതാവായ ദൈവം തന്റെ സ്വന്ത പുത്രനിലൂടെ സാധ്യമാക്കിയ രക്ഷാമാർഗ്ഗത്തിലൂടെ ചോദ്യം ചെയ്യപ്പെടാതെ രക്ഷയുടെ പൂർത്തീകരണത്തിലേയ്ക്ക് എത്തുവാൻ ദൈവം നമ്മെ സംഗതിയാക്കട്ടെ.

## പെന്തിക്കോസ്തി ഞായർ
## വി. യോഹ. 15:1 – 14 (23-05-2021)

വി.യോഹന്നാൻ 15:1–14 വരെയുള്ള ഭാഗമാണ് പെന്തിക്കോസ്തി ഞായറാഴ്ച നാം വായിക്കുന്നത്. ഈ വേദഭാഗത്തിൽ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ നമ്മെ ഉത്ബോധിപ്പിക്കുന്നു. ഒന്നാമതായി കർത്താവ് നമ്മെ ഓർമ്മപ്പെടുത്തുന്നത് ഞാൻ മുന്തിരിവള്ളിയാകുന്നു. നിങ്ങൾ എന്റെ ശാഖകൾ ആകുന്നു. മുന്തിരിവള്ളിയുടെ ശാഖകൾ അതിന്റെ തായി വള്ളിയുമായി ഒന്നിച്ചുചേർന്ന് നിൽക്കുമ്പോൾ മാത്രമേ അതിന് ജീവൻ ഉണ്ടാകുകയുള്ളൂ. ജീവൻ ഉള്ള ഒരു വള്ളിക്കു മാത്രമേ അതിൽ ഫലം പുറപ്പെടുവിക്കുവാൻ സാധിക്കുകയുള്ളൂ. ഈ മനോഹരമായ ഉപമയിലൂടെ ക്രിസ്തു നമ്മേ ക്രിസ്തുവിനോട് ചേർന്ന് ഇരുന്നാൽ കിട്ടുന്ന വളരെ ശ്രേഷ്ഠകരമായ ജീവിതത്തെ സാധാരണക്കാരായ മനുഷ്യരുടെ ഹൃദയത്തിലേക്ക് നൽകുകയാണ്. മുന്തിരിവള്ളിയും അതിന്റെ ഉല്പാദന ശേഷിയും അതിന്റെ പ്രത്യേകതകളും എല്ലാം ക്രിസ്തുവിന്റെ കൂടെയുള്ള എല്ലാവർക്കും നല്ല സുപരിചിതമാണ്. ആയതുകൊണ്ട് തന്നെ മുന്തിരിവള്ളിയാകുന്ന ക്രിസ്തുവിനോട് ചേർന്നിരിക്കുമ്പോൾ ക്രിസ്തുവിന്റെ ഗുണഗണങ്ങൾ ശാഖകളിലെ ഫലങ്ങളിലും കാണുവാൻ സാധിക്കും. ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയാണ്. ക്രിസ്തുവിലൂടെ പുതുക്കത്തിന്റെ അനുഭവത്തിലേക്കു വരുമ്പോൾ ഒരു വ്യക്തിയിൽ വളരെയേറെ മാറ്റങ്ങൾ വന്നുചേരും. അങ്ങനെ ക്രിസ്തുവിൽ വസിച്ച് പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാകുവാൻ ദൈവം നമ്മേ സഹായിക്കട്ടെ.

രണ്ടാമതായി ക്രിസ്തു നമ്മേ ഓർമ്മപ്പെടുത്തുന്നത്, സ്നേഹത്തിൽ വസിക്കുക എന്നതാണ്. ആത്മാർത്ഥ സ്നേഹം ഇന്ന് കിട്ടാക്കനിയായി തീർന്നിരിക്കുന്ന കാലത്ത് ക്രിസ്തു സ്നേഹത്തേക്കുറിച്ച് നൽകുന്ന വിശദീകരണം എക്കാലത്തും വിലമതിക്കുന്ന ഒന്നാണ്. പിതാവും പുത്രനും തമ്മിൽ ഉള്ള സ്നേഹബന്ധത്തിന്റെ വിശുദ്ധി നമ്മുടെ ഇടയിലുള്ള സ്നേഹബന്ധങ്ങളിൽ ഉണ്ടാകണം എന്ന് ക്രിസ്തു ആഗ്രഹിക്കുന്നു. 15:9 "എന്റെ പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു.15:12 "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ അന്യോന്യം സ്നേഹിക്കണം''. ഈ വാക്യങ്ങളിലൂടെ ദൈവസ്നേഹത്തിന്റെ പൂർണ്ണത വെളിവാക്കുന്നു. ക്രിസ്തുസ്നേഹം എന്നു പറയുന്നത് മാനവരാശിയുടെ രക്ഷയെ പ്രതി തന്റെ ജീവനെ നമുക്കുവേണ്ടി കൊടുത്ത് സ്നേഹത്തിന്റെ ഉദാത്തമായ ഉദാഹരണമായി. അതുപോലെ നാം മറ്റുള്ളവർക്കുവേണ്ടി ജീവൻ പോലും നഷ്ടപ്പെടുത്തുന്ന സ്നേഹത്തിന്റെ സ്വർഗ്ഗീയ തലത്തിലേയ്ക്ക് നാം വളരണം എന്നാണ് ക്രിസ്തു നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്.

## പെന്തിക്കോസ്തിയ്ക്കു ശേഷം ഒന്നാം ഞായർ
## വി. യോഹ. (30-05-2021)

ഈ വേദഭാഗത്തിലൂടെ നമ്മുടെ കർത്താവും രക്ഷിതാവും ആയ ക്രിസ്തു തമ്പുരാൻ നമ്മേ ഓർമ്മപ്പെടുത്തുന്നത് നിത്യജീവൻ പ്രാപിക്കുവാൻ കർത്താവിന്റെ തിരുശ

രീരരക്തങ്ങളുടെ അനുഭവത്തിലൂടെ മാത്രമേ സാധിക്കൂ എന്നാണ് കർത്താവ് ഇവിടെ നമ്മേ രണ്ടുതരത്തിലുള്ള ഭക്ഷണത്തിന്റെ താരതമ്യം തന്റെ ചുറ്റുമുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നു.

ഒന്നാമതായി ലോകപ്രകാരം ഉള്ള അപ്പം ഭക്ഷിക്കുന്ന വ്യക്തിയ്ക്ക് നിശ്ചിതമായ സമയം ഈ ലോകത്ത് ജീവിച്ച് മരണത്തിൽ അവസാനിക്കുന്നു. ആയതിന് ഉദാഹരണമായി കർത്താവ് പൂർവ്വിക പിതാക്കന്മാർ ഭക്ഷിച്ച സ്വർഗ്ഗത്തിലെ മാലാഖമാരുടെ ആഹാരം ആയ മന്ന ചൂണ്ടിക്കാണിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നും തന്റെ ജനത്തിന്റെ വിശപ്പ് അകറ്റിക്കളയുവാൻ ദൈവം മരുഭൂമിയിൽ ശ്രേഷ്ഠ ആഹാരമായ മന്ന നൽകി. അത് കഴിച്ചവർ മരണം പ്രാപിച്ചു. അത് ശാരീരികമായ വിശപ്പ് അകറ്റുവാൻ മാത്രമാണ് ഉപകരിച്ചത് എന്ന് പൂർവ്വികരുടെ സംഭവം ഓർമ്മപ്പെടുത്തിക്കൊണ്ട് തങ്ങളുടെ മുമ്പിൽ നിൽക്കുന്ന യഥാർത്ഥ ജീവന്റെ അപ്പത്തെ പരിചയപ്പെടുത്തുന്നു.

രണ്ടാമതായി നിത്യജീവൻ നൽകുന്ന അപ്പത്തെക്കുറിച്ച് പറഞ്ഞു കൊടുക്കുന്നു. "നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് നിങ്ങളിൽ തന്നെ ജീവനില്ല എന്നു ഞാൻ സത്യമായും സത്യമായും നിങ്ങളോട് പറയുന്നു. തുടർന്ന് ക്രിസ്തു പറയുകയാണ് ഈ രക്തം കുടിക്കുകയും ഈ ശരീരം ഭക്ഷിക്കുകയും ചെയ്യുന്നവരിൽ നിത്യജീവൻ ഉണ്ട്".

ഇതിലൂടെ മനുഷ്യർക്കുവേണ്ടി കാൽവറിയിൽ തകർക്കപ്പെട്ട ക്രിസ്തുവിന്റെ ശരീരരക്തങ്ങളുടെ പ്രാധാന്യം നമ്മേ ഓർമ്മപ്പെടുത്തുന്നു. ലോകത്തിലേക്ക് ജനിച്ചുവീഴുന്ന ഒരു വ്യക്തിയിൽ ഒരു ജനനവും രണ്ട് മരണവും കാണപ്പെടുന്നു. അതായത് മാതാവിന്റെ ഉദരത്തിൽ നിന്നും ഉള്ള ജനനം ലോകപ്രകാരം ഉള്ള മരണവും ആത്മീയമായ നിത്യമരണവും. എന്നാൽ വി. മാമോദീസായിലൂടെ ജീവപുസ്തകത്തിൽ പേർ എഴുതപ്പെട്ട് കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്ന ഒരുവൻ രണ്ട് ജനനത്തിന് അർഹത ലഭിക്കുന്നു. ഇങ്ങനെ രണ്ട് ജനനം സിദ്ധിച്ച ഒരു വ്യക്തിയ്ക്ക് ലോകപ്രകാരം ഉള്ള ജഡികമരണം മാത്രമേ സംഭവിക്കുന്നുള്ളൂ അവൻ നിത്യജീവന്റെ സന്താനമായി ജീവിക്കും.

ആയതുകൊണ്ട് നമുക്ക് നിത്യജീവന്റെ സന്താനങ്ങൾ ആയി സ്വർഗ്ഗ അവകാശികളായി തീരുവാൻ ഈ ചിന്ത നമ്മേ ഉപകരിക്കട്ടെ.

**പെന്തിക്കോസ്തിയ്ക്കുശേഷം രണ്ടാം ഞായർ**
**വി. മത്തായി 10 : 34–11:1** (06-06-2021)

ഈ വേദഭാഗത്തിലൂടെ നാം കടന്നുപോകുമ്പോൾ സമാധാനത്തിന്റെ പ്രഭുവായ ക്രിസ്തു തമ്പുരാൻ എന്തുകൊണ്ട് ഇങ്ങനെ പറഞ്ഞിരിക്കുന്നു എന്ന് നാം ചിന്തിച്ചുപോകാം. ഈ വചനങ്ങളിലൂടെ ക്രിസ്തു ആഗ്രഹിക്കുന്നത് എല്ലാ ഭവനങ്ങളിലും യേശുവിന്റെ നാമം കലഹത്തിന് കാരണം ആകും എന്ന് അല്ല മറിച്ച്, ക്രിസ്തുവിനോട് എല്ലാറ്റിനും ഉപരിയായി ബന്ധപ്പെടുത്തുക അല്ലെങ്കിൽ ഒന്നിപ്പിക്കുക എന്നതാണ്.

ദൈവസ്നേഹം ലോകസ്നേഹത്തിന് വിരുദ്ധമാണ്. ലോകത്തെയും അതിൽ ഉള്ളതിനെയും സ്നേഹിക്കുന്നവന് ദൈവത്തെ പരിപൂർണ്ണമായി സ്നേഹിക്കുവാൻ കഴിയുന്നതല്ല എന്ന സത്യം കൂടെ ഈ വാക്യങ്ങളിലൂടെ നമ്മേ ഓർമ്മപ്പെടുത്തുന്നു. ഈ ലോകത്തിൽ നിത്യനരകത്തിന്റെയും, നിത്യനാശത്തിന്റെയും അവകാശികളായ നമ്മെ ക്രിസ്തു തന്റെ ജീവൻ മറുവിലയായി നൽകിയാണ് നിത്യജീവന്റെ സന്താനമായി നമ്മെ ആക്കിത്തീർത്തത്. ഇതുമൂലം നാം ലോകത്തിന്റെ ദൃഷ്ടിയിൽ മണ്ടൻമാരും ഭോഷൻമാരും ആയിരിക്കും. ലോകം നല്ലത് എന്ന് വിചാരിക്കുകയും ജീവിതത്തോട് ചേർത്തു കൊണ്ടുപോകാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഈ ലോകബന്ധങ്ങൾ എല്ലാം നിത്യജീവനെ അകറ്റികളയുന്ന ബന്ധങ്ങളായി മാറും. അങ്ങനെയുള്ള ബന്ധങ്ങളുടെ അപ്രസക്തി ക്രിസ്തു സ്നേഹത്തിലൂടെ തിരിച്ചറിയുമ്പോൾ പലപ്പോഴും ലോകബന്ധങ്ങൾ ക്രിസ്തീയ ജീവിതത്തിന് തടസ്സമായി മാറും എന്നുംകൂടെ ഈ വാക്യങ്ങൾ നമ്മെ കാട്ടി തരുന്നു.

ക്രിസ്തുവിനു വേണ്ടി തങ്ങളുടെ ജീവിതം നഷ്ടപ്പെടുത്തുന്നതു മൂലം നിത്യജീവനെ അവർക്ക് പ്രാപിക്കുവാൻ സാധിക്കും. ഈ ലോകജീവിതത്തിലെ സുഖത്തിലും സന്തോഷത്തിലും മുഴുകിയിരിക്കുന്ന വ്യക്തിയ്ക്ക് ക്രിസ്തു പണിയുന്ന സ്വർഗ്ഗീയ നഗരം നഷ്ടമാകും എന്നർത്ഥം. ഈ ലോകത്തിൽ ക്രിസ്തുവിനെ പ്രതി വേദനകളും മരണവും വരിക്കുന്നവർക്ക് വാടാത്ത കിരീടത്തിന് അർഹത ലഭിക്കും. അതുകൊണ്ട് നശ്വരമായ ലോകത്തിലെ സുഖങ്ങൾക്ക് പിന്നാലെ പോകാതെ നിത്യവും അനശ്വരവുമായ സ്വർഗ്ഗീയ ജീവിതത്തിനായി നമുക്ക് ഒരുങ്ങാം. ●

## St. Thomas Knanaya Church of NJ, USA
## Dennis John Memorial Education Fund

Applications for financial assistance (interest free loans) are being invited from eligible Knanaya Jacobite students who wish to pursue careers in professional education (nursing, engineering, medicine, etc.) who are experiencing significant financial difficulties.

Dennis John Memorial Education Fund of the St. Thomas Knanaya Church of New Jersey is planning to sponsor 10 or more eligible students starting academic year of 2021-2022. Priority will be given to those with high academic standards and who are experiencing financial hardships. Applications must be submitted in prescribed forms which are available at the Church's website.
(http://www.stthomasnj.org/resources/DJM%20Education%20Fund%20Application%202016.pdf)
In order to qualify for the subsequent academic years, the candidate must maintain academic excellence by passing all subjects and copies of such mark lists must be forwarded to the church. All payments will be forwarded to the educational institution where the applicant will be attending. Applications must be received at: St. Thomas Knanaya Church, DJM Education Fund, 186 Third Street, Clifton, NJ 07011, USA, on or before July 10, 2021 (only by regular Fund, 186 Third Street, Clifton, NJ 07011, USA, on (only by regular mail).

# കർത്താവായ യേശുക്രിസ്തുവിന്റെ 2-ാം വരവ്

ലീലാമ്മ ഏബ്രഹാം, പാലക്കുടി, കുഴിമറ്റം

## 2 – ാം വരവ് എന്നു പറഞ്ഞാൽ എന്ത്?

1–ാം വരവിൽ പാപികളെ രക്ഷിപ്പാൻ മനുഷ്യപുത്രൻ വന്നു എങ്കിൽ 2–ാം വരവിൽ തന്നെ നോക്കി പാർത്തിരിക്കുന്ന വിശുദ്ധരെ നിത്യതയിൽ ചേർക്കാനാണ് വരുന്നത്.

നമ്മുടെ പിതാക്കന്മാർ നമ്മെ പഠിപ്പിച്ചിട്ടുള്ള പ്രാർത്ഥനകൾ, ആരാധനകൾ, കൂദാശകൾ എല്ലാംകൊണ്ടുചെന്ന് എത്തിക്കുന്നത് 2–ാം വരവിലുള്ള പ്രത്യാശയിലാണ്. ഇതെല്ലാം തന്നെ ബൈബിൾ അടിസ്ഥാനത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. നാം ദിവസവും ചൊല്ലുന്ന വിശ്വാസ പ്രമാണം തന്നെ ഏറ്റവും വലിയ തെളിവാണല്ലോ.

## 2 – ാം വരവിൽ എടുക്കപ്പെടുന്നവർ ആർ

കർത്താവിൽ മരിക്കുന്നവരാണ് കർത്താവിൽ എടുക്കപ്പെടുന്നവർ. കർത്താവിൽ മരിക്കണമെങ്കിൽ കർത്താവിൽ ജീവിക്കണം. കർത്താവിൽ ജീവിക്കണ മെങ്കിൽ കർത്താവിൽ ജനിക്കണം. ഇതെങ്ങെനെയാണ് നടക്കുക.

**(1) വിശുദ്ധ മാമ്മോദിസ**

പ്രഥമ കൂദാശയായ മാമ്മോദീസായിൽ കൂടി ഒരു ശിശു സഭയിലേക്ക് ജനിക്കും. മറ്റു കൂദാശ സ്വീകരണം വഴിയും കല്പനകൾ പാലിച്ചും കർത്താവിൽ വളരുന്നു. മാമ്മോദീസ തൊട്ടിയിൽ ഇറങ്ങുന്ന ശിശു കർത്താവിനോടുകൂടെ മരിക്കുകയും മാമ്മോദീസ തൊട്ടിയിൽ നിന്ന് കയറുമ്പോൾ കർത്താവിനോടുകൂടെ ഉയിർക്കുകയും ചെയ്യുന്നു. മൂറോൻ അഭിഷേകത്താൽ നിത്യജീവനിലേക്കുള്ള പ്രവേശനവും ലഭിക്കുന്നു. മാമ്മോദീസായിൽ കൂടി ഒരേ സമയം 3 കൂദാശകളാണല്ലോ സ്വീകരിക്കുന്നത്. വീണ്ടും കിരീടം ധരിപ്പിക്കുമ്പോൾ ഇപ്രകാരം കാണുന്നു. നല്ല അവസാനം പ്രാപിച്ചവർക്കായി സൂക്ഷിച്ചുവച്ചിരിക്കുന്ന ഈ കിരീടം നിന്റെ സ്വർഗ്ഗരാജ്യത്തിൽ വച്ച് ഇവൻ പ്രാപിക്കുമാറാകണമെ. ഇതെല്ലാം 2–ാം വരവിൽ ചേർക്കുന്നതിന്റെ തെളിവുകളാണ്.

**2) വി. കുർബ്ബാന**

2) വി. കുർബ്ബാന പരസ്യമായി ആരംഭിക്കുമ്പോൾ മുതൽ പാതാളത്തിൽ ചെന്നവരുടെ നുകമതൊഴിച്ചു എന്നുവരെയുള്ള പാട്ടുകളും പ്രാർത്ഥനകളുമെല്ലാം 2–ാം വരവ് ലക്ഷ്യമാക്കിയുള്ളവയാണ്. 1.പത്രോ. 3:19 പാതാളമുയർപ്പിന്റെ തെളിവാണ്. യേശുവിനോടുകൂടെ ആദ്യം പറുദീസായിൽ പ്രവേശിച്ച കള്ളൻ ലൂക്കോ. 23:43.

**3) വിവാഹകൂദാശ**

കിരീടം വാഴ്വ് കാന്തനോടുകൂടെ മണവറയിൽ പ്രവേശിക്കുന്നതാണ്. അവിടെ ഇപ്രകാരം ഒരു ഭാഗമുണ്ട്. നശ്വരമായ മണവറയിൽ ഇവരുടെ ആയുഷ്ക്കാലം മുഴുവനും വിവിധ തരത്തിൽ ഇവരെ അലങ്കരിക്കുകയും ഈറേന്മാരും മാലാഖമാരും ഇടവിടാതെ സന്തോഷിച്ചു കൊണ്ടിരിക്കുന്ന ആ സ്വർഗ്ഗീയ മണവറയിലേക്ക് കരുണയോടെ ഇവരെ നയിക്കുകയും ചെയ്യണമെ.

“ലോകത്തിന്നവസാനത്തിൽ, പാരും മാനുമഴിഞ്ഞാലും
വാഴും നീയപത്തെന്ന്യേ, താതാത്മജ വിമലാത്മാവിൻ
ഗേഹം പാർത്താൽ നിൻ ത്രോണോസാം.”

ലോകാവസാനത്തിൽ ആകാശവും ഭൂമിയും അഴിഞ്ഞുപോയാലും യാതൊരു ആപത്തു കൂടാതെ നിന്നെ ത്രീയേക ദൈവം വസിക്കുന്ന ഭവനത്തിൽ ചേർത്തുകൊള്ളും എന്നു പറയുന്നുണ്ടല്ലോ.

**4) ശവസംസ്ക്കാരം**

‘മിന്നലോടുടയോൻ ആഗതനായിടും
മൃതരെഴുന്നേല്ക്കും സ്തുതിഗീതം പാടും
ശുഭമൊടു പോവിൻ വാതിലടച്ചിടുവിൻ
കർത്താവു വരും വാതിൽ തുറന്നുതരും’

കബറിന്റെ വാതിൽ അടയ്ക്കുമ്പോൾ ഉള്ളിൽ കിടക്കുന്ന വിശ്വാസികൾ നമ്മോടു പറയുന്നതാണ് ഇത്. പ്രത്യാശയോടെ വാങ്ങിപ്പോകുന്നവർക്കു മാത്രമെ ഇങ്ങനെ പറയാൻ സാധിക്കുകയുള്ളു.

എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ഏവനും എന്നിലും ഞാൻ അവനിലും വസിക്കുന്നു. അവസാന ദിവസം ഞാൻ അവനെ ഉയിർത്തെഴുന്നേല്പിക്കും. ഇതിൽ കൂടുതൽ എന്തു പ്രത്യാശയാണ് നമുക്ക് നല്കേണ്ടത്. ഇതാണ് സുറിയാനി സഭയുടെ വിശ്വാസം.

## 2 – ാം വരവിന്റെ തെളിവുകൾ

1) മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും എന്ന് മത്താ. 25:31–ൽ കർത്താവ് തന്നെ പറഞ്ഞിരിക്കുന്നു.

2) കർത്താവിന്റെ സമുഖത്തുനിന്ന് ആശ്വാസ കാലങ്ങൾ വരികയും നിങ്ങൾക്കു മുൻനിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അയക്കുകയും ചെയ്യും എന്ന് അപ്പോസ്തോലന്മാർ പറഞ്ഞിരിക്കുന്നതായി അപ്പോ. 3:19, 1.തിമൊ 6:13 എന്നീ ഭാഗങ്ങളിലും കാണാൻ സാധിക്കുന്നു.

3) അവൻ പോകുന്നേരം അവർ ആകാശത്തിലേക്ക് ഉറ്റുനോക്കുമ്പോൾ വെള്ള വസ്ത്രം ധരിച്ച 2 പുരുഷന്മാർ അവരുടെ അടുക്കൽ വന്ന് ഗലീല പുരുഷന്മാരെ നിങ്ങൾ ആകാശത്തിലേക്ക് നോക്കി നില്ക്കുന്നതെന്ത്. നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടുംവരും എന്ന് മാലാഖമാർ പറയുന്നതായി അപ്പ. 1:10–11 ൽ കാണുന്നു.

## 2 – ാം വരവ് എങ്ങനെ ആയിരിക്കും

1) ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും വരുമെന്ന് 1.തെസ 4:16 ൽ കാണുന്നു.

2) തേജസ്സോടും മഹാശക്തിയോടും കൂടെ വരുമെന്ന് മത്താ. 24:30 ൽ കാണുന്നു.

3) സകല വിശുദ്ധന്മാരുമായി വരുമെന്ന് 1.തെസ. 3:13, യൂദ. 15ലും കാണുന്നു.

4) കള്ളൻ രാത്രിയിൽ വരുന്നതുപോലെ കർത്താവ് വരുമെന്ന് മത്തായി 24:36ൽ കാണുന്നു.

5) മിന്നൽ കിഴക്കുനിന്ന് പടിഞ്ഞാറോളം വിളങ്ങുന്നതു പോലെ മനുഷ്യ പുത്രൻ വരുമെന്ന് മത്താ. 24:27-ൽ കാണുന്നു. അതുകൊണ്ടാണ് സുറിയാനി സഭ കിഴക്കോട്ട് നോക്കി പ്രാർത്ഥിക്കുന്നത്.

**2-ാം വരവിൽ എടുക്കപ്പെടണമെങ്കിൽ എങ്ങനെ ഇരിക്കണം**

കർത്താവിന്റെ വരവ് എപ്പോഴെന്ന് അറിയായ്കയിൽ ഉണർന്നും ജാഗ്രതയോടെയും ഇരിക്കണം. ബുദ്ധിയുള്ള കന്യകമാരെപ്പോലെ എണ്ണയുള്ള വിളക്കുമായി കാത്തിരിക്കണം. അന്ധകാര പ്രവർത്തികളെ ഉപേക്ഷിച്ച് ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് ജീവിക്കണം. വിശക്കുന്നവന് ഭക്ഷണവും ദാഹിക്കുന്നവന് കുടിപ്പാനും കൊടുക്കണം. അലഞ്ഞു നടക്കുന്ന സാധുക്കളെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്ക് നിന്നെ തന്നെ മറയ്ക്കാതിരിക്കുകയും ചെയ്ക. എന്റെ ഈ ഏറ്റവും ചെറിയ ഒരുത്തന് ചെയ്തടത്തോളം എല്ലാം എനിക്ക് ചെയ്തു എന്നാണ് യേശു പറഞ്ഞത്.

കർത്താവ് ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരുകയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്നവർ അവരോടൊരുമിച്ച് ആകാശ മേഘങ്ങളിൽ കർത്താവിനെ എതിരേല്പാൻ എടുക്കപ്പെടും എന്ന് 1 തെസ. 4:6-17 ഭാഗങ്ങളിൽ കാണുന്നു.

**ന്യായവിധി**

മനുഷ്യ പുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവൻ കൂട്ടി വരുത്തും. ഇടയൻ ചെമ്മരിയാടുകളെയും, കോലാടുകളെയും തിരിക്കുമ്പോലെ തിരിച്ച് ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിർത്തും. വലത്തുഭാഗത്തുള്ളവരോട് എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കി കൊൾവിൻ ഇടത്തു ഭാഗത്തുള്ളവരോട് ശപിക്കപ്പെട്ടവരേ എന്നെ വിട്ട് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ എന്നും പറയും.

വെളി. 20:11, ഹോശ 13:14, ദാനി 12:2-3 ഈ ഭാഗങ്ങളിലെല്ലാം ന്യായവിധിയെ പറ്റിയാണ് പറഞ്ഞിരിക്കുന്നത്.

അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിൽ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു എന്ന് 2.കൊരി. 5:10ൽ കാണുന്നു.

"വേർപാടിൻ വേളയിലാത്മം-മെയ്യോടുരചെയ്തു
എന്തുപകാരം എനിക്കേകും-ധനസമ്പാദ്യങ്ങൾ
വിധിനിലയത്തിൽ ചോദിക്കും സുകൃതം
ചെയ്തെന്നാകിൽ ഫലമുളവായേനേ
വാസസ്ഥലവും ധനവും ഞാനുടമസ്ഥർക്കേകി
ഭീകര സിംഹാസനസവിധം- പോകുന്നേനെ-ന്റെ-
ഹാലേലുയ്യാ-ചെയ്തികളറിയിപ്പാൻ



**ഇനിയും വലത്തു ഭാഗത്ത് ഉള്ളവരുമായി സ്വർഗ്ഗത്തിൽ ഒരു വേളി നടക്കും- വെളി.19:5-10**

വലിയ പുരുഷാരത്തിന്റെ ഘോഷം പോലെയും പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയും തകർത്ത ഇടിമുഴക്കം പോലെയും ഒരു ശബ്ദം കേട്ടു - ഹാലേലുയ്യ. ഈ ശബ്ദമായിരിക്കും 3-ാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ട പൗലോസ്ശ്ലീഹാ കേട്ട ശബ്ദം. സർവ്വശക്തിയുള്ള നമ്മുടെ കർത്താവ് രാജത്വം ഏറ്റെടുത്തിരിക്കുന്നു. നാം സന്തോഷിച്ചുല്ലസിച്ച് അവന് മഹത്വം കൊടുക്കുക. കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ. കാന്തയും തന്നത്താൻ ഒരുങ്ങിയിരിക്കുന്നു. അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു. ആ വിശേഷ വസ്ത്രം വിശുദ്ധമാരുടെ നീതി പ്രവർത്തികൾ തന്നെ.

മൂപ്പന്മാരിൽ ഒരാൾ ഈ വെള്ള നിലയങ്കി ധരിച്ച ഇവർ ആർ എന്നു ചോദിച്ചു ഇവർ മഹാകഷ്ടത്തിൽ നിന്നു വന്നവർ. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചിരിക്കുന്നു. വെള്ളനിലയങ്കി ധരിച്ച് കയ്യിൽ കുരുത്തോലയുമായി രാപകൽ അവർ ആരാധിക്കുന്നു. വെളി. 7:9-17. ഇവിടെ ആരാധിച്ചു കൊണ്ടിരിക്കുന്നവർക്കേ അവിടെയും ആരാധിക്കാൻ സാധിക്കുകയുള്ളൂ. ഇനി അവർക്ക് വിശക്കുകയില്ല, ദാഹിക്കുകയില്ല, വെയിലും യാതൊരു ചൂടും അവരുടെ മേൽ തട്ടുകയുമില്ല. സിംഹാസനത്തിന്റെ മദ്ധ്യേ ഉള്ള കുഞ്ഞാട് അവരെ മേയിച്ച് ജീവജലത്തിന്റെ ഉറവുകളിലേക്ക് നടത്തുകയും ദൈവം താൻ അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടച്ച് കളകയും ചെയ്യും. ഇതിൽ കൂടുതൽ എന്തു ഭാഗ്യമാണ് നമുക്ക് വേണ്ടത്. മാമോദീസായിൽ കൂടി ലഭിച്ച തേജസിന്റെ വസ്ത്രത്തിൽ കളങ്കം പറ്റാതെയും നീതി പ്രവർത്തികൾ ചെയ്തും ഇവിടെ ജീവിച്ചാൽ മാത്രം ഈ ഭാഗ്യാവസ്ഥ നമുക്ക് ലഭിക്കുകയുള്ളൂ. നമ്മിൽ നിന്നും വാങ്ങിപ്പോയിരിക്കുന്ന എല്ലാ വിശ്വാസികളെയും അവിടെ കാണാനും സാധിക്കും. അങ്ങനെ ആ വിശേഷ വസ്ത്രം ധരിച്ച് ഹല്ലേലുയ്യായും സ്തുതിയും പാടികൊണ്ട് കാന്തനുമായി മണവറയിൽ പ്രവേശിക്കാനുള്ള ക്ഷണം നമുക്ക് ഓരോരുത്തർക്കും ലഭിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

# കൗമ നമസ്ക്കാരം ആവർത്തിച്ചു ചൊല്ലുന്നതെന്തിന്?

## മല്പാനോടു ചോദിക്കാം



**പരി.** സുറിയാനി സഭയുടെ ആരാധനയും, ശുശ്രൂഷകളും യാമപ്രാർത്ഥനകളും എല്ലാം ആരംഭിക്കുന്നതും അവസാനിക്കുന്നതും കൗമ നമസ്ക്കാരത്തോടുകൂടിയാണ്. "കും" എന്ന സുറിയാനി വാക്കിന് 'നിൽക്കുക, എഴുന്നേൽക്കുക' എന്നാണർത്ഥം. നിന്നുകൊണ്ട് നടത്തേണ്ട പ്രാർത്ഥന എന്നർത്ഥത്തിലാണ് കൗമ നമസ്ക്കാരം എന്നു പറയുന്നത്.

പരി. സഭയിൽ 'പ്രാർത്ഥന' എന്നു പറയുന്നത് ദൈവ-മനുഷ്യ സംസർഗ്ഗം എന്നതിനേക്കാൾ ദൈവത്തോടു നടത്തുന്ന സംഭാഷണമാണ്. ദൈവം ആര് എന്നു മനസ്സിലാക്കാൻ ശ്രമിക്കുന്ന ഒരു വ്യക്തിക്ക് നിന്നുകൊണ്ട് ഭയഭക്തി പുരസരവും ബഹുമാന പൂർവ്വവുമല്ലാതെ പ്രാർത്ഥിക്കാനാവില്ല. അശ്രദ്ധയായിട്ടോ, അലക്ഷ്യമായിട്ടോ, കാരണം കൂടാതെ ഇരുന്നുകൊണ്ടോ പ്രാർത്ഥിക്കുന്നത് മഹാപരിശുദ്ധനായ ദൈവത്തോടു കാണിക്കുന്ന അവഹേളനമായി പരി. പിതാക്കന്മാർ കണ്ടിരുന്നു.

പ്രാർത്ഥനയ്ക്കും അതിന്റേതായ ഒരുക്കം ഉണ്ട്. മനുഷ്യൻ, ശരീരം-മനസ്സ്- ആത്മാവ് എന്നീ മൂന്ന് തലങ്ങളുടെ സംയുക്ത സമ്മേളനമാണ്. ദൈവം വിശുദ്ധനാകയാൽ ഈ മൂന്നു തലങ്ങളിലുമുള്ള വിശുദ്ധിയിലാണ് പ്രാർത്ഥനയും ആരാധനയും അർപ്പിക്കുന്നത്. പരി. സഭയെ സംബന്ധിച്ചിടത്തോളം പ്രാർത്ഥിക്കുന്ന വ്യക്തി, ആ സ്ഥലം, ആ സമയം (Person, space, time) ഇതു മൂന്നും വിശുദ്ധമാണ്. ദൈവം മോശയോട് കത്തുന്ന മുൾപ്പടർപ്പിൽ സംസാരിക്കുമ്പോൾ അരുൾ ചെയ്തു "നീ നിൽക്കുന്ന സ്ഥലം വിശുദ്ധമാകയാൽ നിന്റെ കാലിൽനിന്ന് ചെരിപ്പ് അഴിച്ചു കളയുക" (പുറ. 3:5).

പരി. സുറിയാനി സഭാ പിതാക്കന്മാർ പ്രാർത്ഥിക്കുന്നതിനു മുമ്പ് കൈയ്യും, കാലും, മുഖവും, വായും എല്ലാം വെള്ളം ഒഴിച്ച് കഴുകുമായിരുന്നു. സ്വയം ദൈവസന്നിധിയിൽ വിശുദ്ധീകരിക്കുന്നതിന്റെ (ആത്മ-ശരീര- മനസ്സിന്റെ ശുദ്ധി) പ്രതീകാത്മകമായിട്ടാണ് അപ്രകാരം ചെയ്തിരുന്നത്. അവർ പായയിലോ, വിരിപ്പിൻ മേലോ നിന്നാണ് പ്രാർത്ഥിച്ചിരുന്നത്. ഭൂമിയോടുള്ള ബന്ധം വിച്ഛേദിച്ചു ദൈവത്തിൽ പൂർണ്ണമായി സമർപ്പിച്ചു എന്നതിന്റേയും, കർത്താവ് താഴ്വരയിൽനിന്ന് മലമുകളിലേക്ക് കയറിപ്പോയി പ്രാർത്ഥിച്ചതിന്റേയും, ശരീരാത്മ ദേഹികളെ ദൈവസന്നിധിയിലേക്ക് ഉയർത്തുന്നതിന്റേയും സൂചനയായി അപ്രകാരം ചെയ്തിരുന്നു. അരകെട്ടിനിന്നാണ് അവർ പ്രാർത്ഥിച്ചിരുന്നത്. ദൈവത്തെ ശുശ്രൂഷിക്കുന്നതിന്റേയും ദൈവനാമത്തിൽ മറ്റുള്ളവരെ ശുശ്രൂഷിക്കുവാനുള്ള ഒരുക്കവും അതു സൂചിപ്പിച്ചു. കണ്ണുകളടച്ച് മനസ്സ് ഏകാഗ്രമാക്കി പ്രാർത്ഥിക്കുമ്പോൾ "നീ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക"(മത്താ.6:6) എന്ന കർത്താവിന്റെ ഉപദേശം അവർ ജീവിതത്തിൽ പ്രാവർത്തികമാക്കി. കൂടാതെ ദൈവത്തെ ഒരു വ്യക്തിയായി മുന്നിൽ കണ്ടുകൊണ്ട് പ്രാർത്ഥിക്കുന്നതുകൊണ്ടാണ് കുമ്പിട്ടു നമസ്കരിക്കുന്നത്.

കൗമ നമസ്ക്കാരം ആരംഭിക്കുന്നത്, പിതാവിനും പുത്രനും, പരിശുദ്ധ റൂഹായ്ക്കും സ്തുതി എന്ന ത്രിത്വസ്തുതിയോടെയാണ്. പഴയ നിയമത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്നീ ദൈവത്തിന്റെ മൂന്ന് ആളത്വങ്ങളുടെ സംയുക്തമായ ആലോചനയും പ്രവർത്തിയുമായിരുന്നു സൃഷ്ടികർമ്മം (ഉല്പ 1:1-3,1:26). അബ്രഹാമിന്റെ ആതിഥ്യം സ്വീകരിച്ച് അവന്റെ ഭവനത്തിൽ വന്ന് അവനെ അനുഗ്രഹിച്ച മൂന്ന് ആളുകൾ പരി. ത്രിത്വത്തെ സൂചിപ്പിച്ചു. അങ്ങനെ വിവിധ സന്ദർഭങ്ങളിൽ വിശുദ്ധമായി കാണപ്പെട്ട പരി. ത്രിത്വം പുതിയ നിയമത്തിൽ കർത്താവിന്റെ സ്നാന സമയത്ത് പരസ്യമായി ലോകത്തിനു വെളിപ്പെട്ടു. കർത്താവ് പ്രേഷിത പ്രവർത്തനത്തിന് പരി. ശ്ലീഹന്മാരെ അയക്കുമ്പോൾ ത്രിത്വനാമത്തിൽ സ്നാനം കഴിപ്പിക്കാനും, ഉപദേശിപ്പാനും അവരെ ഭരമേല്പിച്ചു. (മത്താ. 28:19) പരി. പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിൽ പലതും ആരംഭിക്കുന്നതും അവസാനിക്കുന്നതും ത്രിത്വ നാമത്തിലുള്ള ആശിർവാദത്തോടെയാണ്. ആയതിനാൽ പരി. സഭയിൽ പ്രാർത്ഥനയും, ആരാധനയും, ശുശ്രൂഷകളും ഒക്കെ ആരംഭിക്കുന്നതും അവസാനിക്കുന്നതും ത്രിത്വസ്തുതികളോടെയാണ്.

**'ആദിമുതൽ ഇന്നും എന്നേക്കും ആമ്മീൻ'**

പരി. ത്രിത്വം ഒരു പ്രത്യേക സന്ദർഭത്തിൽ ഉളവായതല്ല. ഭൂത-വർത്തമാന-ഭാവി (Past- Present- future) കാലങ്ങൾക്കതീതമാകയാൽ ഇപ്രകാരം ചൊല്ലുന്നു. ആരാധനാഗീതങ്ങൾക്കിടയിൽ ശുബഹോ ലാബോ.....മെന ഓലം ഓ.... എന്നിങ്ങനെ ഈ സ്തുതികൾ ഇടവിട്ട് ചൊല്ലാറുണ്ട്. (പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി, ആദിമുതൽ എന്നുമെന്നേക്കും ആമ്മീൻ എന്നർത്ഥം)

"തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ.......ഉയരങ്ങളിൽ സ്തുതി" ഇത് ഏശായ ദീർഘദർശിക്കുണ്ടായ സ്വർഗ്ഗീയ ദർശനം ആണ് (ഏശ.6:1).

**കർത്താവിന്റ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും സ്തുതി** ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ തമ്പുരാനുള്ള സ്തുതിപ്പാണിത്. കർത്താവിന്റെ യറുശലേം പ്രവേശനത്തിൽ അവനെ സ്വീകരിച്ചപ്പോൾ യഹൂദജനം പാടിയ ഊശാന സ്തുതിയാണിത്.

**"ദൈവമേ നീ പരിശുദ്ധനാകുന്നു"..**എന്ന സ്തുതിപ്പ് ത്രൈശുദ്ധകീർത്തനം എന്നാണറിയപ്പെടുന്നത്. കർത്താവിന്റെ കബറടക്കസമയത്ത് ആദ്യത്തെ മൂന്നു സ്തുതികൾ അതായത് ദൈവമേ നീ പരിശുദ്ധനാകുന്നു ബലവാനേ നീ പരിശുദ്ധനാകുന്നു മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു എന്ന് മാലാഖമാർ ആലപിച്ചപ്പോൾ 'ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ' എന്ന് കർത്താവിനെ കബറടക്കിയ അരിമത്യക്കാരൻ ജോസഫും നിക്കോദിമോസും ചേർന്ന് പാടിയതായി അന്ത്യോഖ്യായിലെ മൂന്നാമത്തെ പാത്രിയർക്കീസായ പരി.

ഇഗ്നാത്തിയോസ് നൂറോനോയ്ക്ക് ലഭിച്ച സ്വർഗ്ഗീയ ദർശന പ്രകാരം രചിക്കപ്പെട്ടതാണ് ഈ ത്രൈശുദ്ധകീർത്തനം.

അടുത്തത് അപേക്ഷയാണ്. 'ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ... കൃപയുണ്ടായി അനുഗ്രഹം ചെയ്യണമെ...നമസ്ക്കാരങ്ങളും ശുശ്രൂഷകളും കൈകൊണ്ട്....അനുഗ്രഹം ചെയ്യണമെ. നമസ്കാരവും ശുശ്രൂഷയും ചെയ്യുന്നവന് ദൈവത്തിൽ നിന്നു ലഭിക്കേണ്ട പ്രതിഫലമാണല്ലോ അനുഗ്രഹം. അതിനുവേണ്ടി അഭ്യർത്ഥിക്കുന്നു.

വീണ്ടും ദൈവത്തെ സ്തുതിക്കുന്നു. ദൈവമേ നിനക്കു സ്തുതി, സൃഷ്ടിതാവേ നിനക്കു സ്തുതി.

വീണ്ടും മശിഹാ തമ്പുരാനോടുള്ള അപേക്ഷ. പാപികളായ തന്റെ അടിയാരോടു കരുണ ചെയ്യുന്ന മിശിഹാ തമ്പുരാനേ നിനക്കുസ്തുതി. നാം പാപികളായിരിക്കുമ്പോൾ തന്നെ നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി തന്റെ ജീവൻ ബലിയർപ്പിച്ച മശിഹാ തമ്പുരാനോടുള്ള അപേക്ഷയാണിത്.

**കത്തൃപ്രാർത്ഥന**

നമ്മുടെ കർത്താവ് പരി. ശ്ലീഹന്മാരെ പഠിപ്പിച്ച അർത്ഥസമ്പൂർണ്ണവും പരിപൂർണ്ണവുമായ പ്രാർത്ഥനയാണിത് (മത്താ. 6:9-12, ലൂക്കാ.11:1-4) ദൈവത്തെ പിതാവായി കണ്ടുകൊണ്ടുള്ള ഈ പ്രാർത്ഥനയിൽ "ഞങ്ങൾ" എന്ന ബഹുവചനം ആണ് ഉപയോഗിച്ചിട്ടുള്ളത്. ആയതിനാൽ എനിക്കുവേണ്ടി മാത്രമല്ല സമൂഹത്തിനുവേണ്ടികൂടി നടത്തുന്ന പ്രാർത്ഥനയാണിത്. ഇതിൽ ആദ്യത്തെ മൂന്ന് ആവശ്യങ്ങൾ (നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണം, നിന്റെ രാജ്യം വരണം, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിപ്പോലെ ഭൂമിയിലാകണം) ഈ ഭൂമിയിൽ ജീവിക്കുന്ന വിശ്വാസികളുടെ പ്രത്യാശയും അതിനേക്കാളുപരി അവരുടെ ജീവിതത്തിലൂടെ പ്രാവർത്തിമാകേണ്ടതുമാണ്. അവസാനത്തെ മൂന്ന് ആവശ്യങ്ങൾ (ആവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്ക് തരണം, കടങ്ങൾ ക്ഷമിക്കണം പരീക്ഷയിൽ പ്രവേശിപ്പിക്കരുത്) ആദ്യത്തെ മൂന്നു ആവശ്യങ്ങൾ നിറവേറ്റപ്പെടാനുള്ള അനുകൂല സാഹചര്യമാണ്. അവസാനം ദൈവത്തിനു സ്തുതി കരേറ്റിക്കൊണ്ട് ഈ പ്രാർത്ഥന സമർപ്പിക്കുന്നു.

**കൃപനിറഞ്ഞ മറിയമെ എന്ന പ്രാർത്ഥന**

ഈ മദ്ധ്യസ്ഥപ്രാർത്ഥന കത്തൃപ്രാർത്ഥനയോടു ചേർത്തു പരി. പിതാക്കന്മാർ ക്രമീകരിച്ചിട്ടുള്ളതാണ്. പരി. സഭയിൽ കർത്താവു കഴിഞ്ഞാൽ പിന്നെ ഏറ്റവും കൂടുതൽ ആദരിക്കപ്പെടുന്ന വ്യക്തിയാണ് പരി. മറിയം. പരിശുദ്ധരിൽ ഒന്നാമത്തെ ആളായി പരി. സഭ കന്യക മറിയത്തെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ഈ പ്രാർത്ഥനയുടെ ആദ്യഭാഗം വേദവചനങ്ങൾ തന്നെയാണ്. "കൃപ നിറഞ്ഞവളേ, നിനക്ക് വന്ദനം കർത്താവ് നിന്നോടുകൂടെ" എന്നത് പരി. മാലാഖയുടെ അറിയിപ്പിന്റെ വചനങ്ങളും (ലൂക്കാ 1:28)ആണ്. സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെവൾ, നിന്റെ ഉദരഫലവും അനുഗ്രഹിക്കപ്പെട്ടത്' എന്നത് എലിശബേത്ത് പരിശുദ്ധാത്മാവ് നിറഞ്ഞ് പ്രതിവചിച്ചതുമാണ് (ലൂക്ക.1:42-43). അവസാനം ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണ സമയത്തും ദൈവം തമ്പുരാനോട് അപേക്ഷിക്കണം എന്നത് വിശ്വാസികളുടെ മദ്ധ്യസ്ഥപ്രാർത്ഥനയുമാണ്. ഇത്രയും അർത്ഥസമ്പൂർണ്ണവും, പൂർണ്ണവുമായ പ്രാർത്ഥന വേറെയില്ലന്നു പറയാം. ഇതിൽ കൂടുതലും ദൈവത്തിനുള്ള സ്തുതിപ്പും സമർപ്പണവുമാണ്. അതിനാൽ കൗമ നമസ്കാരം ആവർത്തിച്ചു ചൊല്ലുന്നു. ●

# അഹിംസ ചൊല്ലിത്തന്നു; ഗാന്ധിജി- മഹാത്മൻ!

**കെ. എം. മാനുവൽ, കളപ്പുരയ്ക്കൽ**

പുഞ്ചിരിയ്ക്കും മുഖത്താൽ തൻ രാഷ്ട്രത്തെ;
നെഞ്ചിലിന്നും വഹിയ്ക്കുന്നു ഗാന്ധിജി!
സർവ്വ നീതി, ക്കടലാസും, വീക്ഷിപ്പൂ;
സർവ്വ- സർക്കാർ- ഗൃഹത്തിൻ, ചുവരിലും!

ഹിംസ വേണ്ട! ജഗത്തിൽ ഒരു നാളും;
ഹിംസ ചെയ്‌വാൻ, പറഞ്ഞീലൊരീശനും!
ശ്വാസ-സൂത്ര, നിയന്താവാമീശ്വരൻ;
ശ്വാസകോശങ്ങൾ, നല്കി; സ്മരിയ്ക്കുക!

കോശകർമ്മങ്ങൾ...., "ഭാഗികം" ശാസ്ത്രമായ്;
മോശമല്ലതിൽ "മർമ്മം", സുവോളജി!
വേണ്ടിവന്നാലതെണ്ണുവാൻ പോലുമീ;
മണ്ടലോകം, പഠിച്ചു- മിടുക്കരായ്!

ആർക്കുലകിൽ, ഹിംസിപ്പാൻ, മനസ്സിന്നീ;
അർക്ക സാക്ഷ്യ- ജഗത്തിൽ, "ഉറുമ്പിനെ"!
കാട്ടി, "ദേവാദിദേവനാം" യേശുവും;
"നീട്ടി- വീശാൻ.... ,"നിബിഡ- മത്സ്യങ്ങളെ!

എന്നു കാണാമീ...., കോശത്തിലേകനും;
മന്നിലേറ്റം...., വില നല്കും, "റൂളുകൾ"!
കൊന്നുവെന്നാൽ...., കൊടുക്കണം കോടികൾ;
കന്നുകാലിയ്ക്കോ? "കത്തിയാൽ പുല്ലുകൾ"!

ഞുള്ളിനോവും, സഹിയ്ക്കാതെ ജീവിപ്പാൻ;
എള്ളിന്നുള്ളും കറുക്കാതെ കാണുവാൻ...!
കെട്ടിവയ്ക്കണോ? പിന്നിലായ്, കൈകളെ;
വിട്ടുപോയാലോ? "ജാത്യാ-ഗുണം" പോകാ!


സസ്യജാലങ്ങൾ, ക്കിഷ്ടമോ ഹിംസയെ?
ഹാസ്യമല്ലവർ, ആശിപ്പൂ....., ജീവിപ്പാൻ!
ഓക്സിജന്റെ പ്രവൃത്തികൾ! ശ്രേഷ്ഠവും;
ടാക്സു വേണ്ട, സിലിണ്ടറിൽ...., "ഗ്യാസിനായ്"!

വിശ്വസിയ്ക്കൂ...., ശ്രമിയ്ക്കൂ...., നിരീക്ഷിയ്ക്കാൻ;
ഈശ്വരനുമതേകീ......, നാം, ഹിംസയെ!
"രണ്ടുടുപ്പുള്ളോൻ, ഇല്ലാത്തോനേകുവാൻ......."!
"രണ്ടു-നെന്മണി!" ഒന്നാദ്യം; താതനും! ●

# ഖലീൽ ജിബ്രാൻ എന്ന ധിഷണാശാലി

എബി

ആധുനിക മനുഷ്യന്റെ മനസ്സിലേക്ക് തന്റെ കാവ്യ ഭാവനയിലൂടെ തേൻ മഴ പെയ്യിച്ച ദാർശനികൻ. കിഴക്കിന്റെയും പടിഞ്ഞാറിന്റെയും സാംസ്കാരിക ഭാവങ്ങളെ സമന്വയിപ്പിച്ച ധിഷണാശാലി. ഇതൊക്കെയാണ് തന്റെ കൃതികളുടെ മാസ്മരിക ഭാവം കൊണ്ട് ലോകത്തെ കീഴടക്കിയ ഖലീൽ ജിബ്രാൻ എന്ന പേർഷ്യൻ കവി. എന്നാൽ പലരും അദ്ദേഹത്തെ ഒരു തത്വജ്ഞാനിയായിട്ടാണ് കാണുന്നത്. യഥാർത്ഥത്തിൽ ഖലീൽ ജിബ്രാൻ ഒരു തത്വജ്ഞാന ഗ്രന്ഥവും രചിച്ചിട്ടില്ല. സ്വന്തം ഹൃദയ കല്പനകളെ മറയില്ലാതെ പറഞ്ഞു എന്നല്ലാതെ ഒരു തത്വജ്ഞാനവും പ്രചരിപ്പിച്ചില്ല. എന്നിട്ടും ഓരോ ആധുനിക വ്യക്തിയുടെയും മനസിൽ ജിബ്രാന്റെ വാക്കുകൾ തത്വജ്ഞാനമായി മാറ്റൊലികൊണ്ടു.



ലബനോനിലെ ബിഷാറി ഗ്രാമത്തിൽ 1883 ജനുവരി 6-ന് ഖലീൽ ജിബ്രാൻ മാരോനൈറ്റ് ക്രിസ്ത്യൻ കുടുംബത്തിൽ ജനിച്ചു. അച്ഛൻ ഖലീൽ. അമ്മ കാമില. അച്ഛൻ ഖലീൽ അമ്മാവന്റെ കടയിൽ ഒരു ക്ലാർക്കായി ജോലി നോക്കിയിരുന്നു. ചൂതാട്ടത്തിനും മറ്റുമായി പണം സമ്പാദിക്കുന്നതിനിടയിൽ ഒരു കൈക്കൂലിക്കേസിൽ പിടിക്കപ്പെട്ട് ജയിലിലായി വീടും മറ്റും കണ്ടു കെട്ടി. നിരാശ്രയരായ കുടുംബം ബന്ധുക്കളുടെ വീട്ടിൽ അഭയം തേടി. ഇതിനിടയിൽ ജിബ്രാന് പ്രാഥമിക വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. വീട്ടിൽ വന്നിരുന്ന ഒരു പുരോഹിതൻ അറബിയും ബൈബിളും പഠിപ്പിച്ചു. 1895-ൽ ഖലീൽ കുടുംബം യു എസിലേക്കു സഹോദരനൊപ്പം കുടിയേറി. അവിടെ ബോസ്റ്റണിൽ ജിബ്രാൻ സ്കൂളിൽ പോകാൻ തുടങ്ങി. അമ്മ ചെറിയ തുണികൾ തയ്ച്ച് വീടുകൾതോറും കയറിയിറങ്ങി നിത്യവൃത്തിക്ക് വക കണ്ടെത്തി. പിന്നീട് ചെറിയൊരു കട തുടങ്ങി. ജിബ്രാന്റെ കലാപരമായ കഴിവ് മനസ്സിലാക്കിയ അദ്ധ്യാപകൻ അവനെ ഫോട്ടോഗ്രാഫറായ ഫ്രെഡ് ഹോളണ്ട് ഡേയെ പരിചയപ്പെടുത്തി. ഡേയുടെ പരിശീലനത്തിൽ അവൻ ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങി. പിന്നീട് അമ്മ അവനെ ബെയ്റൂട്ടിലേക്ക് അയച്ചെങ്കിലും ജിബ്രാൻ തിരിച്ചു വന്നു. 1902 ൽ നിർഭാഗ്യവശാൽ സഹോദരനും സഹോദരി സുൽത്താനയും രോഗങ്ങൾ വന്ന് മരിച്ചു.

21-ാം വയസിൽ ജിബ്രാൻ ഒരു പെയിന്റിഗ് പ്രദർശനം സംഘടിപ്പിച്ചു. അതിൽ വിജയിച്ച അവൻ പിന്നീട് ഡേയുടെ സ്റ്റുഡിയോയിലെ ഒരു എക്സിബിഷനിൽ വച്ച് ഏലിസബത്ത് ഹാസ്ക്കെൽ എന്ന വനിതയുമായി പരിചയപ്പെട്ടു. ജിബ്രാന് നല്ലയൊരു ഭാവിയുണ്ടെന്ന് മനസ്സിലാക്കിയ ഹാസ്ക്കെൽ ജിബ്രാനോടു ചേർന്നു പ്രവർത്തിക്കാൻ തുടങ്ങി. ഇംഗ്ലീഷ് പഠിപ്പിക്കുന്നതു കൂടാതെ സാമ്പത്തികമായും സഹായിച്ചു. അവർ ഉത്തമ സുഹൃത്തുക്കളായി. ആ ബന്ധം ജിബ്രാന്റെ മരണംവരെ തുടർന്നു.

1908-ൽ ഹാസ്ക്കലിന്റെ സഹായത്തോടെ ജിബ്രാൻ പാരീസിലേക്കു പോയി. അവിടെ അനേകം പെയ്ന്റിംഗ് ഷോകൾ നടത്തി. അവയിൽ Autumn എന്ന പെയ്ന്റിംഗ് പ്രമുഖരുടെ പ്രശംസ പിടിച്ചു പറ്റി.

ജിബ്രാന്റെ ആദ്യ കൃതി 1905-ൽ പ്രസിദ്ധീകരിച്ചു. സംഗീതം വിഷയമാക്കിയ ആ കൃതി അത്ര ശ്രദ്ധിക്കപ്പെട്ടില്ല. The Broken wing, The mad man The tempest, ഗുരുവിന്റെ ശബ്ദം. ഭൂ ദൈവങ്ങൾ എന്നിങ്ങനെ ഒട്ടനവധി കൃതികൾ, ജിബ്രാൻ രചിച്ചിട്ടുണ്ടെങ്കിലും ആത്മാംശം ത്രസിക്കുന്ന 'പ്രവാചകൻ' (The Prophet) എന്ന കൃതിയാണ് അദ്ദേഹത്തിന്റെ മാസ്റ്റർ പീസ്.

1911-ൽ ജിബ്രാൻ ന്യൂയോർക്കിലെത്തി. 1923-ൽ 'Prophet' പ്രസിദ്ധീകരിച്ചു. അതോടെ ജിബ്രാൻ തന്റെ കരിയറിന്റെ ഉത്തുംഗ ശൃംഗത്തിലെത്തി. അതദ്ദേഹത്തെ ഒരു 'സെലിബ്രറ്റി'യാക്കി മാറ്റുകയും ചെയ്തു. Prophet എന്ന ഒറ്റ കൃതി മതി ഖലിൽ ജിബ്രാനെ വിലയിരുത്താൻ. ഈ കൃതിയിൽ പ്രണയം, വിവാഹം, മരണം എന്നിങ്ങനെ 26 വിഷയങ്ങളെക്കുറിച്ച് ശക്തമായി വിവരിച്ചിരിക്കുന്നു. 'അൽമുസ്തഫാ' എന്ന പ്രവാചകൻ ഒരു കൂട്ടം ജനങ്ങളുമായി സംവദിക്കുന്നതായിട്ടാണ് ഇതെഴുതിയിരിക്കുന്നത്. 9 മില്ല്യൻ കോപ്പി ഇതിന്റെ അമേരിക്കൻ പതിപ്പിൽ മാത്രം അന്നു വിറ്റഴിഞ്ഞു. 40 ഭാഷകളിലായി ഇത് വിവർത്തനം ചെയ്യപ്പെട്ടു. ജിബ്രാന് അനേകം സ്ത്രീകളുമായി അടുത്ത ബന്ധം ഉണ്ടായിരുന്നെങ്കിലും വിവാഹിതനായില്ല. പാരീസിൽ നിന്ന് തിരിച്ചെത്തിയശേഷം മേരി ഏലിസബത്ത് ഹാസ്ക്കലിനെ ജീവിതസഖിയാക്കാൻ തീരുമാനിച്ചെങ്കിലും പ്രായ വ്യത്യാസം മൂലം അവർ ആ ക്ഷണം നിരസിച്ചു. എങ്കിലും ജീവിതാവസാനംവരെ അവർ നല്ല സുഹൃത്തുക്കളായി കഴിഞ്ഞുകൂടി.

സ്നേഹമാണ് സ്വാതന്ത്ര്യം എന്നു പ്രഖ്യാപിച്ച ജിബ്രാൻ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ തന്നെ മതാചാരങ്ങളെ എതിർത്തു. അറേബ്യൻ സൂഫികളുടെ പ്രവാചക ഭാവവും ഭാരതീയ ഉപനിഷത്തുകളിലെ ഏകലോക ദർശനവും അദ്ദേഹത്തിന്റെ കൃതികളിൽ സന്നിവേശിപ്പിച്ചിരുന്നു.

1931 ഏപ്രിൽ 10-ന് ജിബ്രാൻ 48-ാമത്തെ വയസിൽ സിറോസിസ് ബാധിച്ചു മരിച്ചു. ജിബ്രാന്റെ ആഗ്രഹപ്രകാരം മേരിഹാസ്ക്കൽ അദ്ദേഹത്തിന്റെ ഭൗതിക ശരീരം ലബനനിലെ മാർ സർക്കിസ് മൊണാസ്ട്രിയിൽ അടക്കം ചെയ്തു. അതിപ്പോൾ ജിബ്രാൻ മ്യൂസിയമായി അറിയപ്പെടുന്നു.

പ്രണയത്തെയും തത്വശാസ്ത്രത്തെയും മുഖാമുഖം നിർത്തി മറ്റാർക്കും അനുകരിക്കാനാവാത്തവിധം തന്റെ കൃതികളിലൂടെ പറയാനുള്ളതു മുഴുവൻ പറഞ്ഞ് ഖലീൽ ജിബ്രാൻ എന്ന കവി (അതോ തത്വജ്ഞാനിയോ) അനശ്വരതയിലേക്ക് ചിറകു വിരിച്ച് പറന്നിറങ്ങി. ●



# മലർവാടിക്കൂട്ടം

ഗ്രാമത്തിലെ കൃഷിക്കാരൻ ഒരു കോവർ കഴുതയെ വളർത്തിയിരുന്നു. തിന്നുക എന്നതൊഴികെ അതിന് കാര്യമായ ജോലിയൊന്നും ഉണ്ടായിരുന്നില്ല.

ഒരു ദിവസം മൈതാനത്ത് മേഞ്ഞുകൊണ്ടിരിക്കെ അത് ഉത്സാഹത്തോടെ ഓടാൻ തുടങ്ങി. വീട്ടിൽ നിന്നും ഇറങ്ങി വന്ന കർഷകൻ ആ കാഴ്ച കണ്ട് അത്ഭുതപ്പെട്ടു.

നീ എന്തിനാണ് ഇത്ര സന്തോഷത്തോടെ ഓടിത്തിമിർക്കുന്നത് എന്ന് അയാൾ ചോദിച്ചു.

എന്റെ അച്ഛൻ ഒരു പന്തയ കുതിര ആയിരുന്നു. കോവർ കഴുത അഭിമാനത്തോടെ പറഞ്ഞു. മിന്നൽ വേഗത്തിൽ ഓടുന്ന ആ അച്ഛന്റെ പാരമ്പര്യം എനിക്ക് കിട്ടിയിട്ടുണ്ട്.

ശരി. അത് നല്ലതുതന്നെ, കർഷകൻ ആ ജന്തുവിന്റെ പുറത്തു തട്ടി അഭിനന്ദിച്ചു. എനിക്ക് ഇപ്പോൾ അടിയന്തിരമായി നഗരത്തിൽ പോകേണ്ടതുണ്ട്. താമസിയാതെ തിരിച്ചുവരാം.

കൃഷിക്കാരൻ അതിന്റെ പുറത്ത് ചാടിക്കയറി വളരെ പണിപ്പെട്ടാണ് അൽപ്പദൂരം ഒടിയത്. മുകളിൽ നിന്നാകട്ടെ വേഗം ഓടാനുള്ള കല്പനയും കുത്തും ലഭിച്ചുകൊണ്ടിരിക്കുന്നു. ഇനി വയ്യ, ഒരടിപോലും ഓടാൻ എന്ന ഭാവത്തിൽ കോവർ കഴുത കിതപ്പോടെ നിന്നു പറഞ്ഞു.

ക്ഷമിക്കണം യജമാനനേ, എന്റെ അച്ഛൻ പന്തയ കുതിരയായിരുന്നുവെങ്കിലും അമ്മ ഒരു കഴുതയായിരുന്നു.

(ദുരഭിമാനികൾ തങ്ങളുടെ കുറവുകളെ ഓർക്കാനിഷ്ടപ്പെടാറില്ല.)

സസ്നേഹം

**കൊച്ചേട്ടൻ**


# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. നമ്മുടെ നിഖ്യാ വിശ്വാസപ്രമാണം ക്രോഡീകരിച്ചത് എന്നാണ്?
2. ആറാം തുബ്ദേനിൽ ആരെയാണ് അനുസ്മരിക്കുന്നത്?
3. 'ശെമ്മാശന്മാരിൽ പ്രധാനിയും സഹദേന്മാരിൽ മുമ്പനും' എന്ന് പേര് വിളിക്കപ്പെടുന്ന വിശുദ്ധൻ ആരാണ്?
4. ഭാരതത്തിന്റെ (ഇന്ത്യയുടെ) കാവൽ പരിശുദ്ധൻ എന്നറിയപ്പെടുന്ന ശ്ലീഹ ആരാണ്?
5. പരി. പാത്രിയർക്കീസ് ബാവയുടെ സ്ഥാനപ്പേര് എന്താണ്?
6. നാം പള്ളിയിൽ പോകണമെന്ന് സഭ നിർബന്ധിച്ചിട്ടുള്ള ദിവസങ്ങൾ ഏവ?
7. വി. സഭ കല്പിച്ചിട്ടുള്ള നോമ്പുകൾ എത്ര? ഏതെല്ലാം?
8. നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം എന്നറിയപ്പെടുന്ന പെരുന്നാൾ ഏതാണ്? ഏതു ദിവസം?
9. ദൈവമാതാവായ കന്യക മറിയാമിനോടുള്ള വചനിപ്പിന്റെ പെരുന്നാൾ ഏതു ദിവസമാണ് പരി. സഭയിൽ കൊണ്ടാടുന്നത്?
10. ദനഹാപെരുന്നാൾ ഏതു ദിവസമാണ് കൊണ്ടാടുന്നത്?

**ഏപ്രിൽ മാസത്തിലെ ഉത്തരങ്ങൾ**

1. വി. ക്നായിത്തോമ്മ
2. വി.മാമോദീസ
3. വി. കുർബ്ബാന
4. ഏഴ്, 1) വി. മാമോദീസ, 2) വി.മൂറോൻ, 3)വി. കുർബ്ബാന, 4) വി.കുമ്പസാരം, 5) വി.പട്ടത്വം, 6) വി.വിവാഹം, 7) രോഗികൾക്കുള്ള വി. തൈലാഭിഷേകം.
5. മാമോദീസ സൈത്ത്, വി.മൂറോൻ
6. ദൈവമേ! നീ പരിശുദ്ധനാകുന്നു
   ബലവാനേ! നീ പരിശുദ്ധനാകുന്നു
   മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു
   ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനെ ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ.
7. 1) ത്രൈശുദ്ധ കീർത്തനത്തിനുശേഷം 2) കർത്താവേ എന്നോടുത്തരമരുളി ചെയ്യണമെ (ആനിൻമൊറിയോ) എന്നുള്ള പ്രാർത്ഥനയ്ക്ക് ശേഷം), 3). ആറാം തുബ്ദേന്റെ അവസാനത്തിൽ
8. വി. യോഹന്നാൻ സ്നാപകനെ
9. മോർ സേവേറിയോസ്
10. ജീവിച്ചിരിക്കുന്ന എല്ലാ വിശ്വാസികളേയും



# ആദരാഞ്ജലികൾ

**കാലം ചെയ്ത**
**മലങ്കര മാർത്തോമ്മാ**
**സഭയുടെ**
**പത്മഭൂഷൺ ക്രിസോസ്റ്റം**
**വലിയ മെത്രാപ്പോലീത്തയ്ക്ക്**
**ക്നാനായ സമൂഹത്തിന്റെ**
**ആദരാഞ്ജലികൾ**






കാലം ചെയ്ത **അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തക്ക്** ക്നാനായ **സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** ആദരാഞ്ജലികൾ അർപ്പിച്ചു. **സമുദായ സെക്രട്ടറി ശ്രീ. ടി.ഓ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിങ് ട്രസ്റ്റി ശ്രീ. തോമസ്കുട്ടി മറ്റക്കാട്ട്, മാനേജിങ് കമ്മിറ്റി അംഗങ്ങളായ ശ്രീ. ആലിച്ചൻ ആറൊന്നിൽ, ശ്രീ. സാബു കണ്ണാട്ടിപ്പുഴ** എന്നിവർ സമീപം.

### 1676 – ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം

## പ്രവർത്തന ഫണ്ട് ഉദ്ഘാടനം



1676–ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ പ്രവർത്തന ഫണ്ടിന്റെ ഉദ്ഘാടനം **ബിനു ജേക്കബ് കോയിത്രയിൽ** നിന്ന് സമുദായ മെത്രാപ്പോലീത്ത **അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** ഏറ്റുവാങ്ങുന്നു. പ്രസിഡന്റ് **ഫാ. ജേക്കബ് കല്ലുകുളം**, സ്വാഗതസംഘം ചെയർമാൻ **ഫാ. ജോൺ മാത്യു മൂലംകുളം** സ്വാഗതസംഘം ഭാരവാഹികൾ എന്നിവർ സമീപം.

### വള്ളംകുളം സെന്റ് ജോർജ് ക്നാനായ പള്ളി

## ദൈവമാതാവിന്റെ കുരിശിൻതൊട്ടി കൂദാശ



വള്ളംകുളം സെന്റ് ജോർജ് ക്നാനായ പള്ളിയിലെ ദൈവമാതാവിന്റെ നാമത്തിലുള്ള പുതിയ കുരിശിൻ തൊട്ടിയുടെ കൂദാശ **അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത** നിർവ്വഹിച്ചു. റവ. ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരിൽ (വികാരി ജനറാൾ), റവ.ഫാ. എ.ഒ. ജോൺ അമ്മനംകുന്നത്ത്, റവ.ഫാ. ജിനു കുരുവിള കിഴക്കേമുട്ടത്ത്, റവ.ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ (വികാരി), ശ്രീ. കുര്യൻ ചാക്കോ (ജോസ്) പാറക്കാമണ്ണിൽ എന്നിവർ സമീപം.


## 9 – ാം ചരമ വാർഷികം

**18 – 05 – 2021**



## എം. ജെ. ഏബ്രഹാം

**(Rtd. P.W.D Engineer)**

**മലേശ്ശേരിൽ, വള്ളംകുളം**

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt -0

## 4 – ാം ചരമ വാർഷികം

**22 – 05 – 2021**



## Er. P.A. Philip

**(Rtd. Executive Engineer, PWD)**

**Puthuveettil, Ranny**

"നിത്യതയിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -0

# ക്നാനായദീപം മൊബൈൽ ആപ്പിൽ
## പരസ്യങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്.

**മൊബൈൽ ആപ്പ്**
**പരസ്യ ചാർജ്**

Full page
ഒരു വർഷം -15000/-
രണ്ടു വർഷം -25000/-
Half page
ഒരു വർഷം -10000/-
രണ്ടു വർഷം -17500/-

കോവിഡ് മഹാമാരിമൂലം യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ള ഈ പശ്ചാത്തലത്തിൽ ക്നാനായ ദീപത്തിലേയ്ക്കുള്ള പരസ്യങ്ങളും, മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.

E-mail: kna.deepam@gmail.com,
Whats App No. 8547584440

പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.

**Bank Details**

A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam,
IFSC SBIN0070128

M/S Knanaya Deepam
A/c No: 12990200001178
Federal Bank,
Chingavanam
IFSC FDRL0001299

E-mail: kna.deepam@gmail.com,
Whats App No. 8547584440




Contact : ഫാ. ജേക്കബ് കല്ലുകുളം, മാനേജിംഗ് എഡിറ്റർ
9447563240, 8547584440




**കൊറോണയ്ക്കെതിരെയുള്ള പോരാട്ടത്തിൽ പങ്കാളികളാകാം**

**CLEMIS**
**Offset Press**
**Chingavanam**
**0481-2430176**


നമ്മുടെ സമുദായത്തിലെ
പള്ളികളുടേയും
അനുബന്ധ
സ്ഥാപനങ്ങളുടേയും
അച്ചടി ജോലികൾ
(കളർ, ബ്ലായ്ക്ക് & വൈറ്റ്)
നൽകി സമുദായത്തിന്റെ
ഔദ്യോഗിക പ്രസ്സ് ആയ
ക്ലീമ്മിസ് പ്രസ്സിന്റെ
പ്രവർത്തനങ്ങളിൽ
സഹകരിക്കുക

(കളർ, ബ്ലാക്ക് & വൈറ്റ്)
നോട്ടീസുകൾ, ബ്രോഷറുകൾ,
സപ്ലിമെന്റുകൾ,
പ്രാർത്ഥനാ പുസ്തകങ്ങൾ

മാനേജർ
ക്ലീമ്മീസ് പ്രസ്സ്
ക്ലീമ്മീസ് സെന്റർ, ചിങ്ങവനം
Ph: 9605250791

## 3-ാം ചരമ വാർഷികം

15-05-2021



## ജോയി മാത്യു

ഇളപ്പുങ്കൽ, വെണ്ണിക്കുളം

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 40-ാം ചരമദിനം

16-05-2021



## കുഞ്ഞൂഞ്ഞമ്മ ചാക്കോ

ചിറയിൽ, പൂവൻതുരുത്ത്

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 2-ാം ചരമവാർഷികം

07-05-2021

## 29-ാം ചരമവാർഷികം

03-06-2021





## മറിയാമ്മ കുര്യൻ (പെണ്ണമ്മ)

## എം.സി. കുര്യൻ

മണിമല, ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 11th Birthday in Heaven

07-05-2021



## Adv. Julian Kuruvilla Jacob

Aronnil, Ranny

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

By Sorrowing Family

Advt - S

## വേർപാടിന്റെ 8 – ാം വാർഷികം

20 – 05 – 2021



## V. T. Kuriakose

**പഴയപീടികയിൽ, തുരുത്തിക്കാട്**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 5 – ാം ചരമ വാർഷികം

29 – 04 – 2021



## സണ്ണി ഏബ്രഹാം


**കല്ലംപറമ്പിൽ, റാന്നി (Boston)**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

| 33 – ാം ചരമവാർഷികം | 14 – ാം ചരമവാർഷികം | 11 – ാം ചരമവാർഷികം |
|---|---|---|
| 29 – 02 – 2021 | 29 – 05 – 2021 | 14 – 05 – 2021 |







| എം. യു. ഉതുപ്പാൻ | ചാച്ചിയമ്മ ഉതുപ്പാൻ | എം. ഒ. ഏബ്രഹാം |
|---|---|---|
| (ഉപ്പായിച്ചായൻ) | | (പ്രസാദ്) |

**മണിമലേത്ത് ഏജൻസി, റാന്നി**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

14 – ാം
ചരമവാർഷികം
09 – 05 – 2021

26 – ാം
ചരമവാർഷികം
04 – 08 – 2021



**കെ. റ്റി. ജോസഫ്**  **ചിന്നമ്മ ജോസഫ്**

കണ്ണന്താനത്ത്, റാന്നി, വടശ്ശേരിക്കര

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 11 – ാം ചരമ വാർഷികം

09 – 05 – 2021



**ലീലാമ്മ കുരുവിള**

ചിറ്റേട്ട്, ഐത്തല പി.ഒ., റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## Mrs. Saramma Stephen

**8th Year of Ascendancy to Heaven From This Transitorial Earthly Life**

21-05-2021



*Inserted by*

**Valanjanthuruthil Family**

## Prof. K. C. Kuriakose

**11th Year of Passing Away From This Mortal Life on**

11th June 2021



**Kunnirickal House**

Advt -S

## 5 – ാം ചരമവാർഷികം

11 – 05 – 2021



Advt -S

# എം. എ. ചാക്കോ

### മാമലത്താഴത്ത്, രാമമംഗലം

നിങ്ങൾക്കെല്ലാം ഞാൻ പ്രിയപ്പെട്ടവനായിരുന്നു. പക്ഷെ, നിങ്ങളിലുപരി എന്നെ ഇഷ്ടപ്പെടുന്നവൻ എന്നെ നിത്യ ജീവിതത്തിലേക്ക് ക്ഷണിച്ചു. ഇനി ഞാൻ നിങ്ങളുടെ പ്രാർത്ഥനകളിലും ഓർമ്മകളിലും മാത്രം.

*സന്തപ്ത കുടുംബാംഗങ്ങൾ*

## വേർപാടിന്റെ 13 – ാം വാർഷികം

26 – 05 – 2021



Advt - S

# Lidiya Elvis Nellickal


### Nellickal House
### Vallamkulam, Thiruvalla

**Appa & Amma (Elvis & Binu)**
**Achu & Vava (Lesly, Leen)**

Those we love don't go away, they walk beside us every day... unseen, unheard, but always near, still loved, still missed and very dear.

## 12 – ാം ചരമ വാർഷികം

9 – 05 – 2021



Advt - S

# Thomas Mathew
## (Thomachan)

**Arichippurathu, Changanacherry**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 40 – ാം ചരമദിനം

15 – 05 – 2021



Advt - O

# തങ്കമ്മ പുന്നൻ (92)

### കാവുങ്കൽ, അങ്ങാടി, റാന്നി

"ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു." 2 തിമൊഥെയോസ് 4: 7, 8

"നിത്യതയിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

# 11th Death Anniversary

**04 – 06 – 2021**



# Commander Bar Eto Mhaimno
# Dr. P. A. Jacob (Babu)

**Panachayil House, West Othera, Thiruvalla**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

Advt - S

**POABS GROUP**

## 40 – ാം ചരമദിനം

5 – 05 – 2021



# K. P. Abraham

(Rtd. Sales Tax Officer)

**Koithara, Kurichy**

ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു, വിശ്വാസം കാത്തു.
നീതിയുടെ കിരീടം എനിയ്ക്കായ് വെച്ചിരിക്കുന്നു.

ഭാര്യ – മോളി ഏബ്രഹാം
മക്കൾ – സീന, സാനു, സേതു   മരുമക്കൾ – പ്രകാശ്, ലാൻസി, റ്റിനു
കൊച്ചുമക്കൾ – ഡാനി, നേഹ, ആരോൺ, ജോഹൻ, അനിക, അലിസ, സെറ

Advt - O

## 25 – ാം ചരമവാർഷികം

14 – 05 – 2021



# V.K. KURIAN (പാപ്പച്ചൻ)

**കുന്നേൽ, കുറിച്ചി**


"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 13 – ാം ചരമവാർഷികം

18 – 05 – 2021



# M.M. Philip (പോത്തച്ചൻ)

**മാലത്തുശ്ശേരിൽ, ചിങ്ങവനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 17 – ാം ചരമവാർഷികം

28 – 04 – 2021

## 5 – ാം ചരമവാർഷികം

22 – 05 – 2021



# കെ. എ. മാത്യു   കുഞ്ഞമ്മ മാത്യു

**കളത്തിപ്പറമ്പിൽ, കിളിരൂർ,**

**കോട്ടയം**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - G

## 2 – ാം ചരമവാർഷികം

15-05-2021



Advt - S

## സൂസന്നാ സജി (കുഞ്ഞുമോൾ)

**വല്ലേലിൽ, വള്ളംകുളം, തിരുവല്ല**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 2 – ാം ചരമ വാർഷികം

2-05-2021



Advt -R

## സാറാമ്മ ജേക്കബ് (മോളി)

**മേലേത്ത് പേരൂത്തറ, വള്ളംകുളം, തിരുവല്ല**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ



## 2 – ാം ചരമവാർഷികം

6-05-2021

## K. U. മാത്തുക്കുട്ടി

**(കുഞ്ഞുമോൻ)**

**പഴയകളം നെയ്ശ്ശേരിൽ**
**കുറിച്ചി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

# 6 – ാം ചരമവാർഷികം

23–05–2021



## റീവ് മാത്യു

ഒറ്റപ്ലാമൂട്ടിൽ
ചിക്കാഗോ, യു.എസ്.എ

Advt -R

# നിത്യതയ്ക്കുവേണ്ടി ഒരുങ്ങുന്നവർ

**ഫാ. സിജിൽ ജോസ് വിലങ്ങൻപാറ**

അടുത്തകാലത്ത് പത്രത്തിൽവന്ന ഒരു വാർത്ത ഇപ്രകാരമായിരുന്നു. കൊച്ചി സ്വദേശിയായ ഒരു വ്യക്തി കോടികൾ വിലമതിക്കുന്ന തന്റെ സ്ഥലം നിർദ്ധനരായ പതിനാറ് കുടുംബങ്ങൾക്കായി പങ്കുവച്ചുകൊടുക്കുന്നു. അതിന് അദ്ദേഹത്തെ പ്രേരിപ്പിച്ച ഒരു കാരണമുണ്ട് അദ്ദേഹത്തിന്റെ പിതാവ് മരിക്കുന്നതിനു മുമ്പ് തന്റെ വിൽപത്രത്തിൽ ഇപ്രകാരം എഴുതിവച്ചിരുന്നു "ജീവിക്കാൻ ആവശ്യമുള്ളത് കരുതിവച്ചതിനുശേഷം ബാക്കിയുള്ളത് പാവങ്ങൾക്ക് നൽകണം ". പിതാവിന്റെ ആഗ്രഹം മാനിച്ച മകൻ പറയുന്നതിപ്രകാരമാണ്. "സമ്പത്തെല്ലാം കൂട്ടിവയ്ക്കുന്നതിനെക്കാൾ ആനന്ദം പങ്കിടുന്നതിലാണ്".

നിത്യതയെ സ്വപ്നം കണ്ട് ജീവിക്കുന്നവർ ഇത്തരം കാര്യങ്ങൾ മാതൃകയാക്കേണ്ടതായിട്ടുണ്ട്. മക്കൾക്ക് ചെയ്തുകൊടുക്കേണ്ടതെല്ലാം ചെയ്തുകഴിഞ്ഞാൽ പിന്നെ നിത്യതയെ മാത്രം ലക്ഷ്യമാക്കി കാര്യങ്ങൾ ക്രമപ്പെടുത്തണം. യൂറോപ്പിലെ കഴിഞ്ഞ തലമുറകൾ ഈ കാര്യത്തിൽ നമുക്ക് പ്രചോദനമാണ്. അവർ മിഷൻ പ്രവർത്തനം, സ്കോളർഷിപ്പുകൾ, വിവിധ എൻഡോവ്മെന്റുകൾ, ജീവകാരുണ്യ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കായി വാർദ്ധക്യത്തിൽ തങ്ങളുടെ സമ്പത്ത് പങ്കുവയ്ക്കുകയോ വിൽപത്രത്തിൽ എഴുതിവയ്ക്കുകയോ ചെയ്യാറുണ്ട്. ദൈവം നമുക്ക് നൽകുന്ന സമ്പത്ത് നമ്മുടെ കുടുംബത്തിനു വേണ്ടി മാത്രം ചെലവാക്കാനുള്ളതല്ല. പ്രത്യുത ദൈവരാജ്യ വിസ്തൃതിക്കുവേണ്ടിയും മനുഷ്യവംശം മുഴുവന്റെയും ക്ഷേമത്തിനായും ചെലവഴിക്കാൻ കൂടിയുള്ളതാണ്.

മറ്റുള്ളവർക്ക് നാം നമുക്കുള്ളത് സ്നേഹത്തോടെ പങ്കുവെക്കുമ്പോൾ യേശുവിനെ തന്നെയാണ് നൽകുന്നത്. നാം നമുക്കുവേണ്ടി ചെലവഴിച്ച സമ്പത്തെല്ലാം തീർന്നുപോകും. എന്നാൽ സുവിശേഷത്തെ പ്രതി ചെലവഴിച്ചതെല്ലാം സ്വർഗ്ഗത്തിൽ നിക്ഷേപമായി കാത്തുസൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

"സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല. കള്ളന്മാർ മോഷ്ടിക്കുകയില്ല" (മത്തായി 6:20).

സുറിയാനി സഭയിലെ വലിയ വിശുദ്ധനായിരുന്നു മരുഭൂമിയിലെ പിതാവ് എന്ന് അറിയപ്പെടുന്ന വി. അന്തോണിയോസ്, ഒരിക്കൽ ഒരു സുവിശേഷ പ്രഘോഷണം കേട്ടതിലൂടെ ദാനധർമ്മത്തിന്റെയും പങ്കുവയ്ക്കലിന്റെയും മഹത്വം മനസ്സിലാക്കിയ വലിയ സമ്പന്നനായിരുന്ന അദ്ദേഹം തനിക്കുള്ളതെല്ലാം ആവശ്യക്കാർക്ക് വിതരണം ചെയ്തു വലിയ ആത്മീയ ആനന്ദം അനുഭവിച്ചു

വലിയ നിരാശയിലൂടെയും അസമാധാനത്തിലൂടെയും കടന്നുപോയ തിരുവചനത്തിൽ നാം കാണുന്ന ധനികനായ സക്കായിയും തനിക്കുള്ള സമ്പത്ത് അർഹതപ്പെട്ടവർക്ക് പങ്കുവച്ചപ്പോൾ മാത്രമാണ് അദ്ദേഹവും യഥാർത്ഥ ആന്തരിക സന്തോഷത്തിലേയ്ക്ക് പ്രവേശിക്കുന്നതെന്ന് തിരുവചനത്തിലൂടെ നമ്മൾ മനസ്സിലാക്കുന്നു. തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

"ദാനം ചെയ്യുന്നതിൽ മടി കാണിക്കരുത്. പാവപ്പെട്ടവനിൽ നിന്നു മുഖം തിരിച്ചുകളയരുത്. അപ്പോൾ ദൈവം നിന്നിൽ നിന്നു മുഖം തിരിക്കുകയില്ല. സമ്പത്തേറുമ്പോൾ അതനുസരിച്ച് ദാനം ചെയ്യുക. കുറച്ചേ ഉള്ളൂവെങ്കിൽ അതനുസരിച്ച് ദാനം ചെയ്യാൻ മടിക്കരുത്. ദരിദ്രകാലത്തേയ്ക്ക് ഒരു നല്ല സമ്പാദ്യം നേടിവയ്ക്കുകയായിരിക്കും നീ അതുവഴി ചെയ്യുന്നത്" (തൂബിദ് 4:7-9).

ലോകം മുഴുവൻ പടർന്ന് പന്തലിച്ചു കിടക്കുന്ന കോൾഗേറ്റ് കമ്പനിയുടെ സ്ഥാപകനായിരുന്ന വില്യം കോൾഗേറ്റ് തന്റെ 18-ാ മത്തെ വയസ്സിൽ ഒരിക്കൽ ജോലി അന്വേഷിച്ചു നടക്കുകയായിരുന്നു. വഴിയിൽവച്ച് ഒരു ബോട്ട് ഡ്രൈവറെ അദ്ദേഹം പരിചയപ്പെടുകയുണ്ടായി. ആ നല്ലവനായ മനുഷ്യൻ കൊച്ചുവില്യമിന് ജീവിതത്തിൽ വിജയിക്കാനുള്ള ഏതാനും ഉപദേശങ്ങൾ നല്കി . നന്നായി പ്രാർത്ഥിക്കണം, നല്ല വിശ്വസ്തനായിരിക്കണം, ആഴമേറിയ ദൈവ വിശ്വാസിയായിരിക്കണം, നന്നായി അദ്ധ്വാനിക്കണം, നന്നായി നീ ദാനധർമ്മം ചെയ്യുന്നവനുമായിരിക്കണം. ഈ കാര്യങ്ങളിൽ നീ ശ്രദ്ധയുള്ളവനാണെങ്കിൽ നീ ജീവിതത്തിൽ വിജയിക്കുമെന്ന് പറഞ്ഞു വില്യമിനെ ഉപദേശിച്ചു. വില്യം ഈ കാര്യങ്ങൾ എല്ലാം പിൽക്കാലത്ത് ഏറ്റവും അധികം ശ്രദ്ധിച്ചു. തന്റെ കമ്പനിയുടെ അടിസ്ഥാനപ്രമാണങ്ങളാക്കി ഈ ഉപദേശങ്ങളെ സ്വീകരിച്ചു. തലമുറകൾ മാറിയപ്പോഴും ഈ അടിസ്ഥാന പ്രമാണങ്ങളിൽ കമ്പനി ഉറച്ചു നിൽക്കുന്നു. അവരുടെ ലാഭത്തിന്റെ 80% ദാനധർമ്മത്തിനായി ഉപയോഗിക്കുന്നു. ലോകത്തിലെ 55% ജനങ്ങൾ ഉപയോഗിക്കുന്നത് കോൾഗേറ്റ് കമ്പനിയുടെ ഉല്പന്നങ്ങൾ ആണ്.

ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾക്കായി അവർ നിലകൊണ്ടപ്പോൾ ദൈവം അവരെ ഉയർത്തി. വചനം നമ്മെ പ്രചോദിപ്പിക്കുന്നു. "കൊടുക്കുവിൻ, നിങ്ങൾക്കു കിട്ടും. അമർത്തിക്കുലുക്കി നിറച്ചളന്ന് അവർ നിങ്ങളുടെ മടിയിൽ ഇട്ടുതരും. നിങ്ങൾ അളക്കുന്ന അളവു കൊണ്ടുതന്നെ നിങ്ങൾക്കും അളന്നു കിട്ടും" (ലൂക്കോ.6:38). സങ്കീർത്തനത്തിൽ നമ്മൾ വായിക്കുന്നു. "ദരിദ്രനോടു ദയ കാണിക്കുന്നവർ ഭാഗ്യവാൻ. കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും" (സങ്കീ.41:1). തുബിദിന്റെ പുസ്തകത്തിൽ നമ്മൾ കാണുന്നു "വിശക്കുന്നവനുമായി നിന്റെ അപ്പം പങ്കിടുക. നഗ്നനുമായി നിന്റെ വസ്ത്രവും. മിച്ചമുള്ളതു ദാനം ചെയ്യുക. ദാനധർമ്മം ചെയ്യുന്നതിൽ മടികാണിക്കരുത്" (തുബിദ് 4:16).

**ഉപസംഹാരം**

അനേകം പേർ ദൈവവചനം നന്നായി കേൾക്കുന്നുണ്ട്, വിശുദ്ധിയിൽ ജീവിക്കാൻ പരിശ്രമിക്കുന്നുണ്ട്. എന്നാൽ ഇത്തരം വിശ്വാസികൾ തന്നെ തനിക്കുള്ളത് അർഹതയുള്ളവർക്ക് നൽകുവാൻ മടികാണിക്കുന്നത് ഏറെ ദുഃഖകരമാണ്. തിരുവചനത്തിൽ തന്നെ നാം കാണുന്നു ധനികനായ ഒരു ചെറുപ്പക്കാരൻ നിത്യത പ്രാപിപ്പാൻ താൻ എന്തു ചെയ്യണമെന്ന് യേശുവിനോട് ചോദിക്കുന്നു. നിനക്കുള്ള സമ്പത്ത് മറ്റുള്ളവർക്കായി പങ്കുവെക്കുക എന്ന യേശുവിന്റെ മറുപടി അവനെ നിരാശനാക്കി. നമുക്കുള്ളത് മുഴുവൻ മറ്റുള്ളവർക്ക് നല്കണമെന്ന് അർത്ഥമില്ല. എന്നാൽ നമുക്ക് ഉള്ളതിന്റെ നല്ലൊരു പങ്ക് ആവശ്യക്കാർക്കു നൽകണമെന്നാണ് തിരുവചനം നമ്മെ പഠിപ്പിക്കുന്നത്.

# കുടുംബം ഒരു വ്യക്തിത്വ വികസന കളരി

**റ്റി. സി. തോമസ് തോപ്പിൽ** (ക്നാനായ കമ്മിറ്റി അംഗം)

സ്കൂൾ വിട്ടു വന്ന് കാപ്പികുടിയൊക്കെ കഴിഞ്ഞപ്പോൾ റോണിമോനോട് അമ്മ ചോദിച്ചു. മോന്റെ പ്രോഗ്രസ് കാർഡ് കിട്ടിയില്ലേ? ഇല്ലമ്മേ അവൻ വലിയ ഉത്സാഹമില്ലാതെ പറഞ്ഞു. റോണി മോൻ നാലാം ക്ലാസ്സിലാണ് പഠിക്കുന്നത്. അവന്റെ മാർക്കുകൾ അറിയാൻ അമ്മയ്ക്ക് അതിയായ ആഗ്രഹമുണ്ട്. ട്യൂഷനൊക്കെ ഉണ്ടെങ്കിലും വലിയ പുരോഗതിയൊന്നും കാണുന്നില്ല. ഇപ്പോഴും ബി ഗ്രേഡ് തന്നെ. വൈകുന്നേരം അച്ഛൻ വന്നപ്പോൾ അന്വേഷിച്ചു അവന്റെ പ്രോഗ്രസ് കാർഡ് ഇപ്രാവശ്യം എങ്ങനെയുണ്ട്? പ്രോഗ്രസ് കാർഡ് കിട്ടിയില്ലല്ലോ അമ്മ പറഞ്ഞു. ഇവന്റെ ക്ലാസ്സിലുള്ള അരുണിന് എ ഗ്രേഡുണ്ട് എന്നവന്റെ അച്ഛൻ പറഞ്ഞല്ലോ. റോണിമോന്റെ അച്ഛനും അരുണിന്റെ അച്ഛനും ജോലി ചെയ്യുന്നത് ഒരേ ഓഫീസിലാണ്. റോണിമോൻ കളിക്കാൻ പോയിരിക്കുകയായിരുന്നു. സംശയം തോന്നിയ അമ്മ അവന്റെ പുസ്തകങ്ങളും നോട്ടുബുക്കുകളും പരിശോധിച്ച് അവന്റെ പ്രോഗ്രസ് റിപ്പോർട്ട് കണ്ടെത്തി. അമ്മയ്ക്കു ദേഷ്യം വന്നു. ഇന്ന് ആവർത്തിച്ചു ചോദിച്ചിട്ടും അവൻ കള്ളം പറഞ്ഞു. ഇതിനു മുൻപും അവൻ കള്ളം പറഞ്ഞിട്ടുണ്ട്. അന്നൊക്കെ അവനെ ഉപദേശിച്ചിട്ടുണ്ട്. ഇനിയും കള്ളം പറയുകയില്ല എന്ന പ്രതിജ്ഞയും എടുപ്പിച്ചതാണ്.

അമ്മയും അച്ഛനും ആലോചിച്ചു അവന്റെ കളവു പറച്ചിൽ അവസാനിപ്പിക്കണം. അവനൊരു ചെറിയ ശിക്ഷ കൊടുക്കണമെന്നു തീരുമാനിച്ചു. കളികഴിഞ്ഞു വന്നപ്പോൾ അമ്മയും അച്ഛനും കൂടി ചോദ്യം ചെയ്തപ്പോഴും അവൻ കളവു പറയാൻ ശ്രമിച്ചു. കണ്ടെടുത്ത പ്രോഗ്രസ് കാർഡ് കാണിച്ചപ്പോൾ അവൻ സത്യം സമ്മതിക്കേണ്ടി വന്നു. കളവു പറഞ്ഞതിന് അവർ അവനൊരു ശിക്ഷ നൽകി. തിരുകുടുംബത്തിന്റെ ഫോട്ടോയുടെ മുന്നിൽ മുട്ടിൽ നിന്ന് 15 മിനിറ്റ് ഇനിയും കള്ളം പറയാൻ തോന്നാതിരിക്കാൻ പ്രാർത്ഥിക്കുക. അവൻ യാതൊരു എതിർപ്പും കൂടാതെ മുട്ടിൽ നിന്നു ശിക്ഷ അനുസരിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ ഒരു സംഘമാളുകൾ ഗെയിറ്റ് കടന്നുവരുന്നു. കൈയ്യിൽ നോട്ടീസ്, രസീതു ബുക്ക് തുടങ്ങിയവയുമുണ്ട്. ആ നാട്ടിലെ പാവപ്പെട്ട ഒരു വൃക്കരോഗിയുടെ വൃക്കമാറ്റിവയ്ക്കൽ ചികിത്സക്കു ധനസഹായം അഭ്യർത്ഥിച്ചുവന്നവരാണ് അവർ. അച്ഛനു പെട്ടെന്നൊരു ബുദ്ധി തോന്നി. ഭാര്യയോടു രഹസ്യമായി പറഞ്ഞു. ഞാനിവിടെ ഇല്ലാ എന്നു പോയി പറഞ്ഞേക്ക്. ശല്യം ഒഴിവായി പോകട്ടെ. അവർ മുൻവശത്തേക്കു ചെന്നു. പിരിവുകാർ അഭ്യർത്ഥന അടങ്ങിയ നോട്ടീസ് കൊടുത്തു. പുള്ളിക്കാരനിവിടെ ഇല്ലല്ലോ. അവർ പറഞ്ഞു. വീട്ടമ്മയിൽ നിന്നും ഒന്നും കിട്ടുന്ന ലക്ഷണമില്ല. അതുകൊണ്ട് അവർ നിരാശരായി പിൻവാങ്ങി. പിരിവുകാർ പോയി കഴിഞ്ഞപ്പോൾ അച്ഛൻ വിജയശ്രീലാളിതനായി മുൻവശത്തെ മുറിയിലേക്കു വന്നു ഭാര്യയോടു പറഞ്ഞു, രക്ഷപെട്ടു. ഭാര്യയും സന്തോഷിച്ചു. അപ്പോഴാണ് ആ ശബ്ദം 'അമ്മയേയും മുട്ടിൽ നിർത്തണം' മുട്ടിന്മേൽ നിൽക്കുന്ന റോണിമോൻ വിളിച്ചു പറഞ്ഞു. കുട്ടിയുടെ വാക്കുകൾ കേട്ട് മാതാപിതാക്കൾ ഞെട്ടിപ്പോയി. നിസ്സാരമെന്നു കരുതി ചെയ്ത ഈ പ്രവൃത്തിയുടെ ഗൗരവം അപ്പോഴാണ് അവർക്ക് മനസ്സിലായത്. കളവു പറഞ്ഞതിനു മകനെ ശിക്ഷിച്ച അച്ഛനും അമ്മയും കളവു പറഞ്ഞിരിക്കുന്നു. കുട്ടികളുടെ മുൻപിൽ വച്ച് വീട്ടിൽ വരുന്ന സന്ദർശകരോടും മറ്റും കള്ളം തട്ടിവിടുന്ന മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ കളവിന്റെ ആദ്യ പാഠങ്ങൾ പഠിപ്പിക്കയാണ് എന്നു തിരിച്ചറിയുന്നുണ്ടോ?

നിരീക്ഷണ പാടവവും അനുകരണ പ്രവണതയും കുട്ടികളിൽ വളരെ പ്രബലമാണ്. അച്ഛനും അമ്മയും മുതിർന്നവരും പറയുന്ന ഓരോ വാക്കും ചെയ്യുന്ന ഓരോ പ്രവർത്തിയും കുട്ടികൾ ശ്രദ്ധിക്കുകയും മാതൃകയാക്കുകയും ചെയ്യും. അത് അവരുടെ സ്വഭാവ രൂപീകരണത്തിലും വ്യക്തിത്വ വികസനത്തിലും സ്വാധീനം ചെലുത്തുന്നു. മാതാപിതാക്കൾ പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതു കാണുന്ന കുട്ടി സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും സാമൂഹ്യ വീക്ഷണത്തിന്റെയും ആദ്യ പാഠങ്ങൾ സ്വന്തം കുടുംബത്തിൽ നിന്നും അഭ്യസിക്കുന്നു. മാതൃഭാഷ കുട്ടികൾ സ്വാഭാവികമായി പഠിക്കുന്നതുപോലെ മൂല്യങ്ങളും വ്യക്തിത്വ വികസനവും കുടുംബം എന്ന കളരിയിൽ നിന്നും സ്വയം ആർജ്ജിക്കുന്നു. മൂല്യങ്ങൾ പഠിപ്പിക്കുവാൻ കഴിയുകയില്ല. അവ ചുറ്റുപാടുകളിൽ നിന്ന് സ്വായത്തമാക്കേണ്ടതാണ്.

രക്ഷാകർത്താക്കൾ 'റോൾ മോഡൽസ്' ആയിരിക്കണമെന്നു പറയാറുണ്ട്. അതിനർത്ഥം അവരേപ്പോലെയാകണം എന്നല്ല. ഗാന്ധിജിയും ഏബ്രഹാം ലിങ്കണും മദർ തെരേസയുമൊക്കെ റോൾ മോഡലുകളാണ്. ആർക്കും അവരെപ്പോലെയാകാൻ കഴിയില്ല. വിദ്യാഭ്യാസം സ്കൂളിൽ നിന്നുമാത്രം ലഭിക്കുന്ന ഒരു വസ്തുവല്ല. കുടുംബം പ്രഥമ വിദ്യാലയം എന്നു പറയുന്നുണ്ടല്ലോ?

"തിങ്കളും താരങ്ങളും തൂവെള്ളിക്കതിർ തൂവും

തുംഗമാം വാനിൽ ചോട്ടിലാണെന്റെ വിദ്യാലയം"

എന്ന പദ്യശകലത്തിന് ഔപചാരിക വിദ്യാഭ്യാസത്തിന

---

"ലൗകിക സമ്പത്ത് ഉണ്ടായിരിക്കെ, ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും"? (1 യോഹ. 3:17).

ഈ ഭൗമ ലോകത്തുനിന്നു നാം യാത്ര പറയുമ്പോൾ ഇവിടെ നിന്നും ഒന്നും കൊണ്ടുപോകുവാൻ നമുക്ക് സാധിക്കില്ല. അല്പകാലത്തെ ഈ ജീവിതത്തിൽ പരസ്പരം മറ്റുള്ളവരെ സ്നേഹിച്ചും, വാക്കുകൾകൊണ്ടു മാത്രമല്ല പ്രവർത്തിക്കൊണ്ടും. വചനം പറയുന്നു "കുഞ്ഞുമക്കളെ വാക്കിലും സംസാരത്തിലും മാത്രമല്ല നാം സ്നേഹിക്കേണ്ടത്. പ്രവൃത്തിയിലും സത്യത്തിലും കൂടിയാണ്" (1 യോഹ.3:18) ഇപ്രകാരം സ്നേഹം പ്രകടിപ്പിച്ച് തീക്ഷ്ണതയോടെ ഒരു ക്രൈസ്തവ ജീവിതം നമുക്ക് പടുത്തുയർത്താം.

പ്പുറം സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും പലതും പഠിക്കാനുണ്ടെന്നു നമ്മെ ഓർമ്മപ്പെടുത്തുന്നു. ജനിക്കുമ്പോൾ സത്യസന്ധരും ഭാവിയിൽ ഭീരുക്കളായി മാറുന്നതിന് വിത്തുപാകുന്നതും അവരുടെ രക്ഷിതാക്കളാണ്. കുഞ്ഞു കുഞ്ഞു കാര്യങ്ങളിൽ കുഞ്ഞുങ്ങളെ പേടിപ്പിക്കാൻ 'കാട്ടുമാക്കാൻ വരും, ഉമ്മാക്കി പിടിക്കും' എന്നിങ്ങനെ ഇല്ലാത്ത കള്ളത്തരങ്ങൾ പറയുന്ന അമ്മമാർ കുഞ്ഞുങ്ങളിൽ ഭയം ജനിപ്പിച്ച് എല്ലാക്കാലത്തേക്കുമുള്ള ദ്രോഹമാണ് ചെയ്യുന്നത്. സ്വാമി വിവേകാനന്ദൻ ഭാരതത്തിലെ കുഞ്ഞുങ്ങൾക്കു നൽകുന്ന ഏറ്റവും വലിയ ആഹ്വാനം 'അഭീ' എന്നാണ്. പേടിക്കാതിരിക്കുക. യേശുവിനെയും യൂദാസിനെയും സൃഷ്ടിക്കുന്നത് ഒരേ സമൂഹവും കുടുംബ പശ്ചാത്തലവുമാണ്. ഒരു കുട്ടിയുടെ വ്യക്തിത്വ വികസനത്തിൽ കുടുംബ അന്തരീക്ഷത്തിനുള്ള സ്ഥാനം വളരെ വലുതാണ്. കുടുംബം ദൈവത്താൽ സ്ഥാപിതമായ ഒരു സംവിധാനമാണ്. ജീവിതത്തിനു നിറവും സുഗന്ധവും പകരുന്ന ആരാമമാണ് കുടുംബം. പൂത്തുലഞ്ഞു പുഷ്പിച്ചു നിൽക്കുന്ന ഒരു ചെടിപോലെ ഭർത്താവ് അതിന്റെ തായ്‌വേരാണെങ്കിൽ ഭാര്യ അതിന്റെ തണ്ടും ഇലയുമാണ്. മക്കൾ അതിൽ വിരിഞ്ഞു നിൽക്കുന്ന പൂക്കളാണ്. സ്നേഹത്തിന്റെ അംഗീകാരത്തിന്റെ ആദരവിന്റെ ആശ്വാസത്തിന്റെ ആശംസയുടെ ബാലപാഠങ്ങൾ അഭ്യസിക്കുന്ന കളരി എന്ന നിലയിൽ കുടുംബത്തിനു സമൂഹത്തിലുള്ള സ്ഥാനം വളരെ ഉന്നതമാണ്. ഒരു വ്യക്തിയുടെ ഉയർന്ന വ്യക്തിത്വം വാർത്തെടുക്കുന്ന പരിശീലനക്കളരി എന്ന നിലയിൽ കുടുംബത്തിനുള്ള പങ്ക് അതുല്യമാണ്. 'ചൊട്ടയിലെ ശീലം ചുടലവരെ' എന്ന ചൊല്ലിന് കുടുംബമെന്ന കളരിയുമായി അഭേദ്യമായ ബന്ധമുണ്ട്. ●


## ആശംസകൾ



**പ്രീതി കുറിയാക്കോസ്**

ചരിവുകാലായിൽ

സെന്റ് തോമസ് വലിയപള്ളി, റാന്നി

**വനിതാസമാജം ട്രസ്റ്റി**


# മോചനം

**ബിജു ഇ.പി. ഇളംപള്ളിൽ**

ക്ഷമയുള്ള ജീവിതം എന്നും നയിക്കുവാൻ
അടിയരെ, യോഗ്യരാക്കിടണേ ദൈവമേ..!
തെറ്റുകുറ്റങ്ങളും ദേഷ്യം വൈരാഗ്യവും
ക്ഷമയോടെ കാണുവാൻ കൃപ നീ ഏകണേ.
ആകുല ചിന്തയാൽ വ്യാകുലരാകുമ്പോൾ
ആശ്വാസമേകുവാൻ ആഗതൻ ആകണേ..
ആപത്തു വേളയിൽ അടിപതറിടുമ്പോൾ
അടിയർക്ക് തുണ നീ ഏകണേ ദൈവമേ...
മാതാപിതാക്കളെയും, ഗുരുഭൂതൻ മാരേയും
മാന്യമായി കാണുവാൻ മാറ്റൊലി ഏകണേ...
ഉറ്റ മിത്രങ്ങളെ സ്വന്തം സഹോദരരായി
എന്നും ഗണിക്കുവാൻ കൃപ നീഏകണേ...

കൊഞ്ചും മനസ്സുള്ള പിഞ്ചു കിടാങ്ങളെ
നെഞ്ചോടു ചേർക്കുവാൻ അൻപു-ണ്ടാകണേ
ലൗകീക ചിന്തയിൽ ആകൃഷ്ടരാകാതെ
ദൈവീക ചിന്തയിൽ എന്നുള്ളം നിറയ്ക്കണേ..

# ക്നാനായദീപം അറിയിപ്പുകൾ

പ്രിയ വായനക്കാരെ,

ക്നാനായ ദീപത്തിന്റെ വരിസംഖ്യ **2020** ലെ കുടിശ്ശിഖ ആയിരിക്കുകയാണ്. 2020 ജനുവരി ലക്കം മുതൽ Rs. **150**/ (നൂറ്റി അൻപത്) രൂപയാണ്. കോവിഡ് കാലഘട്ടമായതിനാൽ വരിസംഖ്യ പിരിക്കുവാൻ ചുരുക്കമായേ കളക്ഷൻ ഏജന്റുമാർ ഭവനങ്ങളിൽ വരുന്നുള്ളു.

വരിസംഖ്യ കുടിശ്ശിഖ ദയവായി ക്നാനായ ദീപം ഓഫിസിലോ, ചുവടേ ചേർക്കുന്ന ബാങ്ക് അക്കൗണ്ടിൽ Online ആയോ അടക്കുക. നിങ്ങളുടെ കുടിശ്ശിഖ അറിയുന്നതിന് ക്നാനായദീപം മാസിക വരുന്ന അഡ്രസ്സ് ക്നാനായദീപത്തിന്റെ Whatsapp No. 8547584440 ൽ Message ആയി അയച്ചാൽ അറിയിക്കുന്നതാണ്. ദയവായി ദീപത്തിന്റെ കുടിശിഖകൾ അടക്കണമേ. ഇൻഡ്യയ്ക്ക് വെളിയിലേക്ക് ദീപം ഇപ്പോൾ അയക്കുവാൻ സാധിക്കുന്നില്ല. വിമാന സർവ്വീസുകൾ സാധാരണ നിലയിൽ ആകുമ്പോൾ മാത്രമേ സാധിക്കുകയുള്ളു. വിദേശത്തുള്ളവർ Play store ൽ നിന്നും knanayadeepam Mobile App. ഡൗൺലോഡ് ചെയ്യുക.

www.knanayadeepam.in - ലും ക്നാനായദീപം മാസിക വായിക്കാവുന്നതാണ്.

എന്ന്

മാനേജിംഗ് എഡിറ്റർ

ഫോൺ. 9447563240, 8547584440

kna.deepam@gmail.com.

## Bank Details

| | |
|---|---|
| A/c.No. 57004254154<br>Chef Editor and Mg. Editor<br>Knanayadeepam<br>SBI Chingavanam<br>IFSC SBIN 0070128 | Knanayadeepam<br>A/c.No. 12990200001178<br>Federal Bank,<br>Chingavanam.<br>IFSC. FDRL 0001299 |

# എട്ടുവയസ്സുകാരന്റെ ദൈവ സങ്കല്പം

സി. ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

ഒരു വിദ്യാലയത്തിലെ മൂന്നാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് അവരുടെ അദ്ധ്യാപിക ഒരു ഉപന്യാസ മത്സരം നടത്തി. അതിനു നൽകിയ വിഷയം: ദൈവത്തെക്കുറിച്ച് എന്തു വിശ്വസിക്കുന്നു എന്നുള്ളതായിരുന്നു. ഏഴോ എട്ടോ വയസ്സുള്ള കുട്ടികൾക്ക് ഇങ്ങനെയൊരു വിഷയം നൽകിയതിന്റെ ഔചിത്യം ചോദ്യം ചെയ്യപ്പെടാം. എന്നാൽ ദൈവത്തെക്കുറിച്ച് ചില സങ്കല്പങ്ങൾ മാതാപിതാക്കളിൽ നിന്നും മതപഠനക്ലാസ്സുകളിൽ നിന്നുമെല്ലാം കുട്ടികളിൽ രൂപപ്പെട്ടിട്ടുണ്ടാകാം. കുട്ടികളുടെ ധാരണ അവരുടെ വാക്കുകളിൽ വെളിപ്പെടുത്താനാണ് ആവശ്യപ്പെട്ടത്. ഡാനി ഡട്ടൺ എന്ന എട്ടുവയസ്സുകാരൻ എഴുതിയ ഹ്രസ്വമായ ഉപന്യാസം സമ്മാനാർഹമായി. അത് സ്കൂളിലെ ന്യൂസ് ലെറ്ററിൽ പ്രസിദ്ധപ്പെടുത്തി; പിന്നീട് പ്രാദേശിക പത്രത്തിലും.

ദൈവത്തിന്റെ പ്രധാന ജോലി മനുഷ്യരെ സൃഷ്ടിക്കുകയാണ്. മരിച്ച് മൺമറയുന്നവരുടെ സ്ഥാനം നികത്താനാണ് പുതിയ സൃഷ്ടി നടത്തുന്നത്. കാരണം, ഭൂമിയിലെ കാര്യങ്ങൾ നിർവ്വഹിക്കാൻ മനുഷ്യൻ വേണ്ടിയിരിക്കുന്നു. ദൈവം മുതിർന്നവരെയല്ല സൃഷ്ടിക്കുന്നത്. ശിശുക്കൾ ചെറിയവരായതു കൊണ്ട് അവരെ സൃഷ്ടിക്കുന്നതാണ് ദൈവത്തിന് എളുപ്പം എന്ന് എനിക്ക് തോന്നുന്നു. മറ്റൊന്നു കൂടി, ദൈവത്തിന്റെ വിലപ്പെട്ട സമയം, ശിശുക്കളെ നടക്കാനും സംസാരിക്കാനും അഭ്യസിപ്പിക്കുന്നതിനും നഷ്ടപ്പെടുത്തേണ്ടതില്ല. ആ ചുമതല അവരുടെ മാതാപിതാക്കളെ ദൈവത്തിന് ഏല്പിക്കാം. അത് ഒരു നല്ല ക്രമീകരണമാണെന്ന് എനിക്കു തോന്നുന്നു.

ദൈവത്തിന്റെ പ്രധാനപ്പെട്ട രണ്ടാമത്തെ ജോലി മനുഷ്യരുടെ പ്രാർത്ഥനകൾ കേൾക്കുക എന്നുള്ളതാണ്. ഒത്തിരി പ്രാർത്ഥന ഭൂമിയിൽ നിന്നുയരുന്നുണ്ട്. ഉപദേശിമാരും അച്ചന്മാരും ഒക്കെ കിടക്കാൻ നേരമല്ലല്ലോ പ്രാർത്ഥിക്കുന്നത്. എന്റെ വല്യപ്പനും വല്യമ്മയും ഭക്ഷണം കഴിക്കുമ്പോഴെല്ലാം പ്രാർത്ഥിക്കുന്നുണ്ട്. അതുകൊണ്ടല്ലോ ദൈവത്തിന് റേഡിയോ കേൾക്കാനോ ടിവി കാണാനോ സമയവും സൗകര്യവും കിട്ടുന്നില്ല. ദൈവം എല്ലാം കേൾക്കുന്നവനാണല്ലോ. പ്രാർത്ഥനകൾ മാത്രമല്ല മനുഷ്യൻ ഉണ്ടാക്കുന്ന മറ്റു ശബ്ദകോലാഹലങ്ങളും കേൾക്കേണ്ടിവരും. ഒരു പക്ഷെ അവയൊക്കെ കേൾക്കാതിരിക്കാനുള്ള സംവിധാനം ദൈവത്തിന് കാണും. നമുക്ക് ഇഷ്ടമില്ലാത്ത ചാനൽ നമ്മൾ മാറ്റുന്നതുപോലെയോ നിറുത്തുന്നതുപോലെയോ ആകാം. എനിക്കു തോന്നുന്നു നമ്മൾ കുറേക്കൂടി നിശബ്ദത പാലിക്കാൻ പഠിക്കണമെന്ന്. ദൈവം എല്ലാം കാണുന്നു, എല്ലാം കേൾക്കുന്നു. എല്ലായിടത്തും വ്യാപരിക്കുന്നു. അതുമൂലം ദൈവത്തിന് നല്ല തിരക്കുമാകാം. അതുകൊണ്ട് ആവശ്യമില്ലാത്തതിനൊന്നും ദൈവത്തെ ശല്യപ്പെടുത്തരുത്. ചെറിയ ചെറിയ കാര്യങ്ങൾ കൊണ്ട് ദൈവത്തിന്റെ സമയം നഷ്ടപ്പെടുത്തരുത്. നമുക്ക് ആവശ്യമില്ല എന്ന് മാതാപിതാക്കൾ നമ്മോടു പറയുന്ന കാര്യങ്ങൾ ദൈവത്തോടു ചെന്നു പറയേണ്ടതായിട്ടുമില്ല.

എട്ടുവയസ്സുകാരന്റെ സങ്കല്പങ്ങളും ധാരണകളും ബാലിശമെന്ന് മുതിർന്നവർക്ക് തോന്നിയേക്കാം. എങ്കിലും അതിന്റെ അടിസ്ഥാന സങ്കല്പങ്ങളും ധാരണകളും

**ദൈവത്തിന്റെ പ്രധാനപ്പെട്ട രണ്ടാമത്തെ ജോലി മനുഷ്യരുടെ പ്രാർത്ഥനകൾ കേൾക്കുക എന്നുള്ളതാണ്. ഒത്തിരി പ്രാർത്ഥന ഭൂമിയിൽ നിന്നുയരുന്നുണ്ട്. ഉപദേശിമാരും അച്ചന്മാരും ഒക്കെ കിടക്കാൻ നേരമല്ലല്ലോ പ്രാർത്ഥിക്കുന്നത്. എന്റെ വല്യപ്പനും വല്യമ്മയും ഭക്ഷണം കഴിക്കുമ്പോഴെല്ലാം പ്രാർത്ഥിക്കുന്നുണ്ട്. അതുകൊണ്ടല്ലോ ദൈവത്തിന് റേഡിയോ കേൾക്കാനോ ടിവി കാണാനോ സമയവും സൗകര്യവും കിട്ടുന്നില്ല.**

ആർക്കും പ്രസക്തമാണ്.

**1. ദൈവം നമ്മുടെ സൃഷ്ടാവാണ്:** ദൈവം നമ്മെ ഇവിടെ ആക്കിയിരിക്കുന്നത് ചില കർത്തവ്യങ്ങൾ നിർവ്വഹിക്കാനാണ്. ഈ ചിന്ത ആ കുട്ടിയുടെ പ്രസ്താവനയിൽ പ്രതിഫലിക്കുന്നു. അതുപോലെ കുട്ടികളെ പരിചരിക്കുന്നതും പരിശീലിപ്പിക്കുന്നതുമായ കർത്തവ്യങ്ങൾ മാതാപിതാക്കൾക്കുണ്ട് എന്നതും സൂചിപ്പിക്കുന്നു. ദൈവം അക്കാര്യം അവരെ ഭരമേല്പിച്ചിരിക്കുകയാണ്. എല്ലാം താൻ തന്നെ ചെയ്യാതെ മനുഷ്യനെ കർത്തവ്യങ്ങൾ ചുമതലപ്പെടുത്തുകയാണ്. ഇതൊക്കെ നല്ല ക്രമീകരണങ്ങളാണെന്നുള്ള ഡാനിയുടെ വിലയിരുത്തൽ ശ്രദ്ധേയമാണ്.

**2. പ്രാർത്ഥനയേപ്പറ്റി:** ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നു എന്നവൻ വിശ്വസിച്ചു. മാത്രമല്ല അതാണ് ദൈവത്തിന്റെ പ്രധാന ജോലി എന്നും പറയുന്നു. ആയിരം പതിനായിരം വിശ്വാസികൾ നടത്തുന്ന വ്യക്തിപരമായ പ്രാർത്ഥനകൾ എല്ലാം ദൈവം കേൾക്കുമോ എന്നു മുതിർന്നവർ പോലും സന്ദേഹിക്കുന്ന സംഗതിയാണ്.

വല്യപ്പന്റേയും വല്യമ്മയുടേയും ഉത്തമമായ മാതൃക അവന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട് ഭക്ഷണത്തിനു മുമ്പ് അവർ എപ്പോഴും പ്രാർത്ഥിക്കുന്നു. മാതാപിതാക്കളുടെ പ്രാർത്ഥനാ ജീവിതവും പ്രാർത്ഥനാനുഭവവും കുഞ്ഞുങ്ങളുടെ ജീവിതാനുഭവത്തേയും വീക്ഷണത്തേയും ഏറെ സ്വാധീനിക്കുമെന്നുള്ളതിനും സംശയമില്ല. റേഡിയോയും ടിവിയും കേൾപ്പാനും കാണാനും ദൈവത്തിനു സമയം കിട്ടുന്നില്ല എന്നുള്ള നിരീക്ഷണം ആധുനിക ജീവിത സംസ്കാരത്തിന്റെ പ്രതിഫലനമാണ്. എന്നാൽ ഡാനിയുടെ ഒരു അഭിപ്രായം ഏറ്റവും സ്വാഗതാർഹമാണ്. നമ്മൾ കുറെക്കൂടി നിശബ്ദത പാലിക്കാൻ പഠിക്കണം. ശബ്ദമുഖരിതമായ ഇന്നത്തെ അന്തരീക്ഷത്തിൽ മനസ്സിന്റെ താളം തെറ്റിക്കുന്ന വിധത്തിലും കാത് അടപ്പിക്കുന്ന വിധത്തിലുമുള്ള ശബ്ദകോലാഹലം സംഗീതത്തിന്റെ പേരിലായാലും രാഷ്ട്രീയത്തിന്റെ പേരിലായാലും നടമാടുന്ന സാഹചര്യത്തിൽ ഡാനിയുടെ നിർദ്ദേശം സസന്തോഷം സ്വാഗതം ചെയ്യണം.

ദൈവം എല്ലാം കാണുന്നു, എല്ലാം കേൾക്കുന്നു, എല്ലായിടത്തും വ്യാപരിക്കുന്നു എന്നുള്ള പ്രസ്താവന വേദശാസ്ത്രത്തിന്റെ ശ്രേഷ്ഠമായ വെളിപ്പെടുത്തൽ തന്നെ. അകിനാസിനേപ്പോലെയും ജറോമിനേപ്പോലെയും മാർ ഗ്രിഗോറിയോസിനെപ്പോലെയുമുള്ള ദൈവശാസ്ത്രജ്ഞൻമാരുടെ നിരീക്ഷണങ്ങൾ ഡാനിയുടെ വീക്ഷണത്തിന്റെ വിപുലീകരണമെന്നു വേണമെങ്കിൽ പറയാം. ●

# പ്രാർത്ഥനയുടെ ശക്തി

**ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി**

ജീവാത്മാവിൽ നിന്നും പരമാത്മാവിലേക്കുള്ള ദൂരമാണ് പ്രാർത്ഥന. പ്രാർത്ഥനയുടെ ശുദ്ധിയും ശക്തിയും കൂടുന്തോറും മനുഷ്യനിൽനിന്നും ദൈവത്തിലേയ്ക്കുള്ള ദൂരം കുറയുന്നു. "ഞാണിന്മേൽ നടക്കുന്ന സർക്കസ്സുകാരൻ" താഴെ വീഴാതിരിക്കുവാൻ എടുക്കുന്ന ശ്രദ്ധയും കരുതലും ആവണം പ്രാർത്ഥനയും തപസ്സും. ആത്മീയ യാത്രയിൽ ശ്രദ്ധപതറാതെ, കാലിടറാതെ, വഴി തെറ്റി അലയാതെ പൂർണ്ണ ജാഗ്രതയോടെ ശ്രദ്ധയോടെ, ഉള്ളിലെ അക്ഷയ പ്രഭവ കേന്ദ്രമായ മഹാബോധോർജ്ജത്തിലെത്താൻ പൂർണ്ണ ഹൃദയത്തോടെ, പൂർണ്ണ മനസ്സോടെ, പൂർണ്ണ ആത്മാവോടെ, നിഷ്കളങ്കമായ ഭക്തിയോടെ ഉള്ളിലേയ്ക്കുള്ള യാത്രയുടെ ഉൾവലിയലും, ആത്മാന്വേഷണവും തുടരണം. ബാഹ്യലോക വിഷയങ്ങളിൽ നിന്നും മനസ്സ് ആത്മാവിന്നാഴങ്ങളിലേയ്ക്കുൾവലിയുമ്പോൾ അത് ഏറ്റവും മികച്ചതും കരുത്തുറ്റതുമാകും

പ്രാർത്ഥന എന്നാൽ പരമാത്മാവിനോട് ഐക്യപ്പെട്ട്, അനുരൂപപ്പെട്ട് ഒന്നായി മാറുവാനുള്ള ജീവാത്മാവിന്റെ (മനുഷ്യാത്മാവിന്റെ) ആത്മീയ പ്രണയത്തിന്റെ അർത്ഥനയാവണം. ഇവിടെ പ്രാർത്ഥന എന്നത് പ്രണയത്തിന്റെ പര്യായമായി മാറുന്നു.

പരിശുദ്ധാത്മാവിനോടുള്ള പ്രണയമന്ത്രമാവണം പ്രാർത്ഥന. ദൈവാത്മാവിനെ സ്വന്തമാക്കുവാനുള്ള ഏകാഗ്രത, ശ്രദ്ധത്വര, urge ആവണം പ്രാർത്ഥന "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുവീൻ, അതോടുകൂടി സകലതും നിനക്കു ലഭിക്കും" (മത്താ. 6:33). ദൈവരാജ്യവും നീതിയും തേടിയുള്ള ആത്മാന്വേഷണങ്ങളായിരിക്കണം പ്രാർത്ഥന. അതു കണ്ടെത്തേണ്ടത് സ്വന്തം ഉള്ളിന്റെ ഉള്ളറകളിലാണ്. ഈശ്വരൻ കുടി കൊള്ളുന്നത് അവനവനിൽ തന്നെയാണെന്ന സത്യം തിരിച്ചറിഞ്ഞു കഴിയുമ്പോൾ അതോടുകൂടി സകലതും നിനക്കു ലഭിക്കും. ഉള്ളിലെ ഈശ്വരനെ ലക്ഷ്യം വച്ച് ശ്രദ്ധയോടെ അകത്തേക്ക് ആന്തരീക യാത്ര നടത്തി ആത്മാവിലേയ്ക്കുൾവലിയുക.

ബാഹ്യലോകത്ത് ഈശ്വരന്റെ പ്രതിഫലനങ്ങൾ കണ്ടെത്താൻ പഠിക്കുക. അകത്തേയ്ക്കും, ദൈവാത്മാവിൽ പുറത്തേയ്ക്കുമുള്ള ഈ ശ്രദ്ധ ദൈവത്തെ കണ്ടെത്തുവാനുള്ള അദമ്യമായ ആഗ്രഹത്തിൽ നിന്നും ഉളവാകുന്നു. ഈ ശ്രദ്ധ ജീവിതത്തിലും കർമ്മപദത്തിലും സദാ മനസ്സിലും അതീവ ജാഗ്രതയോടെ പൂർണ്ണമായ ശുദ്ധബോധത്തോടെ കാത്തു സൂക്ഷിക്കുമ്പോൾ പ്രാർത്ഥന യഥാർത്ഥ്യമാകുന്നു. പരമാത്മാവിനു വേണ്ടിയുള്ള ദാഹത്തിന്റെ പ്രണയാർത്ഥനയായി മാറുന്നു. ജീവിതവും, മരണവും, മനസ്സും പ്രാർത്ഥനയാവുന്നു. കർമ്മപഥങ്ങളിലും ജീവിതത്തിലും ഈശ്വരൻ തെളിയുന്നു. ഓരോ ശ്വാസനിശ്വാസങ്ങളും വാക്കും, പ്രവർത്തിയും, ചിന്തയും പ്രാർത്ഥനയായി പ്രാർത്ഥനയുടെ ഫലമായ ഈശ്വര ചൈതന്യമായി മാറുന്നു.

മനുഷ്യാത്മാവും, ദൈവാത്മാവും ഒന്നായിത്തീരുവാനുള്ള 'ആത്മീയ പ്രണയത്തിന്റെ ആത്മപൂജ'യാണ് ഓരോ പ്രാർത്ഥനയും. ഇവിടെ രണ്ടില്ല. ഒന്നു മാത്രം. ദൈവവും മനുഷ്യനും ഒന്നാവുന്ന യോഗ/ആത്മ സമഗാവസ്ഥയായി പ്രാർത്ഥന മാറുമ്പോൾ ശബ്ദവും ചലനവും ക്രമേണ കുറയുന്നു. ലൗകീക വിരക്തി/നിസംഗത സംഭവിക്കുന്നു. 'നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ മനസ്സോടും, പൂർണ്ണ ആത്മാവോടും സ്നേഹിക്കുക (ബൈബിൾ) ആത്മപ്രണയത്തിന്റെ പൂർണ്ണതയാണ് പരമാത്മാവിലലിയുക എന്നത്. പ്രേമം മരണം പോലെ ബലമുള്ളത് എന്ന് ഉത്തമഗീതം പറയുന്നു. പ്രാർത്ഥനയുടെ ലക്ഷ്യം പാരമ്യത്തിലെത്തുമ്പോൾ പരമാത്മാവിനെ രുചിച്ചറിഞ്ഞ് അനുഭവിച്ചറിഞ്ഞ്, ദൈവത്തിൽ തന്നെ രസിച്ചു കൊൾവിൻ എന്ന ബൈബിൾ വചനം പൂർത്തിയാകുന്നു. പ്രാർത്ഥന ഒരു ലഹരിയാകുമ്പോൾ ശബ്ദവും, ചലനവും കുറയുന്നു. ആന്തരീക നിശ്ചലതയിൽ, നിശബ്ദമായി, ലൗകിക നിസ്സംഗതയിൽ പരിശുദ്ധാത്മാവിനെ അനുഭവിക്കുന്നു. ലോകത്തു കിട്ടാവുന്ന



മറ്റെല്ലാ ലഹരികളെക്കാളും, സുഖാനുഭൂതികളെക്കാളും വലിയതാണ് പരിശുദ്ധാത്മാഭിഷേകം, എന്ന പ്രാർത്ഥനാനുഭൂതിയിലൂടെ ലഭ്യമാകുന്ന പരമാത്മ സംഗമം/സംയോഗം.

പൂവിനു ചുറ്റും മൂളി പറക്കുന്ന വണ്ട് തേൻ വലിച്ചു കുടിക്കുന്ന മധുരാനുഭൂതിയിൽ നിശ്ശബ്ദവും നിശ്ചലവുമായ ആത്മ തപസ്സിലൂടെ തേൻ സ്വന്തമാക്കുന്നു. ജീവിതത്തിന്റെ ആസ്വാദനങ്ങളും അനുഗ്രഹങ്ങളുമെല്ലാം നിശ്ശബ്ദതയിലാണ്. നടക്കുന്നത്. ഏകാന്ത മൂക തപസ്സുകൾ, മൗന പ്രാർത്ഥനകൾ നമ്മെ ദൈവാത്മാവുമായി കൂടുതൽ അടു

പ്പിക്കുന്നു. മറ്റെങ്ങും കിട്ടാത്ത ഊർജ്ജം, ശക്തി, സംതൃപ്തി, സ്നേഹം, ശുദ്ധ ബോധം ഇവിടെ ലഭിക്കുന്നു.

"ഒരു പ്രവർത്തിയുമായി ഒരാൾ പൂർണ്ണമായും സമർപ്പിക്കപ്പെടുമ്പോൾ അപ്പോഴത് ധ്യാനം ആകുന്നു. അത് ദൈവം ആകുന്നു. അപ്പോഴയാൾ വേറൊരു നർത്തകനല്ല. ഒരു നൃത്തം തന്നെയാകുന്നു. അപ്പോഴയാൾ കേവലം ഒരു ഗായകനല്ല. ഒരു ഗാനം തന്നെയാകുന്നു. (ഓഷോ)

The budha is nota Person to be worshipped It is a mind state. to be attained. എന്നു പറഞ്ഞിരിക്കുന്നു.

'ജോസഫ് മർഫിയുടെ' 'നിങ്ങളുടെ ഉപബോധമനസിന്റെ' ശക്തി എന്ന പുസ്തകത്തിൽ ഉപബോധ മനസ് ദൈവതുല്യമാകുന്നു. നിങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും, പ്രശ്നങ്ങൾക്കും ഉള്ള ഉത്തരം ഉപബോധ മനസ്സിനുണ്ട്.

നിങ്ങൾ പുറത്ത് അന്വേഷിക്കുന്നതിനെല്ലാം പരിഹാരവും പ്രതിവിധിയും, മറുപടിയും നിങ്ങളുടെ ഉള്ളിൽ തന്നെ, ഉപബോധമനസ്സിലുണ്ട്. ഉപബോധ മനസ്സിനെ ഉണർത്തുന്ന ധ്യാന മാർഗ്ഗങ്ങളും സാധനകളും, മാനസിക വ്യായാമങ്ങളും പഠിക്കണം.

'Whatever mind can conceive and believe it can achive (Napoleom hill)

പ്രാർത്ഥിക്കുന്നത് ലഭിച്ചു എന്നു വിശ്വസിക്കുക (ബൈബിൾ) വിശ്വാസം ഭാവനയെ യാഥാർത്ഥ്യമാക്കും. സൃഷ്ടിപരമായ മന:ശക്തി ഉപയോഗിക്കാൻ ഉപബോധ മനസിനെ സ്വാധീനിക്കുക.

'നിങ്ങൾക്ക് ഒരു ചെറിയ കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ കാട്ടത്തിയോട് വേരോട് പറിഞ്ഞ് കടലിൽ പോയി വളരുക എന്നു പറഞ്ഞാൽ അതു നിങ്ങളെ അനുസരിക്കും (ലൂക്കോ. 17:6) 'അവർ വിളിക്കുന്നതിന്നു മുമ്പെ ഞാൻ ഉത്തരം അരുളും. അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഞാൻ കേൾക്കും യെശയ്യാ (65:24).

'എന്നാൽ നാം ചോദിക്കുന്നതിലും, നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നുണ്ട്. എഫെസ്യ. 3:20). അധര വ്യായാമം അല്ല പ്രാർത്ഥന. ചർവ്വിത ചർവ്വണം അല്ല. നാക്കിൽ മാത്രം അടിച്ചു പരത്തിയ ആത്മാർത്ഥത ആവരുത് പ്രാർത്ഥന. മാനവ സേവയും മാധവ സേവയും നാവിൽ മാത്രം ഒതുങ്ങാതെ പ്രാണനെയും, ആത്മാവിനെയും സന്ധി മജ്ജകളെയും തുളച്ച് ചെല്ലുന്ന വചനവാളായി ആന്തരികവും ബാഹ്യവും ആയ ശുദ്ധിയും, ഐക്യവും, ആത്മ നിറവും, ജ്ഞാനവും പ്രാപിച്ച് സമൂഹനന്മക്കായി ഉപയോഗിക്കണം.

വളരെക്ഷമാപൂർവ്വം മടുത്തു പോകാതെ നിരന്തരം പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്താലെ ഫലസിദ്ധി ഉണ്ടാവുകയുള്ളു. പ്രാർത്ഥനയിൽ ക്ഷമയില്ലാതെ തിടുക്കം കൂട്ടിയാൽ യിശ്മായേലിനെ കിട്ടും. ക്ഷമയോടെ കാത്തിരുന്നു പ്രാർത്ഥിച്ചാൽ വാഗ്ദത്ത സന്തതിയായ യിസഹാക്കിനെ കിട്ടും.

പന്ത്രണ്ട് സംവത്സരമായി രക്തസ്രാവമുള്ളവൾ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ട് സുഖപ്പെട്ടു തന്നിൽ നിന്ന് ശക്തി പുറപ്പെട്ടത് തിരിച്ചറിഞ്ഞ് തന്നെതൊട്ടതാരാണെന്ന് യേശു അന്വേഷിക്കുന്നു. ഇവിടെ യേശുപോലും അറിയാതെ യേശുവിൽനിന്ന് രോഗ സൗഖ്യവും ക്ഷേമവും ഉണ്ടായിരിക്കുന്നു. 'നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു' (ലൂക്കോ. 8:48) നിന്റെ അപാരവും നിർമ്മലവുമായ വിശ്വാസ തീവ്രതയിൽ നിന്റെ ആവശ്യവും ആഗ്രഹവും പൂർണ്ണമായും നടക്കും എന്ന് ഈ കഥ വ്യക്തമാക്കുന്നു.

**പന്ത്രണ്ട് സംവത്സരമായി രക്തസ്രാവമുള്ളവൾ യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ട് സുഖപ്പെട്ടു തന്നിൽ നിന്ന് ശക്തി പുറപ്പെട്ടത് തിരിച്ചറിഞ്ഞ് തന്നെതൊട്ടതാരാണെന്ന് യേശു അന്വേഷിക്കുന്നു.**

യുക്തിക്കപ്പുറമാണ് വിശ്വാസത്തിന്റെ സ്ഥാനം യേശു കുരുടനോട് ചോദിച്ചു "എനിക്കിതു ചെയ്യുവാൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ" അവരുടെ പൂർണ്ണ വിശ്വാസം കണ്ട് നിശ്ചയദാർഢ്യ വിശ്വാസം കണ്ട് നിശ്ചയദാർഢ്യത്തോടെ യേശു ആ കുരുടന്റെ കണ്ണുകളിൽ തൊട്ട് നിങ്ങളുടെ വിശ്വാസ പ്രകാരം അങ്ങനെ ഭവിക്കട്ടെ എന്നു പറഞ്ഞു. ആഴത്തിലുള്ള ആത്മാവിനെ സ്പർശിക്കുന്ന വിശ്വാസമാണ് വിജയ രഹസ്യം. രോഗ സൗഖ്യത്തിനായി യേശുവിനെ തേടിയെടത്തിയവരുടെ വിശ്വാസ തീക്ഷ്ണത അതിശക്തമായിരുന്നു. യേശുവിന്റെ ആത്മജ്ഞാനവും, സൗഖ്യദായക ശക്തിയിലുള്ള വിശ്വാസവും, യേശുവിന്റെ 'സൗഖ്യപെടട്ടെ' എന്ന വാക്കിന്റെ ആജ്ഞാശക്തിയും അവരുടെ ഉപബോധമനസ്സിനെ പരിവർത്തനപ്പെടുത്തി. ഉറങ്ങുമ്പോൾ കാണുന്നതല്ല ഉറക്കം കെടുത്തുന്നതാണ് സ്വപ്നം എന്നു പറഞ്ഞിരിക്കുന്നതുപോല ഉണർന്നിരിക്കുമ്പോൾ മാത്രം ദൈവത്തോട് ആശയവിനിമയം നടത്തുന്നതല്ല ഉറക്കത്തിന്റെ ആഴത്തിൽ അബോധ തലങ്ങളിലും ദൈവത്തെ അറിയുന്നതാണ് പ്രാത്ഥന. ഉറക്കത്തിനു തൊട്ടു മുൻപുള്ള പ്രാർത്ഥനയും Affirmations ഉം തുടർന്നാൽ മെല്ലെ ഉറക്കത്തിലേക്ക് വഴുതി വീഴുമ്പോഴും ആ പ്രാർത്ഥന automatic mode ൽ ഉറക്കത്തിലുടനീളം തുടരും.

മഴയിൽ മറ്റു പക്ഷികൾ കൂടുകളിലോ, സുരക്ഷിതമായ ഇടങ്ങളിലോ ചേക്കേറും. എന്നാൽ പരുന്ത് മേഘങ്ങളുടെ മുകളിൽ പറക്കും. അങ്ങനെ മഴയെ അതിജീവിക്കും പ്രാർത്ഥനയിലടിയുറച്ച പോസിറ്റീവ് മനോഭാവത്തിൽ പ്രശ്നങ്ങളെയും, തടസ്സങ്ങളെയും അതിജീവിക്കുക മുൻപിലുള്ള സാഹചര്യമോ പരാജയ ഭീതിയോ ഒരു തടസ്സമല്ല. ജയിച്ചേ അടങ്ങൂ എന്ന വാശിയുടെ മനോഭാവം (attitude) ആണ് വിജയം നിശ്ചയിക്കുന്നതാണ്. എന്തു വന്നാലും പിന്മാറാതെ പ്രാർത്ഥനയിൽ പൊരുതി ജയിക്കുന്നവർക്കാണ് നീതിയുടെ കിരീടം സമ്മാനമായി ലഭിക്കുന്നത്

'your attitude determines your altitude' എത്ര ഉയരത്തിൽ നിങ്ങൾ എത്തുന്നു എന്നത് നിങ്ങളുടെ മനോഭാവത്തെയാശ്രയിച്ചിരിക്കും.

ഉറച്ച വിശ്വാസത്തോടെയുള്ള പ്രാർത്ഥനയാൽ അസാധ്യമായി യാതൊന്നുമില്ല. പ്രാർത്ഥന തലച്ചോറിനെ പുനർനിർമ്മിക്കുന്നു. മതപരമായ ആചാരങ്ങൾ ഒരാളുടെ തലച്ചോറിൽ വ്യത്യസ്ത സ്വാധീനം ചെലുത്തുന്നു അതായത് വിവിധ മതങ്ങൾ മസ്തിഷ്ക മേഖലകളെ വ്യത്യസ്തമായി സ്വാധീനിക്കും. തലച്ചോറിന്റെ പ്രാർത്ഥനയും ധ്യാനവും ഘടനാപരമായും, ക്രിയാപരമായും ഗുണകരമായ വ്യതിയാനം വരുത്തുന്നു. ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും, രോഗസൗഖ്യത്തിനും സുഖത്തിനും, സ്വസ്ഥതയ്ക്കും, ദീർഘായുസ്സിനും പ്രാർത്ഥനയുടെ സ്വാധീനം ശാസ്ത്രീയമായി തെളിച്ചു കൊണ്ടിരിക്കുന്നു. ●

# ചിരിയുടെ വസന്തകാലം സമ്മാനിച്ച വലിയ ഇടയനു പ്രണാമം

അലക്സാണ്ടർ മർത്തോമ്മ മെത്രാപ്പോലീത്തായുടെ പിൻഗാമിയായി 1999 ഒക്ടോബർ 23 സഭയുടെ പരമാദ്ധ്യക്ഷ്യനായ മാർ ക്രിസോസ്റ്റം വലിയമെത്രാപ്പോലീത്താ പ്രസംഗത്തിലൂടെയും പ്രവർത്തിയിലൂടെയും കേരളത്തിനു പ്രിയങ്കരനായി. ക്രിസോസ്റ്റം എന്ന വാക്കിന്റെ അർത്ഥം സുവർണ്ണ നാവുള്ളവൻ എന്നാണ്. മധുരമായ വാഗ്മിത്വത്തിനുള്ള ക്രൈസ്തവാംഗീകാരമാണ് ആ പേര്. വലിയ പ്രഭാഷണ ധോരണിയൊന്നും മാർ ക്രിസോസ്റ്റം പ്രകടിപ്പിക്കാറില്ല. ഗ്രാമീണനെപ്പോലെ ചിരിച്ച് കലവറയില്ലാതെ ചെറിയ കാര്യങ്ങൾ കൊച്ചുവാക്യങ്ങളിൽ പറയുന്നു. ചെവിയിലൂടെ അത് മനസ്സിലെത്തുന്നത് മധുരമായ അനുഭവമാണ്. അദ്ദേഹം ശകാരിക്കുന്നതും വിമർശിക്കുന്നതും എല്ലാം മധുരമായും ആണ്.

മാർ ക്രിസോസ്റ്റത്തിന്റെ പ്രസംഗങ്ങളിൽ വേദചിന്തകളുടെ നീരൊഴുക്കും ഫലിതങ്ങളിൽ വിമർശനങ്ങളും കൊടും വേനലും ഉണ്ട്. ഇവ കേൾക്കാൻ ജനം കാതുകൂർപ്പിച്ചിരിക്കുന്നതാണ് മാർ ക്രിസോസ്റ്റത്തെ വേദികൾക്ക് പ്രിയപ്പെട്ടവനാക്കി തീർത്തത്.

***തിക്തൗഷധം കുഞ്ഞുങ്ങൾക്ക് നൽകുന്നതു പോലെ മാർ ക്രിസോസ്റ്റം എല്ലാം ഹാസ്യത്തിലും നേരമ്പോക്കിലും പൊതിഞ്ഞ് ശ്രോതാക്കൾക്ക് സ്വീകാര്യമാക്കി. ജനങ്ങൾ സന്മാർഗോപദേശങ്ങൾ ഒരിക്കലും ഉള്ളാലെ ഇഷ്ടപ്പെടുന്നില്ല. അത് ഇഷ്ടപ്പെടാനുള്ള വിദ്യയായിരുന്നു മെത്രാപ്പോലീത്തായുടെ ഫലിതം.***

ശ്രേഷ്ഠമായ നേതൃത്വസിദ്ധിയും, സൂക്ഷ്മമായ നിരീക്ഷണശക്തിയും, പ്രവാചക സദൃശ്യമായ വീക്ഷണ വിശേഷണവും പണ്ഡിത പ്രകാണ്ഡങ്ങളെ അതിശയിപ്പിക്കുന്ന മസ്തിഷ്ക സിദ്ധിയും, നർമ്മബോധത്തോട് ചേർന്നപ്പോൾ ഒരു നല്ല നേതാവ് രൂപപ്പെട്ടു. ദൈവം സംസാരിക്കുന്ന വഴികളിലൊന്നായി മാർ ക്രിസോസ്റ്റം. മനുഷ്യന്റെ നിസ്സാരങ്ങളായ അഹന്തകളെയും, വലിയ സംശയങ്ങളേയും എല്ലാം ഒപ്പം നടന്ന് ചിരിപ്പിച്ചുകൊണ്ട് പരിഹരിക്കുകയായിരുന്നു അദ്ദേഹം. മനസ്സിനു സൗഖ്യമേകുന്നവയായി ആ വാക്കുകൾ മാറി.

മാറിനിന്നല്ല, കൂട്ടത്തിലൊരാളായി നിന്നുകൊണ്ടാണ് തന്റെ ദൗത്യങ്ങളൊക്കെ അദ്ദേഹം ഫലമാക്കിയത്. പ്രഭാഷണങ്ങളിൽ ഒതുങ്ങുന്ന ആത്മീയതയല്ല അദ്ദേഹം പങ്കുവെച്ചത്, മനുഷ്യർക്കിടയിൽ ആയിരുന്നു അദ്ദേഹത്തിന്റെ ജീവിതം. പാർശ്വവൽക്കരിക്കപ്പെട്ട ദരിദ്രരായ, ക്ഷീണിതരായ മനുഷ്യർക്കിടയിൽ ഈശ്വരനെ കാണാൻ കഴിയണമെന്ന ദർശനം പങ്കുവെയ്ക്കുന്ന വ്യക്തിത്വമായിരുന്നു തിരുമേനി. അദ്ദേഹത്തിന്റെ സേവനത്തെ പരിഗണിച്ച് രാഷ്ട്രം പത്മഭൂഷൺ ബഹുമതി നൽകി ആദരിച്ചു.

ക്നാനായ സമൂഹത്തെ സംബന്ധിച്ചിടത്തോളം എന്നും നമ്മുടെ വാത്സല്യനിധിയായ പിതൃശ്രേഷ്ഠനായിരുന്നു. കാലം ചെയ്ത ക്ലീമ്മീസ് തിരുമേനിയോടൊപ്പം ഇഴയടുക്കത്തോട് ചേർന്ന് നിന്ന് നമ്മുടെ എല്ലാ പ്രവർത്തന മേഖലകളിൽ നിറഞ്ഞ സാന്നിദ്ധ്യമായിരുന്നു മാർ ക്രിസോസ്റ്റം. സിറിയൻ ക്നാനായ വാർഷിക സംഗമവേദികളിലെ സ്ഥിരം പ്രഭാഷകനായിരുന്നു തിരുമേനി. നമ്മുടെ സമൂഹത്തിലെ പിതാക്കന്മാരുമായും, വൈദികരുമായും, വിശ്വാസി സമൂഹവുമായും നല്ല ബന്ധങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു.



മനുഷ്യനു കടമായി നൽകിയ പുണ്യാത്മാവിനെ ദൈവം തിരിച്ച് വിളിച്ചിരിക്കുന്നു. ജാതി മത അതിർ വരമ്പുകൾക്കപ്പുറം ഏവരുടേയും സ്വന്തമായി മാറിയ മാർ ക്രിസോസ്റ്റത്തിന്റെ ചിരിയും ചിന്തകളും ഇനി കാലത്തിനും വഴികാട്ടും. ക്നാനായ സമൂഹത്തിന്റെ പ്രാർത്ഥനാപൂർവ്വമായ ആദരാഞ്ജലികൾ.

**ഫാ. ജേക്കബ് കല്ലുകുളം**
(മാനേജിംഗ് എഡിറ്റർ)

**NAZARETH ASRAMAM, OTHERA**
**23-03, 23-04-2021**

**Donations**

Dr. Judy Jays Bangalore 10000/
Joel Jobin Thamalil Thiruvanvandoor 10000/
Aniyankunju Ambalapattu Vadakkeparampil Thiruvanvandoor 10000/

**Fr. Mathew Uthuppan, Cherukarethu**
**Secretary/ Director**




## വരനെ ആവശ്യമുണ്ട്

**M. 681**

U.S.A യിൽ M.S. Engg. കഴിഞ്ഞ് IT കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (5'2"/D.O.B: 11/07/1994) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (U.S.A ൽ Green Card ഉള്ളവർക്ക് മുൻഗണന) Mob: 00966-7909189021, 001-7045247071

**M. 682**

MCA കഴിഞ്ഞ് Infopark ൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (25/152cm) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9447860728, 9496267354

**M. 683**

B.Sc Nursing കഴിഞ്ഞ് ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/153cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (U.K., U.S.A. ജോലി ഉള്ളവർക്കും Medical Field) ൽ ഉള്ളവർക്കും മുൻഗണന)

Mob: 9605008186

**M. 684**

Knanya parents invite proposals for their daughter (159cm /B.Parm, Pharm.D) , holding a valid IELTS score, seeking alliances from parents of professionally qualified and employed Knanaya Boys.

Ph: 9495394794

(7.00 A.M.-9.00 A.M., 6.00 P.M. -9.00 P.M.)

**M. 685**

OT (ഓപ്പറേഷൻ തീയേറ്റർ) ടെക്നീഷ്യൻ ആയി നാട്ടിൽ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (24/153cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Mob: 9495076545

**M. 686**

M.Sc കഴിഞ്ഞ ക്നാനായ യുവതിയ്ക്ക് (26/167cm) നാട്ടിലോ വിദേശത്തോ ജോലിയുള്ളതും ദൈവഭയമുള്ളതുമായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Mob: 9744299610,
8547834461, 9847049939

**M. 687**

Knanaya parents invite suitable proposals for their daughter (26 yr, 164 cm, B Tech, Mech engineering) working in an MNC in Dubai . preferred working abroad

Ph: 9847448436, 9744471945

**M. 688**

Knanaya parents invite suitable proposals for their daughter (24 / 159 cm), Postgraduate, Working as a Biostatistician, Seeking suitablealliance from parents of God-fearing, educated-employed boys.

Ph: 9447288003

**M. 689**

B.Sc Optometry പാസ്സായി ഇപ്പോൾ നാട്ടിൽ ഒരു പ്രമുഖ കണ്ണാശുപത്രിയിൽ നാലു വർഷമായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന ക്നാനായ യുവ

തിയ്ക്ക് (27/167cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

Ph: 9947331385

**M. 690**

Knanaya parents inviting proposal for their daughter, B-Tech (24/165) working in MNC Bangalore, from God fearing, educated, employed Knanaya boys.

Ph:9446222556

## വധുവിനെ ആവശ്യമുണ്ട്

**M. 691**

Civil Diploma കഴിഞ്ഞ് ഒമാനിൽ ഡ്രാഫ്റ്റ്മാനായി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (27/167cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph.9349771616, + 96879755469

**M. 692**

Civil Diploma പാസ്സായി ബഹ്റിനിൽ ഒരു പ്രമുഖ കമ്പനിയിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഡിമാന്റ് ഒന്നും ഇല്ല)

Ph. 9447182327, 7561-041944

**M. 693**

B.Tech (Mechanical Engineering) കഴിഞ്ഞ് UK ൽ Masters എടുക്കുന്ന ക്നാനായ യുവാവിന് (27/175cm) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.( B.Sc Nurse ന് മുൻഗണന)

Ph: 9747544866, 9446600021

**M. 694**

Knanaya Jacobite boy, 25 years old, working as an Electrical Engineer. Born in Kerala, migrated to USA at a young age. Seeking suitable alliance from God fearing Knanaya girls residing in USA preferred.

Email: kurienb1014@gmail.com

**M. 695**

റാന്നിയിൽ സ്വന്തമായി ബിസ്സിനസ് നടത്തുന്ന ക്നാനായ യുവാവിന് (31) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph.9544000939, 9562657345

**M. 696**

Safety Engineer ആയി സൗദി അറേബ്യയിൽ ജോലിചെയ്യുന്ന ക്നാനായ യുവാവിന് (27/170cm, ഫാമിലി വിസയുണ്ട്) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph:9544958204, Whats App +966502473361

**M. 697**

ഫിസിയോതെറാപ്പി (B.P.T., D.F. Medicine) കഴിഞ്ഞ് നാട്ടിൽ സ്വന്തമായി രണ്ടു ക്ലിനിക്കുകൾ നടത്തുന്ന ക്നാനായ യുവാവിന് (25 years and 9 Months/176cm) വിദേശത്തോ, സ്വദേശത്തോ ഉള്ള അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph.9605990699, 8113934168

**M. 698**

Knanya parents inviting proposals for their son (29) financially well settled, running business, settled in Kottayam. Seeking alliance from girls of suitable families. Ph: 9847018884, 9986195722

**M. 699**

Civil Engineering Diploma കഴിഞ്ഞ് അബുദാബിയിൽ ഒരു പ്രമുഖ കമ്പനിയിൽ Computer Numerical Control (CNC) ൽ ജോലി ചെയ്യുന്ന ഫാമിലി വിസയുള്ള ക്നാനായ യുവാവിന് (28/166 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (നേഴ്സുമാർക്ക് മുൻഗണന)

Ph.8281316788, 8281608077

**M. 700**

Hotel Management (Bahrain) ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (35/170cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു..

Ph: 9747207717, 9446284555

**M. 701**

കേരളത്തിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (38/176cm, B.Com) അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. ബാദ്ധ്യതകളില്ലാത്ത പുനർവിവാഹക്കാരെയും പരിഗണിക്കും. ഡിമാന്റ് ഇല്ല.

Ph: 9446758863

**M.702**

നാട്ടിൽ സ്വന്തമായി ബിസിനസ്സ് നടത്തുന്ന ക്നാനായ യുവാവിന് (34/172cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. ഇടത്തരം കുടുംബം. ബാധ്യതകൾ ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും.

Ph: 9744839517

**M.703**

നാട്ടിൽ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (+2, 40/165cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും

വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ബാധ്യതകൾ ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും).

Ph: 7510729610

**M. 704**

Knanya parents invite proposals for their son (30/177cm, M.Tech Electronics) working as an Engineer at Dubai Seeking alliance from parents of God fearing girls .

Ph: 9446064659

**M. 705**

B.Tech Mechanical Engineering കഴിഞ്ഞ് U.A.E. ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (28/175cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. B.Sc Nurse ന് മുൻഗണന.

Ph.9446757855

**M. 706**

നാട്ടിൽ പ്രമുഖ സ്ഥാപനത്തിൽ Sales Exceutive ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (34/5'7") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. ഡിമാന്റ് ഇല്ല. Ph.9400914464

**പുനർവിവാഹം**

**വധുവിനെ ആവശ്യമുണ്ട്**

**M. 707**

Chief Officer ആയി Merchant Navy -ൽ ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (32/5'8") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. (രണ്ടര മാസം മാത്രം ഒരുമിച്ച് താമസിച്ചിട്ടുള്ളതും, നിയമപരമായി വിവാഹം വേർപെടുത്തിയിട്ടുള്ളതുമാണ്. ഇപ്പോൾ നാട്ടിലുണ്ട്. ആദ്യവിവാഹിതരേയും പരിഗണിക്കും)

Ph: 9446713115, 9746678323

**വരനെ ആവശ്യമുണ്ട്**

**M. 708**

ഭർത്താവ് മരിച്ചുപോയ ക്നാനായ യുവതിയ്ക്ക് (28) 6 വയസ്സുള്ള ഒരു കുട്ടി ഉണ്ട്. അനുയോജ്യരായ ദൈവഭയമുള്ള ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 7356012181, 9633574741

# 1676-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം താത്കാലികമായി മാറ്റിവച്ചിരിക്കുന്നു

2021 ജനുവരി - മാർച്ച് മാസങ്ങളിലായി കോവിഡ് രോഗികളുടെ എണ്ണത്തിൽ കുറവുണ്ടാവുകയും കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുകൾ അനുവദിക്കുകയും ജനജീവിതം സാധാരണ നിലയിലേയ്ക്ക് മാറുകയും ചെയ്ത സാഹചര്യത്തിൽ ക്നാനായ കോൺഗ്രസ്സിന്റെ കേന്ദ്ര കമ്മിറ്റികൂടി എല്ലാ വർഷവും മെയ് മാസത്തിൽ നടത്താറുള്ള നമ്മുടെ കുടുംബമേളയായ സിറിയൻ ക്നാനായ വാർഷിക സംഗമം (1676-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം) 2021 മെയ് 29, 30 തീയതികളിലായി ചിങ്ങവനം പുത്തൻപള്ളിയിൽ നടത്തുവാൻ തീരുമാനിക്കുകയും ആ പള്ളി ഇടവകാംഗങ്ങൾ സന്തോഷപൂർവ്വം അത് അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചിങ്ങവനം പുത്തൻപള്ളിയിൽ സ്വാഗതസംഘം രൂപീകരിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയും ചെയ്തിരുന്നു. എന്നാൽ കഴിഞ്ഞ ഒരു മാസമായി നമ്മുടെ രാജ്യത്താകെയും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തും കോവിഡിന്റെ രണ്ടാം വരവ് ഭയാനകമായ രീതിയിൽ ഉണ്ടാകുകയും പ്രതിദിന രോഗികളുടെ എണ്ണം ഭീതിയുളവാക്കുന്ന രീതിയിൽ വർദ്ധിക്കുകയും ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ശക്തമായ നിയന്ത്രണങ്ങളോടുകൂടി കോവിഡ് പ്രോട്ടോകോൾ നിലവിൽ വന്നിരിക്കുകയും ചെയ്ത സാഹചര്യത്തിൽ നാം നേരത്തെ നിശ്ചയിച്ച 2021 മെയ് 29, 30 തീയതികളിൽ വാർഷിക സംഗമം നടത്തുവാൻ സാധിക്കുന്നതല്ല. എന്നാൽ അനുകൂലമായ സാഹചര്യം വൈകാതെ ഉണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം, പ്രാർത്ഥിക്കാം. അത്തരത്തിൽ മൂന്നോ നാലോ മാസങ്ങൾക്കു ശേഷം ഉണ്ടാകുന്ന അനുകൂല സാഹചര്യത്തിൽ നമുക്ക് ചിങ്ങവനം പുത്തൻപള്ളിയിൽ തന്നെ 1676-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിൽ ഒത്തുകൂടാം.

എന്ന്

ക്നാനായ കോൺഗ്രസ്സ് കേന്ദ്ര കമ്മിറ്റി

# കർത്താവിന്റെ ക്നാനായക്കാരനായ ശിഷ്യൻ കനാന്യനായ ശിമോൻ എന്ന അപ്പോസ്തോലൻ

**തോമസുകുട്ടി പുറത്തയിൽ**

കർത്താവിന്റെ 12 ശിഷ്യന്മാരിൽ പെട്ട ഒരു ശിഷ്യനാണല്ലോ കനാന്യനായ ശിമോൻ. കനാൻ ദേശക്കാരനായതു കൊണ്ട് കനാന്യനായ ശീമോൻ എന്ന് തിരുവചനത്തിൽ വായിക്കുന്നു. മറ്റ് 11 ശിഷ്യന്മാരും യെഹൂദാ ഗോത്രത്തിൽപെട്ടവരായതു കൊണ്ട് തിരിച്ചറിയുന്നതിനുവേണ്ടി ഇടിമക്കൾ ചുങ്കക്കാരൻ സഹോദരൻ എന്നീ വിളിപ്പേരോടുകൂടിയാണ് തിരുവചനത്തിൽ പരിചയപ്പെടുത്തിയിരിക്കുന്നത്. എന്തുകൊണ്ടാണ് കനാന്യനായ ശീമോൻ എന്ന് എടുത്തു പറയുന്നത് എന്ന് പഠിക്കുമ്പോൾ കുറച്ചു പുറകോട്ട് നോഹയുടെ കാലത്തേക്കു കൂടി പോകേണ്ടതുണ്ട്.

കനാൻ എന്നു വിളിക്കപ്പെടുന്ന ആള് നോഹയുടെ മൂന്നു മക്കളായ ശേം, ഹാം, യാഫെത്ത് എന്നവരിൽ, ഹാമിന്റെ നാല് മക്കളിൽ ഒരുവനാണ് കനാൻ (ഉല്പത്തി 10:6). കനാന്റെ കൈവശം ഇരിക്കുന്ന ഒരു വലിയ രാജ്യം ആണ് കനാൻ നാട് എന്നറിയപ്പെടുന്നത്.

ലോകം വഷളന്മാരെക്കൊണ്ട് നിറഞ്ഞപ്പോൾ ദുഃഖിതനായ ദൈവം ഒരു ജലപ്രളയം തന്നെ സൃഷ്ടിച്ച് സകല മനുഷ്യരേയും ജീവജാലങ്ങളെയും ഒന്നടങ്കം ഉന്മൂലനം ചെയ്യുവാൻ തീരുമാനിക്കുകയും അതിന് മുൻപായി നോഹ എന്ന ദൈവകൃപ ലഭിച്ചവനെ വരാൻ പോകുന്ന നാശത്തെക്കുറിച്ച് ജനത്തെ അറിയിക്കുവാനും കല്പിച്ചു. എന്നാൽ ഒരു മനുഷ്യനും ഇന്നത്തെപ്പോലെ തന്നെ അതു വിശ്വസിക്കുവാൻ തയ്യാറായില്ല. നാളിതുവരെയും മഴപെയ്ത് ജലപ്രളയം മനുഷ്യർ കണ്ടിട്ടില്ല. അതുവരെയും ഭൂമി നനച്ചിരുന്നത് മഞ്ഞുതുള്ളികൾ കൊണ്ടായിരുന്നു.

രക്ഷപെടുവാൻ ഒരു വലിയ പെട്ടകം ഉണ്ടാക്കുവാനും മനുഷ്യരെയും സകല ജീവജാലങ്ങളേയും ഓരോന്നിന്റെയും ആണും പെണ്ണുമായും പെട്ടകത്തിൽ കയറ്റി രക്ഷപെടുത്തുവാനും യഹോവയായ ദൈവം നോഹയോട് കല്പിച്ചു. നോഹയും, ഭാര്യയും, മക്കളും അവരുടെ ഭാര്യമാരുമല്ലാതെ മനുഷ്യരായിട്ട് മറ്റ് ആരും തന്നെ പെട്ടകത്തിൽ കയറിയില്ല. ജലപ്രളയം ഉണ്ടായി പെട്ടകം വെള്ളത്തിൽ കൂടി നീങ്ങി തുടങ്ങി ദൈവം വാതിലും അടച്ചു. നോഹയും കുടുംബവും ഒഴികെ വേറെ ആരും തന്നെ രക്ഷപെട്ടില്ല. സകല ജനവും അവരുടെ അവിശ്വാസത്താൽ വെള്ളത്തിൽ മുങ്ങി മരിച്ചു എന്നു വായിക്കുന്നു.

റോമൻ ഭരണത്തിൻ കീഴിലായിരുന്നു എന്ന് വേദപുസ്തകം വായിക്കുമ്പോൾ മനസ്സിലാക്കാം. റോമൻ ഭരണത്തിൽ നിന്നും സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനായി ഉണ്ടാക്കിയ ഒരു സംഘടനയായിരുന്നു Zealot. കനാന്യനായ അഥവാ ക്നാനായക്കാരനായ ശീമോൻ അറിയപ്പെടുന്ന ഒരു നേതാവും പോരാളിയുമായിരിന്നിരിക്കണം. പരിച്ഛേദന കഴിക്കാത്ത ഒരു സ്വാതന്ത്ര്യസമരപോരാളിയെ കൂടെ ശിഷ്യനായി കർത്താവ് തെരഞ്ഞെടുക്കുവാൻ കാരണം കനാൻ നാട്ടിലെ പ്രേഷിത പ്രവർത്തനത്തിന് ഇതുപോലെ ഒരു യോദ്ധാവിനെ ആവശ്യമായി വരുമെന്ന് അറിയാമായിരിന്നിരിക്കണം എന്ന് കരുതാം. ജോസഫ് പുലിക്കുന്നേൽ പ്രസിദ്ധീകരിച്ച വേദപുസ്തകത്തിൽ ക്നാനായക്കാരനായ ശീമോൻ എന്നു തന്നെയാണ് വിവർത്തനം ചെയ്തിരിക്കുന്നത്. ആധുനിക ഇംഗ്ലീഷ് ബൈബിളിൽ സൈമൺ ദ പേട്രായോറ്റ് (രാജ്യസ്നേഹി) എന്നു തന്നെയാണ് എഴുതിയിരിക്കുന്നത് (Good Bible). ഗോത്രപിതാവായ തൂബേന് ഉണ്ടായിരുന്ന യാക്കോബിന്റെ ശാപം മോശയുടെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ച് നീക്കി കൊടുത്തതുപോലെ കനാൻ നാടിനും നോഹയുടെ ശാപം ഉണ്ടെങ്കിൽ തന്നെ ദൈവം കനാൻ നാട് അബ്രഹാമിന് കൊടുത്തപ്പോൾ ശാപം നീങ്ങിപ്പോയി. ശപിക്കപ്പെട്ട ദേശം ഒരിക്കലും ദൈവം തന്റെ ദാസനായ അബ്രഹാമിന് കൊടുക്കുകയില്ല. പാലും തേനും ഒഴുകുന്ന നാട് എന്നാണ് കനാൻ ദേശത്തെ വിശേഷിപ്പിക്കുന്നത്. കേരളത്തെ വിദേശികൾ വിളിക്കുന്നത് ദൈവത്തിന്റെ സ്വന്തം നാട് എന്നാണല്ലോ. അതുപോലെ സുന്ദരമായ ദേശം ആണ് കനാൻ നാട്. ക്നാനായക്കാരനായ ശീമോൻ കനാൻ നാട്ടിൽ തന്നെ സുവിശേഷം അറിയിച്ച് ലക്ഷങ്ങളെ ക്രിസ്തുവിനോട് ചേർത്തുകൊണ്ട് മുൻപോട്ട് പോയി. സുഡാൻ, ഈജിപ്ത് മുതൽ ഇറാക്കുവരെയുള്ള കനാൻ നാടിന്റെ പ്രദേശങ്ങൾ ആയ സിറിയ, തുർക്കി, അർമീനിയ, ലെബനോൻ മദ്ധ്യപൂർവ്വ പ്രദേശങ്ങൾ മുഴുവൻ വ്യാപിച്ചു കിടക്കുന്ന കനാൻ നാട്ടിലേക്ക് ഇറങ്ങിച്ചെന്ന് അവിടെയുള്ള ക്നാനായക്കാരെയും യഹൂദരെയും സകല ജാതികളെയും വാളിനെ ഭയക്കാതെ കർത്താവിന്റെ സഭയോട് ചേർത്തു. ഇങ്ങനെ ആ പ്രദേശങ്ങൾ ക്രിസ്ത്യൻ വിശ്വാസികളെക്കൊണ്ട് നിറഞ്ഞു.

1915 തുർക്കി ഭരിച്ചുകൊണ്ടിരുന്ന ഏകാധിപതിയായ ഒട്ടോമാൻ എന്ന ഒരു ചക്രവർത്തി തന്റെ പട്ടാളത്തെ വിട്ട് 15 ലക്ഷം വിശ്വാസികളായ അർമീനിയക്കാരായ ക്നാനായക്കാരുടെ തലയറുത്തു. തലയറുക്കപ്പെടുന്നതിനെ ഭയന്ന് ഒളിച്ചോടി പോകാതെ ധൈര്യമായിട്ട് തന്നെ ശിരസ്സ് കുനിച്ചു കൊടുത്തു. അവർക്ക് ലഭിക്കുവാൻ പോകുന്ന ജീവന്റെ കിരീടമായിരുന്നു അവരുടെ ലക്ഷ്യം. യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തലഛേദിക്കപ്പെട്ടവർ അവരും ജീവിച്ച് ആയിരമാണ്ട് ക്രിസ്തുവിനോടുകൂടി വാണു. തിരുവചനം പറയുന്നു ബലാൽക്കാരികൾ ഇതിനെ (സ്വർഗ്ഗം) പിടിച്ചടക്കും. മരിക്കേണ്ടി വന്നാലും വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും ക്രിസ്തുവിനെ തള്ളിപ്പറയാതെ രക്തസാക്ഷികൾ ആകുകയും ചെയ്യുന്നവരാണ് ബലാൽക്കാരികൾ. ഇന്നേക്ക് 100 വർഷം മുൻപ് തലയറക്കപ്പെട്ടവരുടെ ഓർമ്മദിവസം പരി. ഫ്രാൻസിസ് മാർപാപ്പായും, പരി. അന്ത്യോഖ്യാ പത്രിയർക്കീസ് ബാവായും, പരി. കാതോലിക്ക ബാവാമാരും, ആയിരക്കണക്കിന് വിശ്വാസിസമൂഹവും ഒത്തു ചേർന്ന് 2015 ൽ അർമീനിയായിൽ ചെന്ന് സംയുക്തമായി നടത്തിയ ആരാധനയിൽ വച്ചു തന്നെ 15 ലക്ഷം അർമീനിയക്കാരായ ക്നാനായക്കാരെ വിശുദ്ധരായി പ്രഖ്യാപിച്ചു. യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവർ അവരും ജീവിച്ച് ആയിരമാണ്ട് ക്രിസ്തുവിനോട് കൂടി വാണു. (വെളി. 20:4-6).

കനാൻ ദേശത്തിന്റെ അതിരുകൾ പറഞ്ഞുവരുമ്പോൾ ഭാരതത്തെപോലെ വലിയ വിസ്തൃതിയാണ്. അതിരുകൾ സിദോൻ തുടങ്ങി ശരാർ വഴിയായി ഗസ്സവരെയും, സോദോം

# നിങ്ങളെ വെട്ടിയെടുത്ത പാറ ഏതാണ്?

സണ്ണി കുറിയാക്കോസ്, ഇളംപുരയിടത്തിൽ, സെന്റ് തോമസ് വലിയപള്ളി, റാന്നി

പേർഷ്യയിൽ നൂറ്റാണ്ടുകൾക്ക് മുമ്പ് ദൈവഭക്തനായ ഒരു ഷാ ചക്രവർത്തിയുണ്ടായിരുന്നു. തന്റെ രാജകീയ സിംഹാസനത്തോട് ചേർത്ത് രാജസദസ്സിൽ അദ്ദേഹത്തിന് ഒരു രഹസ്യമുറിയുണ്ടായിരുന്നു. ആ മുറിക്ക് ഉള്ളിലേയ്ക്ക് ആർക്കും പ്രവേശനം ഉണ്ടായിരുന്നില്ല. അതിനാൽ അതിനകത്ത് എന്താണ് ഉള്ളത് എന്ന് ആർക്കും ഒരു ഗ്രാഹ്യവും ഇല്ലായിരുന്നു. എല്ലാ ദിവസവും ഭരണ കാര്യങ്ങളിൽ മുഴുകുന്നതിന് മുമ്പ് ഷാ ആ രഹസ്യമുറിയിൽ കടന്ന് വാതിൽ അടച്ച് എന്തോ ചെയ്യും.

അങ്ങനെയിരിക്കെ ഷാ അന്തരിച്ചു. അദ്ദേഹത്തിന്റെ രഹസ്യമുറിയിൽ എന്താണെന്നറിയാൻ വേണ്ടി വലിയ ആകാംക്ഷയോടെ മുറി തുറന്നു നോക്കി അവിടെ കീറിയ ഉടുപ്പും ഒരു ആട്ടിടയന്റെ വടിയുമല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. ചെറുപ്പത്തിൽ ആട് മേയിച്ചു നടന്നിരുന്ന ഇടയബാലനായിരുന്നു ഷാ എന്ന് ജനങ്ങൾക്ക് അറിയാമായിരുന്നു. തങ്ങളുടെ ചക്രവർത്തി കഴിഞ്ഞ കാലങ്ങളെ മറന്നില്ലായെന്നു സിംഹാസനത്തിൽ ഇരിക്കുമ്പോൾ അഹങ്കരിക്കാതിരിക്കാൻ തന്റെ നിസ്സാരതയെ ധ്വനിച്ചിരുന്നുവെന്നു അവർ മനസ്സിലാക്കി.

ഒന്നുമല്ലാത്തവനും ഒന്നുമില്ലാത്തവനുമായ തന്നെ ദൈവമാണ് രാജസിംഹാസനം വരെ എത്തിച്ചതെന്ന ചിന്ത ദൈവാശ്രയത്വത്തോടെ രാജഭരണം നടത്തുവാൻ സഹായകമായി. കഴിഞ്ഞ കാലങ്ങളെ മറക്കുക. ഗുരുതരമായ ജീവിത വൈകല്യങ്ങൾക്ക് കാരണമാകൂ.

ദൈവം തന്ന നന്മകളെയും മറ്റുള്ളവരിൽ നിന്ന് സ്വീകരിച്ച നന്മകളെ ധ്യാനവിഷയമാക്കുന്നത്. എളിമയോടെ ജീവിക്കുവാൻ നമുക്ക് സഹായകരമാകൂ. അതുജീവിതത്തെ കൂടുതലായി സ്നേഹിക്കുവാൻ നമ്മേ പഠിപ്പിക്കൂ. എന്നാൽ പലരും ലഭിച്ച നന്മകൾ ഓർക്കാതെ തിന്മകൾ മാത്രം ഓർത്ത് ധ്യാനിക്കൂ. മറ്റുള്ളവർ ചെയ്ത ദ്രോഹങ്ങളും ജീവിതത്തിന്റെ ദുരിതങ്ങളും ഓർത്തുകൊണ്ട് ജീവിക്കുമ്പോൾ മനസ്സ് ദുർബലമാകും. സ്നേഹം വറ്റിപ്പോകും. ഉത്കണ്ഠകളും വെറുപ്പും നമ്മളെ വരിഞ്ഞു മുറുക്കും.

പഴയകാര്യങ്ങൾ ഓർത്തുള്ള സങ്കടവും ദുഃഖവും ദൈവഹിതമല്ലാ. സങ്കടകരമായ അനുഭവങ്ങൾ ഉണ്ടായിട്ടു ജീവിതം മുന്നോട്ട് തന്നെ പോയതോർത്ത് ആഹ്ലാദിക്കുവാൻ നാം പഠിക്കണം. മനുഷ്യൻ തളർത്തിയതല്ല, ദൈവം വളർത്തിയതായിരിക്കണം നമ്മുടെ ധ്യാനവിഷയം. ചെറുപ്പത്തിലെ ദാരിദ്ര്യം സ്നേഹം കിട്ടാത്ത അവസ്ഥ, ഇല്ലായ്മകൾ, പരാജയങ്ങൾ, പ്രതിസന്ധികൾ ഇതൊക്കെ ഉണ്ടായിട്ടു എന്റെ ദൈവമേ എന്നെ നീ ഇവിടം വരെ എത്തിച്ചല്ലോ. അങ്ങയുടെ പരിപാലനയ്ക്ക് നന്ദി. ഈ മനോഭാവത്തോടെ കഴിഞ്ഞ കാലങ്ങളെ നാം ഓർക്കണം. ദാവീദ് തന്റെ സങ്കീർത്തനത്തിലെമ്പാടും തന്റെ കഴിഞ്ഞ കാലത്തെ നിസ്സാരതയും ദൈവത്തിന്റെ കാരുണ്യവും അനുസ്മരിക്കുന്നുണ്ട്. വിശ്വാസത്തിന്റെ കണ്ണുകൾ കൊണ്ട് ഭൂതകാലത്തെ ധ്യാനിക്കുമ്പോൾ ദൈവത്തിന്റെ വിശ്വസ്തതയും സാന്നിദ്ധ്യവും കൂടുതൽ അനുഭവവേദ്യമാകും. അത് ദൈവത്തിൽ ആശ്രയിച്ചുള്ള പ്രത്യാശ നിറഞ്ഞ ഒരു ഭാവി ജീവിതം നമ്മിൽ രൂപപ്പെടുത്തുവാൻ ഇടയാകും. "എൻ മനമേ യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. അവൻ നിന്റെ സകല രോഗങ്ങളെയും മോചിക്കുന്നു. നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു" (സങ്കീ. 103: 2–3).

●

---

ഗോമോറ മുതൽ ലാശ വരെയും ആയിരുന്നു. ഇതിന്റെ ഒരു ഭാഗം മാത്രമാണ് ദൈവം അബ്രഹാമിന് വാഗ്ദത്ത പ്രകാരം കൊടുത്തത്. മിസ്രയീം നദി (നൈൽ) മുതൽ ഏദൻ തോട്ടത്തിൽ ഒഴുകിയിരുന്ന ഫ്രാത്ത് (യൂഫ്രട്ടീസ്) നദിവരെ ആയിരുന്നു വാഗ്ദത്ത നാട്. കനാന്യർക്ക് ന്യായപ്രമാണപ്രകാരമുള്ള ജീവിതം ഇല്ല.

ഹാമിന്റെ മറ്റു മക്കളായ കൂശ് (സുഡാൻ നിവാസികൾ), പൂത്ത് (ലിബിയ നിവാസികൾ) മിസ്രയീം (ഈജിപ്റ്റ് നിവാസികൾ) എന്നിവർ ഈ പ്രദേശങ്ങളിൽ അധിവസിക്കുന്നു. കൂടാതെ കനാൻ നാട്ടിൽ തന്നെ കനാന്റെ വർഗ്ഗമായ പത്ത് ജാതികൾ കൂടി വേറെയും വസിക്കുന്നുണ്ട്. ഈ പ്രദേശത്ത് ഹിത്യർ, അമോയർ, യെസൂസിയർ മുതലായവർ.

യഹൂദാ ഗോത്രം എന്നു പറയുന്നത് അബ്രഹാമിന്റെ മകൻ യിസഹാക്കിന്റെ മകൻ യാക്കോബിന്റെ പന്ത്രണ്ട് മക്കളിൽപെട്ട ഒരാളാണ് യെഹൂദാ. നോഹ മുതൽ ശേമി തലമുറ മുതൽ യെഹൂദാവരെ ഏകദേശം എഴുന്നൂറു സംവത്സരം (14-ാം തലമുറ) കഴിഞ്ഞുള്ളവരാണ് യെഹൂദർ എന്ന് അറിയപ്പെടുന്നത്. ഇവർക്ക് പരിഛേദനയുണ്ട്, മൃഗബലിയുണ്ട്, യാഗം ഉണ്ട്., യെഹൂദർ ഉൾപ്പെടുന്ന 12 ഗോത്രങ്ങളെ യിസ്രായേൽ എന്നറിയപ്പെടുന്നു. ഇവർ നിത്യതയിൽ പ്രവേശിക്കുന്ന ദൈവദാസന്മാരായ വാഗ്ദത്ത സന്തതികൾ ആകുന്നു. പുതിയ ഭൂമിയിൽ ഇവർക്ക് മാത്രം വംശ വർദ്ധനവ് പറഞ്ഞിട്ടുണ്ട്. ഇവർ ഇന്നു വരെയും യഹോവയുടെ കല്പന പ്രകാരം പരിച്ഛേദന കർമ്മം നടത്തുന്നവരാണ്, പഴയ നിയമം അനുസരിച്ച് ക്രിസ്തു ലോകത്തിൽ വന്നതായി ഇവർ വിശ്വസിക്കുന്നില്ല. കനാൻ നാട്ടുകാർ അഥവാ ഹാമിന്റെ തലമുറകൾ പരിച്ഛേദന ചെയ്യപ്പെടുന്നില്ല. അതു കൊണ്ടാണ് യാക്കോബ് ശേഖേമിൽ വസിക്കുമ്പോൾ മകൾ ദീനാ ശേഖേമിന്റെ കയ്യിലകപ്പെടുകയും ശേഖേം അവളെ അപമാനിക്കുകയും തുടർന്ന് ശേഖേമിന് അവളെ കല്യാണം കഴിപ്പിച്ചു കൊടുക്കണമെന്ന് കനാന്യർ ആവശ്യപ്പെടുമ്പോൾ കനാന്യർ പരിച്ഛേദന ചെയ്യാത്തവരായതിനാൽ കല്യാണത്തിന് കൊടുക്കില്ല എന്ന് പറഞ്ഞ് യാക്കോബ് നിരസിക്കുന്നതായും കാണുന്നു. കനാന്യരും യഹൂദരും രണ്ട് ഗോത്രമാണ്. പരിച്ഛേദന ഉള്ളവരും ഇല്ലാത്തവരും കർത്താവിന്റെ ശിഷ്യനായ ശീമോൻ എന്ന് മത്തായി 10:4 ലും മർക്കോസ് 3:18ലും വായിക്കുന്നു. എന്നാൽ ലൂക്കോസ് 6:15ലും അ.പ്ര. 1:13ലും എരിവുകാരനായ ശീമോൻ എന്നാണ് പറയുന്നത്. ഇംഗ്ലീഷ് വിവർത്തനം ചെയ്തപ്പോൾ സൈമൺ ദി സീലോട്ട് (Zealot) എന്നതിന്റെ തർജ്ജിമ രാജ്യസ്നേഹി എന്നതിനുപകരം എരിവുകാരൻ എന്നായിപോയി. തന്മൂലം ചിലർ തീവ്രവാദി എന്ന്. ചില റഫറൻസ് ബൈബിളിൽ എഴുതി വിടുന്നുണ്ട്. എന്നാൽ patriot എന്നാണ് ശരിക്കും അതിന്റെ അർത്ഥം ഉദ്ദേശിക്കുന്നത്. ഇപ്പോൾ പല വേദപുസ്തകങ്ങളിലും രാജ്യസ്നേഹിയായ ശീമോൻ Simon the patriot എന്ന് Good News Bible ലും മറ്റും കാണാം.


●

## 1st Death Anniversary

**20-05-2021**

## 40-ാം ചരമദിനം

**16-05-2021**





*In Loving Memory of*

## Rajan Abraham

### Panachamoottil
### Mannar (Dallas, USA)

*May 1st 1949 - May 20th 2020*

*In Loving Memory of*

## വി.എം. സോമൻ (67)

### വാലടിത്തറ,
### മുളക്കാംതുരുത്തി

*30/11/1954 - 07/04/2021*

**“ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40-ാം ചരമദിനം

13-05-2021



Advt -O

## P.K. KURIAKOSE (ജോസ് - 68)

### പുളിമൂട്ടിൽ വീട്

### തിരുവല്ല, കുറ്റൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40-ാം ചരമദിനം

09-05-2021



Advt -O

## T.M. രാജു

### തെക്കേതിൽ, തോട്ടഭാഗം

*മക്കൾ* : Fr. Jerin T. Raju & Dinnu
*(വികാരി, ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ ക്നാനായ പള്ളി)*
Jefin T. Raju

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40-ാം ചരമദിനം

07-05-2021



Advt -R

## P.P. SKARIA

### (Varacheril Kariachen)

St. Mary's Furniture, Chingavanam

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40-ാം ചരമദിനം

21-05-2021



Advt -O

## കുഞ്ഞുമോൾ കെ. സ്റ്റീഫൻ

### കൈപ്പുഴ, റാന്നി

(Knanaya Women's Association Trustee)

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 25-ാം ചരമവാർഷികം

21-05-2021



Advt -O

# ജോൺ മാത്യു (പാപ്പച്ചൻ)

**മൂലംകുളം, ചിങ്ങവനം**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 3rd Death Anniversary

26-05-2021



Advt -S

# Baiju Mathew

**Toronto, Canada (Kanapuzha, Ranny)**

You will live in our hearts forever

Sorrowing Family
Sheeba (Wife), Lianna (Daughter) and Reubeh (Son)

## 3rd Death Anniversary

31-05-2021



Advt -S

# Abraham Mathew (Poppy)

**Komarathumparampil (H)**
**Chengalam**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 40-ാം ചരമദിനം

21-05-2021



Advt -O

# മറിയാമ്മ തോമസ് (മോളി)

**കൊടിഞ്ഞൂർ, തോട്ടപ്പുഴ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*ഭർത്താവ്- കെ.ജെ. തോമസ് (കുഞ്ഞൂഞ്ഞുകുട്ടി)*
*മക്കൾ- എബി, സിബി, സിലി*
*മരുമക്കൾ-ബിജു, ജൂലി, ജോബി*

# 4 – ാം ചരമവാർഷികം

11 – 05 – 2021



# ലൈസാമ്മ മാത്യു

## മുളമൂട്ടിൽ, കുറ്റൂർ, തിരുവല്ല

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt -R

*സന്തപ്ത കുടുംബാംഗങ്ങൾ*



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ
ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
**ഒരു വിശ്വാസി തുരുത്തിക്കാട്**

---

യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ
ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
**ഒരു വിശ്വാസി തുരുത്തിക്കാട്**

---

യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ
ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
**ഒരു വിശ്വാസി മാമ്പുഴക്കരി**

---

യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ
ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ
**ജിഷ ചിങ്ങവനം**

---

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
**ഒരു വിശ്വാസി കല്ലിശ്ശേരി**

---

**15 –ാം ചരമവാർഷികം**
**01 - 05 - 2021**

**23 –ാം ചരമവാർഷികം**
**24 - 05 - 2021**





**പി. എം. കുഞ്ഞച്ചൻ**
**(ഉതുപ്പാൻ)**

**ശോശാമ്മ മാത്യു**

**പുല്ലംപറമ്പിൽ, ചിങ്ങവനം**

*സന്തപ്തകുടുംബാംഗങ്ങൾ*

---

**03 –ാം ചരമവാർഷികം**
**15- 06- 2021**




## മറിയാമ്മ ചാക്കോ

**പനച്ചിമൂട്ടിൽ**
**മാന്നാർ**

*സന്തപ്തകുടുംബാംഗങ്ങൾ*

---

**21st Birthday in Heaven**
**11 -05- 2021**



## Anish Abraham Arackal

**Arackal Anish Villa, Chingavanam**

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി**

Born: 31-8-1981
Died: 11-5-2000

By Sorrowing Family

**10 – ാം ചരമവാർഷികം**
**14- 05- 2021**



**എൻ. തോമസ് ഇട്ടി (കുഞ്ഞൂഞ്ഞൂകുട്ടി)**
**കൊച്ചുപറമ്പിൽ, ചിങ്ങവനം**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*


**01 – ാം ചരമവാർഷികം**
**02- 05- 2021**



**Ammini Chacko**
**Thekkekarot**
**Chingavanam (Chennai)**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൾ വലഭാഗത്തിൽ"*
**By Sorrowing Family**

**28 – ാം ചരമവാർഷികം**
**06- 06 -2021**



**ചെറിയാൻ മാത്യു**
**കുന്നുതറ, കുറിച്ചി**

*നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ*
*സന്തപ്തകുടുംബാംഗങ്ങൾ*


**സ്നേഹസ്മരണയ്ക്ക്**

**02 – ാം ചരമവാർഷികം**
**12- 05 -2021**



**ചിന്നമ്മ ഉതുപ്പാൻ**

**23 – ാം ചരമവാർഷികം**
**19- 03 -2021**



**ഏശാവ് ഉതുപ്പാൻ**

**വലിയപറമ്പിൽ, വെളിയനാട്**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*
*സന്തപ്തകുടുംബാംഗങ്ങൾ*


**08 – ാം ചരമവാർഷികം**
**20 - 05 - 2021**



**M.P. Kuriakose**
(Rtd. Teacher)
**Mettunkal, Pulloopuram**
**Ranni**

*സന്തപ്തകുടുംബാംഗങ്ങൾ*

**02 – ാം ചരമവാർഷികം**
**29 - 04 - 2021**




**ഇട്ടി ഏബ്രഹാം**
**തുരുത്തിക്കോണത്ത്**
**വള്ളംകുളം, തിരുവല്ല**

*സ്നേഹിച്ചു കൊതിതീരും മുമ്പേ ഞങ്ങളിൽ നിന്ന്*
*വേർപെട്ടുപോയ ഞങ്ങളുടെ അപ്പന്*
*സന്തപ്തകുടുംബാംഗങ്ങൾ*

**16 – ാം ചരമവാർഷികം**
**03- 06 - 2021**

**04 – ാം ചരമവാർഷികം**
**26- 05 - 2021**





**കെ.പി.കുറിയാക്കോസ്**


**അച്ചാമ്മ**
**കുറിയാക്കോസ്**

**(ഈശ്വരൻപറമ്പിൽ) കാട്ടുപറമ്പിൽ**
**കുറിച്ചി**

*സന്തപ്തകുടുംബാംഗങ്ങൾ*

**19 – ാം ചരമവാർഷികം**
**02- 05 - 2021**

**06 – ാം ചരമവാർഷികം**
**23- 05 - 2021**





**ഈശ്വരൻപറമ്പിൽ**
**അച്ചൻ**
**കുറിച്ചി**

**റീവ് മാത്യു**
**ഒറ്റപ്ലാമൂട്ടിൽ**
**ചിക്കാഗോ, യുഎസ്.എ.**

“കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്തകുടുംബാംഗങ്ങൾ*

18 – ാം ചരമവാർഷികം
26- 05- 2021

16 – ാം ചരമവാർഷികം
21- 07- 2021




**വി.കെ. മത്തായി** **മേരിക്കുട്ടി മത്തായി**

**വെച്ചൂപ്പറമ്പിൽ**
**വാകത്താനം**

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ
*സന്തപ്തകുടുംബാംഗങ്ങൾ*

13 – ാം ചരമവാർഷികം
5- 6- 2021

05 – ാം ചരമവാർഷികം
24- 5- 2021





**റ്റി. സി. ഇട്ടിയവര (ജോയി)** **ശോശാമ്മ ജോയി**

**തൈക്കുറിഞ്ഞിയിൽ തോപ്പിൽ**
**തിരുവൻവണ്ടൂർ**

*നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ*
*സന്തപ്തകുടുംബാംഗങ്ങൾ*

4 – ാം ചരമവാർഷികം
31 - 05 - 2021



**രാജു ഏബ്രഹാം**
**ചരിവുകാലായിൽ**
**റാന്നി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

04 – ാം ചരമവാർഷികം
15 - 05 - 2021




**ലൈസി സണ്ണി**
**ആലുംമൂട്ടിൽ കണ്ടത്തിൽ**
**വെസ്റ്റ് ഓതറ, തൈമറവുംകര**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*
സന്തപ്ത കുടുംബാംഗങ്ങൾ

## 4th Death Anniversary

**03 - 05 - 2021**



**K.A. Thomas**
**Kuzhiparampil Jose Villa**
**Manjadi, Thiruvalla**
**By Sorrowing Family**

03 –ാം ചരമവാർഷികം **27- 06 -2021**

11 –ാം ചരമവാർഷികം **24- 05 -2021**





**E.O. Punnoose & Achamma Punnoose**
**(George)**
**Elampallil**
**Thiruvanvandoor**


മാമോദീസയെനികോർത്താൽ, മുങ്ങാത്തൊരു നൌ-ക,
നാഥാ! നിൻ കൃപ കാണണമേ-ഞാനുത്ഥാനത്തിൽ


*സന്തപ്തകുടുംബാംഗങ്ങൾ*

50 –ാം ചരമവാർഷികം **28- 05 -2021**

22 –ാം ചരമവാർഷികം **25- 12 -2021**

03 –ാം ചരമവാർഷികം **26- 05 -2021**







**സ്ക്കറിയ പീലിപ്പോസ്**


**പീലിപ്പോസ് സ്ക്കറിയ**
(പാപ്പച്ചൻ)

**അന്നമ്മ പീലിപ്പോസ്**

**വരാച്ചേരിയിലായ പുത്തൻപറമ്പിൽ**
**ചിങ്ങവനം**

*സന്തപ്തകുടുംബാംഗങ്ങൾ*

**12 – ാം ചരമവാർഷികം**
**30- 04- 2021**




## ബെന്നി പി.സി.

**പടിയറമലയിൽ**
**കോഴിമല,**

*"കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*
സന്തപ്ത കുടുംബാംഗങ്ങൾ

**16 – ാം ചരമവാർഷികം**
**22- 05- 2021**



## എം. റ്റി. ജോസഫ് (ബേബി)


**മണിമലേത്ത്, വെച്ചൂച്ചിറ**

*"കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*
സന്തപ്ത കുടുംബാംഗങ്ങൾ

**08 – ാം ചരമവാർഷികം**
**29- 05- 2021**

**17 – ാം ചരമവാർഷികം**
**15- 07- 2021**





**പെണ്ണമ്മ തോമസ്** **ഷാജി തോമസ്**

**തേക്കുംമൂട്ടിൽ**
**കറ്റോട്**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*
സന്തപ്ത കുടുംബാംഗങ്ങൾ

**6 – ാം ചരമവാർഷികം**
**22- 05- 2021**



## പി. കെ. ഏബ്രഹാം (കുഞ്ഞുമോൻ)

**പടിഞ്ഞാറെമുറിയിൽ (കുര്യൻ മെഡിക്കൽസ്)**

**ഐത്തല, റാന്നി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*


**03 – ാം ചരമവാർഷികം**
**31 - 05 - 2021**



## അമ്മിണി മാമ്മൻ
**കുറ്റിക്കാട്ടിൽ**
**മഴുക്കീർ**

*കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ*
*നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ*
സന്തപ്ത കുടുംബാംഗങ്ങൾ


**14 – ാം ചരമവാർഷികം**
**03- 06- 2021**



## മാത്തുകുട്ടി
**തേക്കുംമൂട്ടിൽ, വള്ളംകുളം**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**35 – ാം ചരമവാർഷികം**
**31- 05 - 2021**



**എ. കെ. ഏബ്രഹാം (Pony)**
**ആറൊന്നിൽ, റാന്നി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**16 – ാം ചരമവാർഷികം**
**04 - 06- 2021**



## കുര്യൻ ജോസഫ് (ജയൻ)
**മാമ്മൂട്ടിൽ, കുറ്റൂർ**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**03 –ാം ചരമവാർഷികം**
**16- 05 - 2021**



**മറിയാമ്മ ഏബ്രഹാം**
**പടിപ്പുരയ്ക്കൽ**
**കല്ലിശ്ശേരി**

*സന്തപ്ത കുടുംബാംഗങ്ങൾ*


**11 –ാം ചരമവാർഷികം**
**08 - 05- 2021**



**കെ. കെ. പുന്നൂസ്** (തമ്പി)
**കീഴാത്ര, മഴുക്കീർ**
**കല്ലിശ്ശേരി**

*സന്തപ്ത കുടുംബാംഗങ്ങൾ*

**11 –ാം ചരമവാർഷികം**
**05 - 05- 2021**



**കെ. ഐ. ഏബ്രഹാം**
**കാട്ടുവേലിൽ**
**കല്ലിശ്ശേരി, മഴുക്കീർ**

*സന്തപ്ത കുടുംബാംഗങ്ങൾ*


**19 –ാം ചരമവാർഷികം**
**12 - 05 - 2021**



**സാലമ്മ ചാണ്ടി**
**W/O റ്റി. റ്റി. ചാണ്ടി**
**തുണ്ടിയിൽ, കറ്റോട്**

*സന്തപ്ത കുടുംബാംഗങ്ങൾ*

**17 –ാം ചരമവാർഷികം**
**07 - 05 - 2021**



**T.I. Elias**
**Thuruthel House**
**Thymaravumkara**
**Thiruvalla**
**Sorrowing family**


**02 –ാം ചരമവാർഷികം**
**23 - 05- 2021**



**സി. കുഞ്ഞമ്മ**
**മണ്ണിച്ചേരിൽ**
**നീലംപേരൂർ**

*സന്തപ്ത കുടുംബാംഗങ്ങൾ*


**19 –ാം ചരമവാർഷികം**
**26- 05- 2021**



**പി. കെ. കുര്യൻ**
**പാടകശ്ശേരിൽ**
**കുറിച്ചി**

*സന്തപ്ത കുടുംബാംഗങ്ങൾ*

**06 –ാം ചരമവാർഷികം**
**15- 05- 2021**



**കെ. സി. ജേക്കബ്**
**കൊല്ലംപറമ്പിൽ**
**കുഴിമറ്റം**

*സന്തപ്ത കുടുംബാംഗങ്ങൾ*


**29 –ാം ചരമവാർഷികം**
**14- 05- 2021**



**മറിയാമ്മ മാത്യു**
**പാലക്കുടിയിൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

**11 –ാം ചരമവാർഷികം**
**02 - 05 - 2021**



**കുര്യൻ കുറിയാക്കോസ്**
(കുഞ്ഞുമോൻ)
**കൈതാരത്ത്, ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

## ശുഭചിന്തകൾ

**എന്തിന്റെയും യഥാർത്ഥ വില നാം തിരിച്ചറിയുക രണ്ട് അവസരങ്ങളിലാണ്– ഒന്നുകിൽ അത് ലഭിക്കുന്നതിന് മുമ്പ്, അല്ലെങ്കിൽ നഷ്ടപ്പെട്ടതിന് ശേഷം. കൈവശം ഉള്ളപ്പോൾ തന്നെ നമുക്ക് അതിന്റെ വിലയറിഞ്ഞു പ്രവർത്തിക്കാം– ബന്ധങ്ങൾ ആയാലും സ്നേഹം ആയാലും വസ്തുക്കൾ ആയാലും.**

# 2 – ാം ചരമവാർഷികം

29 – 05 – 2021



# എം. യു. ചാക്കോ

## മൂഴിപ്പാറ, കുഴിമറ്റം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*Inserted by*

| | | |
|---|---|---|
| ഭാര്യ | : | സൂസി ചാക്കോ |
| മക്കൾ | : | ജൂലി, കൊച്ചുമോൻ, ജിലു |
| മരുമക്കൾ | : | ഷിജു, സുമി, റ്റിനോ |
| കൊച്ചുമക്കൾ | : | രഹനാ, ജോസുകുട്ടി, ജേക്കബ്, സൂസൻ, ആൻലിയ, നോഹിൻ, നോവിയ |

Advt -0

Registered No. KL/CHC/29/2021-23
Published on 15 May 2021

**KNANAYA DEEPAM**
**Chingavanam**

RNI No. KERBIL/2006/19210
Vol. 32, Issue: 5 ` 15

## First Death Anniversary
## 24-May-2021



# ELIAS P. JOSEPH

Palakudyil, Bangalore

31.08.1938 – 24.05.2020

*Treasured in our hearts you'll stay, until we meet again someday.*

**Deeply missed by Family & Friends**

Advt -0

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**